2024 MAY
VOL 23
ISSUE 5
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## അവരുടെ വഴി അവർതന്നെ തെരഞ്ഞെടുക്കട്ടെ...

സിജു അബ്രഹാം

JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org





GOD HATES HANDS THAT SHED INNOCENT BLOOD

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ലോകത്താകമാനം പ്രതിവർഷം 7 കോടി 30 ലക്ഷം നിഷകളങ്കരായ കുഞ്ഞുങ്ങളെയാണ് അമ്മമാരുടെ ഉദരത്തിൽവച്ച് നിർദാക്ഷിണ്യം കൊന്നുതള്ളുന്നത്. ഇന്ത്യയിൽ ഇപ്പോൾ ക്ലിനിക്കൽ അബോർഷൻ ഗണ്യമായി കുറഞ്ഞിട്ടുണ്ടെങ്കിലും അമ്മമാർ ഗുളികകൾ കഴിച്ചുകൊണ്ടു നടത്തുന്ന ഗർഭസ്ഥ ശിശുഹത്യ കണക്കുകളില്ലാതെ തുടരുകയാണ്.

അബോർഷൻ ചെയ്യരുത്. ജീവൻ സംരക്ഷിക്കണം. ***"നിഷ്കളങ്കമായ രക്തം ചൊരിയുന്ന കൈ ദൈവം വെറുക്കന്നു"*** *(സുഭാ 6,17).*

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# ദൈവമേ നീ മാത്രം തുണ

അമ്മൂമ്മയെ പിരിയണമല്ലോ എന്ന സങ്കടത്തോടെയാണ് മിഷേൽ അയർലണ്ടിൽ പഠിക്കുവാൻ തയ്യാറെടുക്കുന്നത്. വർഷങ്ങളായി വയ്യാതെ കിടക്കുന്ന അമ്മൂമ്മയെ അവളാണ് പരിചരിച്ചു വരുന്നത്. ലോണെടുത്തും കൈയിലുള്ളതെല്ലാം സംഭരിച്ചുമാണ് അമ്മ അവളെ വിദേശത്തേക്ക് വിടുന്നത്. യാത്ര പറയാൻ ചെന്നപ്പോൾ അമ്മൂമ്മ അവളെ അനുഗ്രഹിച്ചു പറഞ്ഞു: "എന്റെ മോൾക്ക് ഈശോ എപ്പോഴും തുണയായുണ്ടാകും."

ഭാഷയുടെ അപരിചിതത്വവും കാലാവസ്ഥയുടെ ബുദ്ധിമുട്ടും സഹിച്ചാണ് പഠനത്തോടൊപ്പം ഒരു സൂപ്പർമാർക്കറ്റിൽ അവൾ ജോലിക്ക് പോയത്. ക്യാഷ് കൗണ്ടറിൽ ജോലി ചെയ്യുന്ന സമയത്ത് ഒരു ദിവസം ഒരു കസ്റ്റമർ മറ്റു ജോലികൾ അന്വേഷിക്കുന്നുണ്ടോ എന്നവളോട് ചോദിച്ചു. ഉണ്ടെന്നവൾ പറഞ്ഞപ്പോൾ വിസിറ്റിംഗ് കാർഡ് നൽകി അയാൾ പറഞ്ഞു: ഈ കമ്പനിയിൽ അന്വേഷിക്കുകയെന്ന്. കാർഡ് കണ്ടപ്പോൾ അവൾക്ക് നിരാശയായി. അയർലണ്ടിലെ വലിയ ഒരു കമ്പനിയുടെ കാർഡാണത്. കസ്റ്റമർ വെറുതെ നൽകിയതാവും എന്ന് കരുതി അവൾ ഇന്റർവ്യൂവിന് പോയില്ല. രണ്ടാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും ആ കസ്റ്റമർ വന്നു. എന്തുകൊണ്ട് ഇന്റർവ്യൂവിന് പോയില്ലയെന്ന് ചോദിച്ചപ്പോൾ, അവധി കിട്ടിയില്ലെന്നു കള്ളം പറയുകയും അടുത്ത തിങ്കളാഴ്ച പോകാമെന്ന് പറയുകയും ചെയ്തു. പ്രതീക്ഷയില്ലാതെയാണ് തിങ്കളാഴ്ച മിഷേൽ ഇന്റർവ്യൂവിന് പോയത്. പല സെക്യൂരിറ്റി ചെക്കുകൾക്കും ശേഷം ഇന്റർവ്യൂ ബോർഡിന്റെ മുന്നിലെത്തി. ഇന്റർവ്യൂവിന് ശേഷം അവർ ചെയർമാനെ കാണാൻ അവളോട് ആവശ്യപ്പെട്ടു. ജീവനക്കാർ വന്ന് അവളെ ചെയർമാന്റെ ക്യാബിനിലേക്ക് കൊണ്ടുപോയി. ചെയർമാനെ കണ്ടപ്പോൾ അവൾക്ക് അത്ഭുതമായി. തനിക്ക് വിസിറ്റിംഗ് കാർഡ് തന്ന കസ്റ്റമറാണ് അവിടെയിരിക്കുന്നത്. അയാൾ പറഞ്ഞു: "മിഷേൽ, ഞാൻ നിന്നെ പലപ്പോഴും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പ്രായമായവരെയും കുഞ്ഞുങ്ങളെയും നീ ശ്രദ്ധിക്കുന്ന രീതി എന്നെ ആകർഷിച്ചു. ഇങ്ങനെയുള്ള വ്യക്തികളെയാണ് ഈ സ്ഥാപനത്തിനു വേണ്ടത്."

ക്രിസ്തു തന്റെ തീൻമേശയിൽ ഒരുക്കി വച്ചിരിക്കുന്നതെല്ലാം സന്തോഷത്തോടെ സ്വീകരിക്കുക. അതിൽ കയ്പ്പുള്ളതും ചവർപ്പുള്ളതും മധുരമുള്ളതും ഉണ്ടാകും. എല്ലാം അവൻ നമ്മുടെ നന്മയ്ക്കായാണ് ഒരുക്കിയിട്ടുള്ളത്. ബോബിയച്ചന്റെ ഈ വാക്കുകൾ ഏറെ അർഥവത്തായി തോന്നിയിട്ടുണ്ട്. ഓരോ അവസരങ്ങളും വിനിയോഗിക്കുക.

പണവും മെച്ചപ്പെട്ട ജീവിത സൗകര്യവും തേടിപ്പോകുന്ന പ്രവാസികൾ, ഉള്ളിൽ കെടാതെ സൂക്ഷിക്കേണ്ടത് ചില മൂല്യങ്ങളാണ്. അതു രൂപപ്പെടാൻ ലഭിക്കുന്ന അവസരങ്ങൾ നിഷേധിക്കാതിരിക്കുക. പ്രവാസകാലത്ത് ലഭിച്ച സുഖസൗകര്യവും അധികാരവും എല്ലാം, താൻ വിശ്വസിക്കുന്ന ദൈവത്തിനു വേണ്ടി ത്യജിക്കാൻ തയ്യാറായ വ്യക്തിയാണ് ദാനിയേൽ പ്രവാചകൻ. എന്നാൽ, അദ്ദേഹത്തിന് ഒന്നും നഷ്ടപ്പെട്ടില്ലായെന്ന് മാത്രമല്ല അവന്റെ അധികാരങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുകയും ചെയ്തു. അവൻ വിശ്വസിക്കുന്ന ദൈവത്തെ എല്ലാവരും പ്രശംസിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തു എന്ന് ബൈബിൾ അടിവരയിടുന്നു.

പള്ളിവാതുക്കലച്ചനെ കാണാൻ പോയാൽ എല്ലാവരോടും അച്ചൻ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, നിങ്ങൾ എത്ര പേരാണ് വന്നിരിക്കുന്നതെന്ന്. വന്നവരുടെ എണ്ണം പറഞ്ഞാൽ അച്ചൻ സ്നേഹത്തോടെ നുള്ളി കൊണ്ട് പറയും, അപ്പോ ഈശോ വന്നില്ലേയെന്ന്.

കൂടെ നടക്കുന്ന ദൈവത്തെ തിരിച്ചറിയാൻ നമുക്ക് ശ്രമിക്കാം. കൂടെ നടക്കുന്ന ദൈവത്തിന്റെ പേരാണ് പരിശുദ്ധാത്മാവ്. അവൻ സഹായകനാണ്, കൂട്ടുകാരനാണ്, വഴി നടത്തുന്നവനാണ്. ഏത് പ്രവാസത്തിലും അവൻ തുണയാകട്ടെ.



എഡിറ്റർ–ഇൻ–ചീഫ്

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam

കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com    Cover image by: drobotdean on Freepik

contents




06
10
12
15
16
18
22

**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  62382 79115
kairosmag@jykairosmedia.org

# letters

ഞാൻ സെമിനാരിയിൽ പഠിക്കുന്ന കാലം മുതലേ കെയ്റോസ് മാസികയിലൂടെ ജീസസ് യൂത്തിനെ പരിചയപ്പെടുകയും അടുത്തറിയാൻ ശ്രമിക്കുകയും ചെയ്യുന്ന ആളാണ്. മിഷനെക്കുറിച്ചും അജപാലനത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചുമുള്ള ജീസസ് യൂത്ത് ചെറുപ്പക്കാരുടെ പങ്കുവയ്ക്കലുകളും മാസികയിലൂടെ എനിക്ക് ഒരുപാട് കിട്ടിയിട്ടുണ്ട്. വളരെ സന്തോഷമുണ്ട്.

മാസികയുടെ ഓരോ ലക്കവും ഒന്നിനൊന്ന് മെച്ചമുള്ളതും പുതിയ തലമുറയിലെ ചെറുപ്പക്കാർക്ക് പ്രായോഗികമായി ഈശോയെ പകർന്ന് നൽകുന്ന രീതിയിലും പ്രഘോഷിക്കാൻ പറ്റുന്ന രീതിയിലും മാസിക അണിയിച്ചൊരുക്കുകയും ചെയ്തിട്ടുണ്ട്. ധാരാളം സമർപ്പിതരെ സഭയ്ക്ക് നൽകിയിട്ടുള്ള ജീസസ് യൂത്തിന്റെ ഈ മാഗസിൻ ഇനിയും ഒരുപാട് വളരട്ടെയെന്നും ദൈവാനുഭവങ്ങളുടെ വലിയൊരു വിളനിലമാകാനും കഴിയട്ടെയെന്നും പ്രാർഥിക്കുന്നു.

ഫാ. സേവ്യർ മാന്തറ, ഷംസാബാദ് രൂപത

26 34 24 32 38




വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
വാർത്താ വിചാരം
സ്മാർട്ട് കിഡ്സ്
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും

പാഥേയം – ശശി ഇമ്മാനുവേൽ

# മഞ്ഞുമ
# പറയാതെ



**ചലച്ചിത്രാസ്വാദനത്തിന്റെ രസച്ചരടുകളിലൂടെ സൗഹൃദത്തിന്റെയും ദൈവസ്നേഹത്തിന്റെയും ആഴങ്ങളിലേക്ക് നയിക്കുന്ന ഒരു ചിന്താശകലം..**

# മൽ ബോയ്സ്
# ത പറഞ്ഞത് !

ഇതുവരെ ആരും ഇറങ്ങാൻ ധൈര്യപ്പെടാത്ത ഗർത്തത്തിലേക്ക് താഴ്ന്നിറങ്ങി തന്റെ സ്നേഹി തനെ മരണത്തിന്റെ നിഴൽ വീണ അഗാധത യിൽ നിന്നും പൊക്കി കൊണ്ടുവരുന്ന 'സിജു ഡേവിഡ്'എന്ന 22 വയസ് മാത്രം പ്രായമുള്ള ചെറുപ്പക്കാരനിൽ എവിടെയോ ഒരു ക്രിസ്തുവിന്റെ സാദൃശ്യം നമുക്ക് അനുഭവപ്പെട്ടാൽ അത് കേവല യാദൃച്ഛിക തയാവാൻ വഴിയില്ല.

"ഇതാണ് എന്റെ കൽപന: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കു വേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ 15,12-13).

'കുറച്ചു വർഷങ്ങൾക്കപ്പുറത്താണ്, കുറച്ച് സുഹൃത്തുക്കൾ ഒരുമിച്ച് ഒരു വിനോദയാത്ര പോകുന്നത്. ചോരത്തിളപ്പിന്റെയും, ആവേശത്തിന്റെയും ആ പ്രായത്തിൽ ആടിപ്പാടി അവർ കൊടൈക്കനാലിലെത്തുന്നു. സന്തോഷം വാനോളമുയർന്ന ആ ഉല്ലാസയാത്രക്കിടയിൽ എപ്പോഴോ അവരിലൊരാൾ ആരും തിരിച്ചു വരാത്ത അഗാധമായ ഗർത്തത്തിലേക്ക് കാലുതെറ്റി നിലംപതിക്കുന്നു. ഔദ്യോഗിക കണക്കനുസരിച്ച് താഴെ വീണ പതിമൂന്ന് പേരുടെ അസ്ഥി പോലും കിട്ടാത്ത ഡെവിൾസ് കിച്ചൻ എന്ന അപരനാമമുള്ള സമുദ്രനിരപ്പിൽ നിന്ന് 2,200 അടിയോളം ഉയരമുള്ള ഒരു ഗുഹാമുഖത്ത് ഇനി എന്തു ചെയ്യണമെന്നറിയാതെ നിസ്സഹായരായി അവർ നിൽക്കുന്നു. സുഹൃത്തിനെ ഇനി തിരിച്ചു കിട്ടില്ലെന്നും കൂടുതൽ പ്രശ്നങ്ങളുണ്ടാകും മുമ്പ് എത്രയും പെട്ടെന്ന്, അവിടെ നിന്ന് രക്ഷപ്പെടാനാണ് അവരോട് ആദ്യം അവിടെയുള്ള ചിലർ ഉപദേശിക്കുന്നത്.

കനത്ത മഴയും, പ്രതികൂലമായ സാഹചര്യങ്ങളും, സഹായം കിട്ടുമെന്ന് സ്വഭാവികമായും പ്രതീക്ഷിക്കാവുന്ന അധികാരികളുടെ ഭാഗത്ത് നിന്ന് നിരുത്തരവാദിത്വരഹിതവും, ക്രൂരവുമായ പെരുമാറ്റങ്ങൾ. ഒടുവിൽ മനസ്സില്ലാ മനസ്സോടെയുള്ള രക്ഷാപ്രവർത്തനങ്ങൾ. അവർക്കു മുൻപിൽ ഒരു എളുപ്പ മാർഗമുണ്ടായിരുന്നു. നഷ്ടപ്പെട്ടുപോയവനെ മറക്കുക, മരണത്തിന് ഏൽപിച്ചു കൊടുത്തു തിരിച്ച് സ്വന്തം സുരക്ഷിതത്വത്തിലേക്ക് മടങ്ങുക. അതു തന്നെയാണ് എല്ലാവരും അവരോട് പറഞ്ഞുകൊണ്ടിരിക്കുന്നതും. പക്ഷേ, അപകടത്തിൽപ്പെട്ട തങ്ങളുടെ സുഹൃത്തിനെ ഉപേക്ഷിച്ച് തിരിച്ചു പോകാൻ അവർക്കാകുമായിരുന്നില്ല. അത്രയും പ്രിയപ്പെട്ടവനായിരുന്ന ചങ്ങാതിയെ പിശാചിന്റെ അടുക്കളക്കകത്ത് നിന്ന് വീണ്ടെടുത്ത് രക്ഷിക്കാൻ കൂട്ടത്തിലൊരാൾ സ്വന്തം ജീവൻ പണയപ്പെടുത്തി മരണം പതിയിരിക്കുന്ന ആ തണുത്ത ഗുഹക്കകത്തെ ഇരുട്ടിലൂടെ താഴോട്ടിറങ്ങുന്നു. ഒരു കൂടപ്പിറപ്പ് പോലും ചെയ്യാൻ തയ്യാറാകാത്ത ഒരു പ്രവൃത്തി. "മിത്രം എപ്പോഴും മിത്രം തന്നെ; ആപത്തിൽ പങ്കുചേരാൻ ജനിച്ചവനാണു സഹോദരൻ" (സുഭാ 17,17). ഈ തിരുവെഴുത്ത് അന്വർഥമാവുകയായിരുന്നു.

വീഴ്ചയിൽ തളർന്നു പോയ അർധ പ്രാണനായ സുഹൃത്തിനെ തന്റെ ദേഹത്തോട് വരിഞ്ഞു കെട്ടിയും ഇടയ്ക്ക് താങ്ങിയെടുത്തുമൊക്കെ മുകളിലേക്ക് അതിസാഹസികമായി എത്തിക്കുന്ന സിനിമാരംഗങ്ങൾ ശ്വാസമടക്കിപ്പിടിച്ചാണ് ആളുകൾ തിയറ്ററിൽ കാണുന്നത്. പറഞ്ഞു വരുന്നത് 'മഞ്ഞുമ്മൽ ബോയ്സ്" എന്ന സിനിമയെക്കുറിച്ചാണ്. സ്ക്രീനിൽ വിസ്മയങ്ങൾ തീർത്ത ഈ സിനിമ എക്കാലത്തേയും മികച്ച പണം വാരി ചിത്രമായി മാറി ബോക്സ് ഓഫീസ് റെക്കോഡുകൾ കീഴടക്കി മുന്നേറുകയാണ്. യഥാർഥ ജീവിതത്തിൽ 2006 സെപ്റ്റംബറിൽ നടന്ന ഈ ദുരന്ത സംഭവത്തിൽ അഗാധമായ ഗർത്തത്തിൽ വീണത് സുഭാഷ് എന്ന 19 കാരനായിരുന്നു, രക്ഷകനാവുന്നത് കുട്ടേട്ടൻ എന്ന് കൂട്ടകാർ വിളിക്കുന്ന സിജു ഡേവിഡ് എന്ന ആ 22 കാരനുമായിരുന്നു.

## ക്രിസ്തുവിന്റെ പരിമളം

അസ്സീസിയിലെ തെരുവിലൂടെ ആർക്കും വേണ്ടാത്തവനായി അലഞ്ഞു നടക്കുന്ന ഒരു കുഷ്ഠരോഗി ചെന്നുപെട്ടത് വിശുദ്ധ ഫ്രാൻസിസിന്റെ മുമ്പിലായിരുന്നു. ദൈവസ്നേഹം മാത്രം നിറഞ്ഞിരുന്ന, തിരഞ്ഞിരുന്ന ഫ്രാൻസിസ് മറ്റൊന്നും ചിന്തിക്കാതെ സഹോദരാ എന്നു വിളിച്ച് അയാളെ ചുംബിക്കുന്നു. അൽപ സമയം കഴിഞ്ഞിട്ടും കരച്ചിലടക്കാനാവാത്ത ആ കുഷ്ഠരോഗിയോട് 'എന്തിനാണ് കരച്ചിൽ?' എന്ന സ്നേഹിതന്റെ ചോദ്യത്തിന് ആ ചുംബിച്ചിട്ട് കടന്നു പോയ ചെറുപ്പക്കാരന് ക്രിസ്തുവിന്റെ സുഗന്ധം എന്നായിരുന്നത്രേ മറുപടി.

ഇനി സിജു ഡേവിഡ് എന്ന 'രക്ഷകനിലേക്ക്" വന്നാൽ, സിനിമയ്ക്ക് അപ്പുറത്ത് ഈ ചെറുപ്പക്കാരൻ സാമൂഹ്യ മാധ്യമങ്ങളിലും വിവിധ ചാനലുകളിലുമൊക്കെ സംസാരിക്കുമ്പോൾ അയാളുടെ ഓരോ വാക്കിലും, പ്രവൃത്തിയിലും വലിയ വിനയത്തിന്റെയും അഹന്തയില്ലായ്മയുടെയും ഒരു ആത്മീയത നമുക്ക് വായിച്ചെടുക്കാനാവും. താനെന്തോ മഹത്തായ കാര്യം ചെയ്തു എന്ന് അയാൾ അവകാശപ്പെടുന്നേയില്ല. 'സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന ക്രിസ്തുവചനം അയാൾ ജീവിക്കുകയായിരുന്നു എന്ന് നമുക്ക് വായിച്ചെടുക്കാനാവും ആ മുഖത്തെ നിസ്സംഗതയിൽ നിന്ന്. ഇതു വെറും ഭംഗി വാക്കല്ല (തള്ളി മറിക്കലുമല്ല) പ്രശസ്ത മാധ്യമ പ്രവർത്തകനായ ശ്രീകണ്ഠൻ നായർ തന്റെ ചാനലിൽ ഈ അനുഭവങ്ങൾ പങ്കുവയ്ക്കാൻ ആവശ്യപ്പെടുമ്പോൾ, ആ സമയത്ത് ഒരു ദൈവികമായ ബലം തനിക്ക് ലഭിച്ചുകൊണ്ടിരുന്നു എന്നും, താൻ

അടിയുറച്ച ദൈവ വിശ്വാസിയാണെന്നും സിജു ഒട്ടും മടിക്കാതെ പറയുന്നുമുണ്ട്.

ഒട്ടും അഹന്തയില്ലാത്ത സിജു ഡേവിഡ് എന്ന ചെറുപ്പക്കാരനും, അയാൾക്ക് 'കട്ട സപ്പോർട്ടുമായി' നിന്ന അദ്ദേഹത്തിന്റെ കൂട്ടുകാരും ഈ കെട്ട കാലത്തെ ഒരു ഉണർത്തുപാട്ടാവുകയാണ്.

സ്വാർഥതയുടെ ഡെവിൾസ് കിച്ചണിൽ വേവിക്കപ്പെടുന്നത് ഭുജിക്കുന്ന, ഡിജിറ്റൽ ലോകത്തെ അഗാധഗർത്തങ്ങളിൽപ്പെട്ട് ഒന്ന് തലയുയർത്തിപ്പോലും അപരനെ നോക്കാനാവാത്ത വിധം 'അവനവനിസ'ത്തിൽ പെട്ടു പോയ നമുക്ക് ഒന്ന് പശ്ചാത്തപിക്കാനുള്ള അവസരമാവുകയാണ് ഇവരുടെ കൂട്ടുകാരനു വേണ്ടിയുള്ള കരുതൽ.

## ക്രിസ്തു ഇറങ്ങിവന്ന് വീണ്ടെടുത്ത നമ്മൾ

"പർവതങ്ങൾ വേരുപാകിയിരിക്കുന്ന സമുദ്രത്തിന്റെ അടിത്തട്ടിലേക്കു ഞാൻ ഇറങ്ങിച്ചെന്നു. അതിന്റെ ഓടാമ്പലുകൾ എന്നെ എന്നേക്കുമായി അടച്ചുപൂട്ടി. എങ്കിലും എന്റെ ദൈവമായ കർത്താവേ, അങ്ങ് എന്റെ ജീവനെ പാതാളത്തിൽ നിന്നു പൊക്കിയെടുത്തു" (യോനാ 2,6). യോനായുടെ ജീവനെ പാതാളത്തിൽ നിന്ന് പൊക്കിയെടുത്തതു പോലെ തന്നെയാണ് അവിടന്ന് നമ്മെയും ചില പാപത്തിന്റെ അഗാധ ഗർത്തങ്ങളിൽ നിന്ന് കരം നീട്ടി പൊക്കിയെടുത്തത്. ശരിക്കും ആർക്കും രക്ഷിക്കാനാവാത്ത സാത്താന്റെ അടുക്കളയിൽ അകപ്പെട്ടവരായിരുന്നു നമ്മൾ. അവൻ ഇറങ്ങി വന്നു, ഒരാളെ രക്ഷിക്കാനല്ല അനേകരെ രക്ഷിക്കാൻ. വി.പൗലോസിന്റെ വാക്കുകൾ നോക്കാം:

> അൽപസമയം കഴിഞ്ഞിട്ടും കരച്ചിലടക്കാനാവാത്ത ആ കുഷ്ഠരോഗിയോട് 'എന്തിനാണ് കരച്ചിൽ?' എന്ന സ്നേഹിതന്റെ ചോദ്യത്തിന് ആ ചുംബിച്ചിട്ട് കടന്നു പോയ ചെറുപ്പക്കാരന് ക്രിസ്തുവിന്റെ സുഗന്ധം എന്നായിരുന്നത്രേ മറുപടി.

"അതിനാൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: അവൻ ഉന്നതങ്ങളിലേക്ക് ആരോഹണം ചെയ്തപ്പോൾ അസംഖ്യം തടവുകാരെ കൂടെക്കൊണ്ടുപോയി. മനുഷ്യർക്ക് അവൻ ദാനങ്ങൾ നൽകി. അവൻ ആരോഹണം ചെയ്തുവെന്നതിന്റെ അർഥം എന്താണ് ? അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്ക് ഇറങ്ങിയെന്നുകൂടിയല്ലേ? ഇറങ്ങിയവൻ തന്നെയാണ്, എല്ലാ വസ്തുക്കളെയും പൂരിതമാക്കാൻ വേണ്ടി എല്ലാ സ്വർഗങ്ങൾക്കുമുപരി ആരോഹണംചെയ്തവനും" (എഫേ 4,8 –10).

ചേർത്ത് വായിക്കാവുന്ന ഒരു ഗാനമുണ്ട് നമ്മുടെ 'സിങ്ങ് ഹല്ലേലൂയ' പുസ്തകത്തിൽ:

Lord, I lift Your name on high.
Lord, I love to sing Your praises.
I'm so glad You're in my life;
I'm so glad You came to save us.
You came from Heaven to earth
To show the way.
From the Earth to the cross,
My debt to pay.
From the cross to the grave,
From the grave to the sky;
Lord, I lift Your name on high.

ഈ വരികളിൽ എല്ലാമുണ്ട്. നമ്മെ വീണ്ടെടുക്കുവാനുള്ള യേശുവിന്റെ ആത്മത്യാഗത്തിന്റെ, രക്ഷാപ്രവർത്തനങ്ങളുടെ ഒരു നഖചിത്രം◆

*ശശി ഇമ്മാനുവൽ – തൃശൂർ സ്വദേശി. നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യൂ എഡ്യുക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി. മൂന്നു മക്കൾ*






# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds



ഫ്രം ദി ഹാർട്ട് - ഡോ. എഡ്വേർഡ് എടേഴത്ത്

# എളിയവർക്ക് പ്രത്യേക ശ്രദ്ധ നൽകിയാൽ കൂട്ടായ്മ വളരും

അറിയപ്പെടുന്ന ചിന്തകനും എഴുത്തുകാരനും ഒക്കെ ആയിരുന്നു അടപ്പൂർ അച്ചൻ. പൊതുസമൂഹത്തിൽ വിശ്വാസപരമായ കാര്യങ്ങൾ സംസാരിക്കാൻ എല്ലാവരും അദ്ദേഹത്തെയാണ് വിളിക്കുക. ഏവർക്കും ഏറെ ആദരണീയൻ. അദ്ദേഹത്തെ സന്ദർശിക്കുക ഏറെ നല്ല അനുഭവമായിരുന്നു. കാലിക വിഷയങ്ങളെക്കുറിച്ച് പലപ്പോഴും സംസാരം തുടങ്ങും. സ്വന്തം ആശയം പറയുന്നതിലുപരി നമ്മോട് അദ്ദേഹം അഭിപ്രായം ആരായും, ശ്രദ്ധയോടെ കേൾക്കും. ഏറെ എളിയവരെയും ആദരവോടെ ശ്രവിക്കും. നമ്മുടെ ആശയങ്ങൾക്ക് ഇത്ര വിലയുണ്ടോ എന്ന് ഒരു നിമിഷം നാം ചിന്തിക്കും.

തേയ്സെയിലെ ബ്രദർ റോജറിനൊപ്പം വർഷങ്ങൾക്ക് മുൻപ് ഉണ്ടായ അനുഭവവും ഏതാണ്ട് സമാനമായിരുന്നു. നമ്മുടെ ചിന്തകളും ആശയങ്ങളും ശ്രദ്ധാപൂർവം കേട്ട് വിശദാംശങ്ങൾ ആരായും. പിന്നീട് അത് നമ്മുടെ ചിന്തയാണെന്ന് എടുത്തുപറയുകയും ചെയ്യും. ജോൺ പോൾ രണ്ടാമൻ പാപ്പയെക്കുറിച്ചും ഇതുതന്നെ കേട്ടിട്ടുണ്ട്. അദ്ദേഹം പലരേയും അത്താഴ വിരുന്നിന് ക്ഷണിക്കുകയും, ആ സമയം അവരെ താത്പര്യപൂർവം കേൾക്കുകയും ചെയ്യുമായിരുന്നത്രേ. തീർച്ചയായും സ്നേഹവും കൂട്ടായ്മയും വളരുന്നത് കണ്ണിലൂടെയും കാതിലൂടെയുമാണല്ലോ.

### എന്നാൽ അത്തരം നല്ല മാതൃകകൾ വിരളമല്ലേ?

ഒരു പ്രാർഥനാ ഗ്രൂപ്പിൽ പോയതോർക്കുന്നു. അവിടെ എത്തിയപ്പോൾ വന്നവർ വന്നവർ ജപമാലയിൽ കൂടുന്നു. പിന്നെ പ്രധാന പ്രാർഥന തുടങ്ങി. വചനം, മധ്യസ്ഥപ്രാർഥന ഒക്കെകഴിഞ്ഞ് ചുറ്റുമുള്ളവരോട് ഒരു കുശലം പോലും പറയാതെ മിക്കവരും പിരിഞ്ഞുപോയി. ആ വരവും പോക്കും എല്ലാം എന്നെ വല്ലാതെ അസ്വസ്ഥനാക്കി. അവർ ദൈവത്തിന് സമയം നൽകി, പക്ഷേ ദൈവമക്കളെ അവഗണിച്ചു എന്നാണ് ഞാൻ ഉള്ളിൽ പറഞ്ഞത്. എന്തുപറയാൻ! ഇടവക പള്ളിയിലും മറ്റു ആരാധനാ വേളകളിലും ഒക്കെ അവർ കാണുന്ന മാതൃക വ്യത്യസ്തമല്ല. പരസ്പര സ്നേഹത്തിനും കൂടെ കുറച്ച് സമയം എടുത്തിരുന്നെങ്കിൽ എന്ന് ഒന്നാശിച്ചുപോയി.

### സ്നേഹ കൂട്ടായ്മകളോ പ്രവർത്തന ടീമുകളോ?

മാത്യു അച്ചൻ ഞങ്ങളുടെ ഇടവക വികാരിയായിരിക്കുമ്പോൾ, ഇടവക പാസ്റ്ററൽ കൗൺസിൽ മീറ്റിംഗുകൾ ഏവർക്കും സന്തോഷ വേളകളായിരുന്നു. ആസ്വാദ്യകരമായ കുടുംബ കൂട്ടായ്മകൾ പോലെയായിരുന്നു അവ. എന്നെ സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്നു, എന്റെ ചിന്തകൾ ആരായുന്നു, ഈ അനുഭവം എല്ലാവർക്കും ഉണ്ടാകാൻ അച്ചൻ ശ്രദ്ധിച്ചു. അതിനാൽതന്നെ എല്ലാവരും ഇതിൽ താത്പര്യത്തോടെ പങ്കെടുത്തു. ചിരിയും കളിയും നിറയുന്ന കമന്റുകളും ചെറു ഭക്ഷണവും ഒക്കെയായി ആകെ ഒരു സന്തോഷാനുഭവം.

എന്നാൽ, ഈ വിനോദവും കളിയും ആ ടീമിന്റെ പ്രവർത്തനത്തെ ബാധിച്ചോ? ഒട്ടും ഇല്ല. എല്ലാവരുടെയും ചിന്തകളും നിർദേശങ്ങളും സ്വാഗതം ചെയ്യുന്നതിനാൽ, എല്ലാവർക്കും ആശയങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്താനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ച് നിരവധി നല്ല കാര്യങ്ങൾ ചെയ്തു. ഞങ്ങൾ സ്നേഹിച്ചു, ആസ്വദിച്ചു, ജോലി ചെയ്തു. തത്ഫലമായി ഞങ്ങൾക്ക് ആഴമായ കൂട്ടായ്മയും അനുഭവപ്പെട്ടു.

കുറച്ച് വർഷങ്ങൾക്കുശേഷം, അദ്ദേഹത്തിന് പുതിയ ഇടവകയിലേക്ക് പോകാനുള്ള സമയം വന്നു. ഞങ്ങളുടെ ഇടവക ബുള്ളറ്റിനിൽ അച്ചനെക്കുറിച്ച് ലേഖനം തയ്യാറാക്കാൻ ഞാൻ അഭിമുഖം നടത്തി. അന്ന് അദ്ദേഹം പറഞ്ഞതോർക്കുന്നു, "എല്ലാ ഗ്രൂപ്പിലും എനിക്ക് രണ്ട് സാധ്യതകളുണ്ട്. ഒന്നുകിൽ അവരെ സ്നേഹവും സന്തോഷവുമുള്ള ഒരു കുടുംബമാക്കാം അല്ലെങ്കിൽ ചില ജോലികൾ ചെയ്യാനുള്ള പണിക്കാരുടെ ടീമാക്കാം. എന്റെ പരിശ്രമം എപ്പോഴും ആദ്യത്തേതിനാണ്,

അവരെ ഒരു കുടുംബമാക്കി മാറ്റാൻ ഞാൻ പരമാവധി ശ്രമിക്കുന്നു. ആളുകൾക്ക് അത് ഇഷ്ടമാണെന്ന് മാത്രമല്ല, ആ അനുഭവത്തിലൂടെ ഞാനും അവരും വളരുകയും ചെയ്യും.

ഇത് സുപ്രധാന ക്രൈസ്തവ ദർശനമല്ലേ? രണ്ടുതരം ഗ്രൂപ്പുകളുണ്ട്. ആദ്യത്തേതിൽ, കുടുംബങ്ങളിലും സൗഹൃദ ഗ്രൂപ്പുകളിലും ഉള്ളതുപോലെ ബന്ധങ്ങളിലാണ് പ്രധാന ശ്രദ്ധ. അവിടെ, അധികാരവും ജോലിയും പ്രധാനമല്ല. കൂടുതൽ പ്രതീക്ഷകളില്ലാത്തതിനാൽ അവിടെ നിങ്ങൾക്ക് നിങ്ങളാകാം. ഇതിൽ നിന്ന് വ്യത്യസ്തമായി, ജോലിസ്ഥലത്തോ സംഘടനാവേദികളിലോ കൃത്യമായ അധികാര സ്ഥാനങ്ങളും സംഘാടന ക്രമീകരണങ്ങളും ഉണ്ട്. കാരണം, ചെയ്യേണ്ട ജോലിയാണ് വ്യക്തികളും ബന്ധങ്ങളുമല്ല പ്രധാനം. എന്തെങ്കിലും പ്രവർത്തനങ്ങൾക്കായി നാം അവിടെ പോകുന്നു. വേണ്ടത് ചെയ്തു കഴിഞ്ഞാണ് എന്റെ സ്വസ്ഥമേഖലയിലേക്ക് മടങ്ങുന്നത്. ഇത് ഒരു മാനസിക അവസ്ഥയാണ്. നിർഭാഗ്യവശാൽ ചിലർക്ക് അവരുടെ വീട് പോലും ഒരു 'വീട്" അല്ല എന്നതാണ് ഒരു പ്രശ്നം. ഇപ്പോൾ, നമ്മുടെ ക്രിസ്തീയ ഒത്തുവരവുകൾ സ്നേഹ ഭവനങ്ങളോ അല്ലെങ്കിൽ ജോലി ഇടങ്ങളോ എന്നതാണ് വലിയൊരു ചോദ്യം. യേശുവിന്റെ മാതൃഹൃദയം ഉള്ളവർ വന്നാൽ ജോലിയിടങ്ങൾ പോലും സ്നേഹ ഭവനങ്ങളാകും, മനുഷ്യർ യന്ത്രങ്ങളല്ലാതെ മനുഷ്യരുമാകും.

**നല്ല കുടുംബങ്ങളെ ശ്രദ്ധിച്ചിട്ടുണ്ടോ? അവിടെ എല്ലാം കൊച്ചുകുട്ടികളെ ചുറ്റിപ്പറ്റിയാകും. ദൈവം കുടുംബങ്ങളെ സൃഷ്ടിച്ചത്, കുട്ടികൾ അവരുടെ തനിമ നഷ്ടപ്പെടാതെ വളരാൻ സ്നേഹവും ആദരവും നിറയുന്ന സുരക്ഷിത ഇടങ്ങൾ ഉണ്ടാകാനാണ്.**

## എളിയവരെ ശ്രദ്ധിക്കണം, അവരെ ശ്രവിക്കണം

നല്ല കുടുംബങ്ങളെ ശ്രദ്ധിച്ചിട്ടുണ്ടോ? അവിടെ എല്ലാം കൊച്ചുകുട്ടികളെ ചുറ്റിപ്പറ്റിയാകും. ദൈവം കുടുംബങ്ങളെ സൃഷ്ടിച്ചത്, കുട്ടികൾ അവരുടെ തനിമ നഷ്ടപ്പെടാതെ വളരാൻ സ്നേഹവും ആദരവും നിറയുന്ന സുരക്ഷിത ഇടങ്ങൾ ഉണ്ടാകാനാണ്. യേശുവിനെ സംബന്ധിച്ചിടത്തോളം, എളിയവർ പ്രധാനമാണ്: "ഏറ്റം എളിയ ഈ ഒരുവന് ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" (മത്താ 25,40).

നിങ്ങളുടെ ഗ്രൂപ്പിലെ എളിയവർ ആരൊക്കെയാണ്? ഒരു പുതുമുഖം, അവിടെ എന്തു ചെയ്യണമെന്നോ ആരോട് സംസാരിക്കണമെന്നോ അറിയാതെ പകച്ചു നിൽക്കുന്നയാൾ, അഭിപ്രായം പറയാൻ മടിക്കുന്ന അല്ലെങ്കിൽ പലർക്കും അംഗീകരിക്കാൻ പ്രയാസമുള്ള ചിന്തകൾ പറയുന്ന ഒരാൾ, ലിസ്റ്റ് അങ്ങനെ നീളും. എന്റെ ക്ലാസ്സിൽ, ഒരു പുതിയ വിദ്യാർഥി ഉണ്ടെങ്കിൽ, അല്ലെങ്കിൽ പ്രാർഥന ഗ്രൂപ്പിൽ, ആരെങ്കിലും ആദ്യമായി സന്ദർശിക്കുകയാണെങ്കിൽ, എന്റെ പരിശ്രമമെല്ലാം അയാളെ ഗ്രൂപ്പിന്റെ ഭാഗമാക്കാൻ ആയിരിക്കും. പ്രായോഗികമായി, അത് എങ്ങനെ ചെയ്യും? അവർ അകത്തു വരുമ്പോൾ ചെന്ന് അഭിവാദ്യം ചെയ്യുക. എന്നിട്ട് അവരെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക. മീറ്റിംഗ് സമയത്ത്, അവർ കാര്യങ്ങൾ ഗ്രഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. പാട്ടുകൾ പാടുമ്പോൾ, അവർക്ക് പങ്കുചേരാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. പിരിയുന്നതിന് മുൻപ് എല്ലാം എങ്ങനെ പോയി എന്ന് അന്വേഷിക്കുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ എളിയവനെ രാജാവായി ആദരിക്കുക.

സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, വി. പൗലോസ് ഇത് അടിവരയിടുന്നു, ശരീരത്തിലെ "മാന്യങ്ങളല്ലെന്ന് കരുതുന്ന അവയവങ്ങൾക്ക് നമ്മൾ കൂടുതൽ മാന്യത കല്പിക്കുകയും ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദന അനുഭവിക്കുകയും ചെയ്യുന്നു" (1കൊറി12, 23-26). ഞങ്ങളുടെ ഇടവകയിൽ ഒരു മേരിയുണ്ട്, വിദ്യാഭ്യാസമില്ലാത്ത ദരിദ്രയായ ഒരു സാധു സ്ത്രീ. ഫാ. മാത്യു അവളെ അഭിസംബോധന ചെയ്യുന്നത് രസമാണ്, "ഹായ്, ഗേൾ ഫ്രണ്ട്"എന്ന് കേൾക്കുമ്പോൾ മേരിയും മറ്റുള്ളവരും ആ സ്നേഹ പ്രകടനം ആസ്വദിക്കും. മിക്ക പ്രായമായ ആളുകൾക്കും അച്ചന്റെ സ്നേഹ പ്രകടനം ഏറെ ഇഷ്ടമാണ്. ദരിദ്രരോട് കരുണ കാണിക്കുക എന്നത് സ്നേഹവും കരുതലും ഉള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള ഏറ്റവും നല്ല വഴിയാണ്.




## ലോകത്തെ തലകീഴായി മാറ്റുന്നു

എല്ലാവരെയും എല്ലാ ഇടങ്ങളെയും യേശുവും അവന്റെ സ്നേഹവും വഴി രൂപാന്തരപ്പെടുത്തുക എന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ദൗത്യം. ഫാ. മാത്യു ഓരോ ഗ്രൂപ്പിന്റെയും മൂന്ന് ഘടകങ്ങൾ എടുത്തുകാട്ടി: ചുമതലകൾ, ബന്ധങ്ങൾ, ഗ്രൂപ്പ് സംസ്കാരം. ആ കൂട്ടായ്മയിലെ ശൈലികളും അവിടെ വിവിധ കാര്യങ്ങൾ ചെയ്യുന്ന രീതിയുമൊക്കെയാണ് സംസ്കാരം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. ആ സംസ്കാര കേന്ദ്രം ചുമതലയിലോ ജോലിയിലോ ഒക്കെയാണെങ്കിൽ ഗ്രൂപ്പ് ക്രമേണ വിരസവും പരുഷവുമാകും. എന്നാൽ, ബന്ധങ്ങൾക്ക് ഊന്നൽ നൽകുന്ന ഒരു സംസ്കാരം ഏറെ ഹൃദ്യമാകും. എല്ലാവരേയും, പ്രത്യേകിച്ച് ദുർബലരായവരെ പരിപാലിക്കുന്നതിലാണ് ശ്രദ്ധയെങ്കിൽ അവിടെ സ്നേഹം വർധിക്കുകയും അത് സന്തോഷകരമായ ഒരു സമൂഹമായി വളരുകയും ചെയ്യും. പിന്നെ, ഒരു ബോണസായി ഗ്രൂപ്പിൽ നിന്ന് പ്രതീക്ഷിക്കുന്ന ജോലിയും ഭംഗിയായി നടക്കും. യേശു ചെയ്തത് അതാണ്, ദൈവരാജ്യത്തിന്റെ ശൈലിയും അതുതന്നെ◆

*ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർ പട്ടം സ്വീകരിച്ചിട്ടുണ്ട്.*

**കവർസ്റ്റോറി** – ഡോ. സെമിച്ചൻ ജോസഫ്

# കടലുകടക്കും മുമ്പ്

> വിദേശത്തു പഠിക്കാൻ ആഗ്രഹിക്കുന്നവർ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങളും ഉറക്കെ ചിന്തിക്കാനും ചിന്തിച്ചു തിരിച്ചറിയേണ്ട ചില യാഥാർഥ്യങ്ങളും.

ഫോൺ ബെല്ലടിക്കുന്നതു കേട്ടാണ് എഴുന്നേറ്റത്, നിനച്ചിരിക്കാതെ ലഭിച്ച അവധി ദിനത്തിന്റെ ആലസ്യത്തിൽ തെല്ലു മയങ്ങിപ്പോയതാണ്. അങ്ങേത്തലക്കൽ എനിക്കേറെ പ്രിയപ്പെട്ട വിദ്യാർഥികളിലൊരാൾ. നമുക്കവളെ തത്ക്കാലം പ്രിയ എന്ന് വിളിക്കാം. വിടർന്ന കണ്ണുകളോടെ, കാര്യമാത്ര പ്രസക്തമായ ചോദ്യങ്ങളിലൂടെ, ക്ലാസ്സ്മുറിയിൽ നിന്നും മനസ്സിൽ ഇടം നേടിയ പ്രിയ പലപ്പോഴും സംശയ നിവാരണത്തിനും നിർദേശങ്ങൾക്കുമായി വിളിക്കാറുള്ളതാണ്. ഇത്തവണത്തെ വിഷയം വളരെ രസകരമായിതന്നെ അവൾ അവതരിപ്പിച്ചു.

“മാഷെ ഞാൻ  യുകെയിൽ പഠിക്കാൻ പോകുന്നതിനെകുറിച്ചു എന്താ അഭിപ്രായം.” സാമൂഹ്യ പ്രവർത്തനത്തിൽ ഉയർന്ന മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയ, സിവിൽ സർവീസ് സ്വപ്നം താലോലിക്കുന്ന പ്രിയയിൽ നിന്നും അത്തരം ഒരു ചോദ്യം പ്രതീക്ഷിക്കാതിരുന്ന ഞാൻ ഒരുവേള ഒന്ന് മൂളുക മാത്രം ചെയ്തു. “അല്ല മാഷെ ഞങ്ങടെ ബാച്ചിലെ ഇരുപത്തിയേഴു പേരിൽ പതിനാലുപേരും കടൽ കടന്നു, എനിക്കാകെ മൊത്തം ടോട്ടൽ കൺഫ്യൂഷനാ, ഒരു തീരുമാനം എടുക്കാൻ പറ്റണില്ല.. അതാ മാഷെ വിളിച്ചേ, ഞാനിപ്പോ എന്താ ചെയ്യാ.”

വല്ലാതെ അസ്വസ്ഥമാണ് ആ മനസ്സ്. എന്ത് പറയണം എവിടെ തുടങ്ങണം ഒരു നിമിഷം ഞനുമൊന്നു പതറിപോയി. ഏതായാലും അൽപം വിശദമായി തന്നെ പ്രിയയോട് സംസാരിക്കാം എന്ന് വിചാരിച്ചു.

“അച്ഛനും അമ്മയും എന്ത് പറയുന്നു? എന്താ അവരുടെ അഭിപ്രായം.”

“അത് മാഷെ, നീ എങ്ങനെങ്കിലും ഈ നാട്ടിൽ നിന്നും രക്ഷപ്പെട്ടോ, ഇവിടെ തേരാ പാരാ നടന്നിട്ടൊന്നും ഒരു രക്ഷയുമില്ല. വീട് പണയം വച്ചിട്ടായാലും പൈസ നമുക്ക് സംഘടിപ്പിക്കാം.. എന്നാ അച്ഛൻ പറയുന്നേ.”

ഓട്ടോറിക്ഷ ഓടിച്ചു ഉപജീവനം  നടത്തുന്ന ജോസേട്ടനും റാണിച്ചേച്ചിയും മകളുടെ ഭാവിക്കു വേണ്ടി എന്ത് ത്യാഗവും സഹിക്കാൻ തയ്യാറാണെന്ന വസ്തുത അവരോടുള്ള സംസാരത്തിൽ പലപ്പോഴും ഞാൻ നേരിട്ട് മനസ്സിലാക്കിയിട്ടുള്ളതാണ്.

പ്രിയയുടേത് ഒറ്റപ്പെട്ട സംഭവമോ സംശയമോ അല്ല. ആഴ്ചയിൽ ചുരുങ്ങിയതു മൂന്നോ നാലോ പേർ സമാനമായ ചോദ്യങ്ങളുമായി സമീപിക്കാറുണ്ട്. ‘രക്ഷപെടാൻ’ നാടുപേക്ഷിക്കുന്നവരുടെ സമൂഹമായി നാം മാറുന്ന കാഴ്ചക്ക് സാമൂഹ്യ ശാസ്ത്രപരമായ നിരവധി മാനങ്ങളുണ്ട്. പ്രവാസം ഒരു കാലത്തും മലയാളിക്കു അന്യമായിരുന്നില്ല എന്നതാണ് വസ്തുത. സമൃദ്ധിയുടെ, പ്രത്യാശയുടെ കാനാൻ ദേശം തേടി രാജ്യത്തിനകത്തും ഭൂഖണ്ഡങ്ങൾ താണ്ടിയുമൊക്കെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരുടെ സമൂഹമാണ് നമ്മുടേത്. എന്നാൽ ‘രക്ഷപെടണമെങ്കിൽ



> ഭാവിയെക്കുറിച്ചു ഉചിതവും പ്രായോഗികവുമായ തീരുമാനങ്ങളിൽ എത്തിച്ചേരാൻ ഞങ്ങളുടെ കുട്ടികൾക്ക് വഴികാട്ടണേ നല്ല തമ്പുരാനെ എന്ന പ്രാർഥനയായിരുന്നു എന്റെ മനസ്സുനിറയെ.

കേരളം വിടണം' എന്ന പൊതുബോധനിർമിതി വർത്തമാന കാലത്തു സാധാരണക്കാർക്കിടയിൽ വിശേഷിച്ചു കൗമാരക്കാർക്കും യുവതീ യുവാക്കൾക്കുമിടയിൽ ആഴത്തിൽ വേരൂന്നിക്കഴിഞ്ഞിരിക്കുന്നു .

## എന്തുകൊണ്ട് കേരളം വിടുന്നു?

കേരളത്തിലെ തൊഴിൽ സാഹചര്യവുമായി തട്ടിച്ചുനോക്കുമ്പോൾ വിദേശത്തെ തൊഴിൽ സാഹചര്യവും വരുമാന സാധ്യതകളുമാണ് ഏറ്റവും പ്രധാനമായി വിദ്യാർഥികളെ ആകർഷിക്കുന്നത്, എന്ന പൊതുവേ അംഗീകരിക്കപ്പെട്ട നിരീക്ഷണം മുന്നോട്ടുവയ്ക്കുന്നത് എഴുത്തുകാരനും പ്രഭാഷകനുമായ മുരളി തുമ്മാരുകുടിയാണ്. വിദ്യാഭ്യാസം കൂടും തോറും ശമ്പളം കുറയുന്ന രീതി പലപ്പോഴും കേരളത്തിലെ പുതു തലമുറയെ കടലുകടക്കാൻ പ്രേരിപ്പിക്കുന്നതാണെന്നു അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. വ്യക്തി ജീവിതത്തിലേക്കുള്ള അനാവശ്യ കടന്നു കയറ്റങ്ങളും, രാഷ്ട്രീയ അതിപ്രസരം നിറഞ്ഞ കലാലയങ്ങളുമെല്ലാം പുതുതലമുറയെ മാറി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. പഠനം ആഗ്രഹിക്കുന്നവർക്ക് ലോൺ നല്കാൻ ബാങ്കുകൾ തയ്യാറാവുകയും പഠനത്തിനുശേഷം സ്റ്റേ ബാക്കും, വർക്ക് പെർമിറ്റും, രാജ്യങ്ങൾ കണ്ടുപിടിക്കാൻ സഹായിക്കുന്ന കൺസൾട്ടൻസികളുടെ വരവുമെല്ലാം, ഈ പ്രവണതയെ പ്രത്യക്ഷമായി തന്നെ സഹായിക്കുന്നുണ്ട്.

## ഏതാനും വസ്തുതകൾ

സർക്കാരിന്റെ കണക്കുകൾ പ്രകാരം 2019ൽ 30000ൽ അധികം കുട്ടികളാണ് പഠനാവശ്യത്തിനു വിദേശ രാജ്യങ്ങളിലേക്ക് കുടിയേറിയതെങ്കിൽ 2023ൽ അത് 40000നു മുകളിലാണ്. ഒരു വർഷം കേരളത്തിൽ ജനിക്കുന്നത് ഏകദേശം നാലരലക്ഷം കുട്ടികളാണെന്നു കണക്കാക്കിയാൽതന്നെ ജനസംഖ്യയുടെ നല്ലൊരു പങ്ക് ഇത്തരത്തിൽ കടൽ കടക്കുന്നു എന്നുവേണം നാം മനസ്സിലാക്കാൻ. എൺപതുകളിലും തൊണ്ണൂറുകളിലുമൊക്കെ വിദേശങ്ങളിലെ മികച്ച സർവകലാശാലകളിൽ സ്കോളർഷിപ്പോടെ ഏതാനും പേർ മാത്രം പോയിരുന്ന സ്ഥാനത്താണ് തൊഴിൽ  തേടി വർഷാവർഷം ആയിരക്കണക്കിന് കുട്ടികൾ നാടും വീടും ഉപേക്ഷിച്ചു പോകുന്നത്. ഇതു കേരളത്തിൽ സൃഷ്ടിക്കാൻ പോകുന്ന സാമൂഹ്യ സാഹചര്യത്തെക്കുറിച്ച് നമ്മുടെ ഭരണകർത്താക്കൾ ചിന്തിച്ചിട്ടുണ്ടോ എന്നുപോലും സംശയമാണ്.

മറുവശത്തു വിദേശങ്ങളിലെ സാഹചര്യങ്ങളും മാറുകയാണ്. യുകെയും കാനഡയും പോലുള്ള മലയാളിയുടെ പല സ്വപ്ന ഭൂമികളും വാതിലുകൾ പതിയെ കൊട്ടിയടക്കാൻ തുടങ്ങിയിരിക്കുന്നു. സ്റ്റേ ബാക്ക് പരിമിതപ്പെടുത്തിയും പങ്കാളികൾക്കുള്ള വർക്ക് വിസ ഒഴിവാക്കിയുമൊക്കെ പരമാവധി കുടിയേറ്റം കുറയ്ക്കുക എന്ന നയത്തിലേക്കു അവിടങ്ങളിലെ ഭരണകൂടങ്ങൾ മാറിക്കഴിഞ്ഞു. ഭാരിച്ച റൂം വാടകയും ജീവിതച്ചെലവുകളും മലയാളി വിദ്യാർഥികളെ ചെറുതല്ലാത്ത സമ്മർദത്തിൽ ആക്കിയിട്ടുണ്ട്.

## ശ്രദ്ധിച്ചു തീരുമാനം എടുക്കാം

വിദേശത്തു പഠിക്കാൻ ആഗ്രഹിക്കുന്നവർ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങൾ കുറിക്കട്ടെ:

എന്തുകൊണ്ട് ഞാൻ വിദേശത്തു പഠിക്കാൻ ആഗ്രഹിക്കുന്നു?

ജീവിത/പഠന ചെലവുകൾക്കായി എത്ര തുക ഞാൻ ചെലവഴിക്കേണ്ടിവരും?

ഏത് രാജ്യമാണ് തെരഞ്ഞെടുക്കേണ്ടത് ?

ആ രാജ്യത്തെ കാലാവസ്ഥയും ജീവിതച്ചെലവുകളും സാമൂഹ്യ സാഹചര്യങ്ങളും എത്രമാത്രം എനിക്ക് അനുയോജ്യമാണ്?

ഏതു സ്ഥാപനത്തിൽ, ഏത് കോഴ്സ് ആണ് തെരഞ്ഞെടുക്കേണ്ടത്?

ചോദ്യങ്ങളുടെ നിര അങ്ങനെ നീണ്ടു പോകുന്നു. വിവര ശേഖരണത്തിന് അനവധി മാർഗങ്ങൾ ഇന്ന് നമുക്ക് മുന്നിലുണ്ട്. ഏജൻസികളുടെ മോഹിപ്പിക്കുന്ന പരസ്യങ്ങളെയും ഇൻസ്റ്റാഗ്രാം റീലുകളെയും മാത്രം ആശ്രയിക്കാതെ, വ്യക്തിപരമായി അവിടങ്ങളിൽ പഠിച്ചിട്ടുള്ള, പഠിച്ചുകൊണ്ടിരിക്കുന്ന മുൻഗാമികളോട് ചോദിച്ചറിഞ്ഞും യൂണിവേഴ്സിറ്റികളുടെയും സർക്കാരിന്റയും വെബ്സൈറ്റുകൾ സന്ദർശിച്ചും ഉചിതമായ തീരുമാനത്തിൽ എത്താൻ കഴിയും.

ദീർഘമായ സംഭാഷണം അവസാനിക്കുമ്പോൾ മറുതലക്കൽ പ്രിയയിൽ നിന്നും ആശ്വാസത്തിന്റെ നെടുവീർപ്പ് ഉയർന്നത് പോലെ തോന്നി. ഭാവിയെക്കുറിച്ചു ഉചിതവും പ്രായോഗികവുമായ തീരുമാനങ്ങളിൽ എത്തിച്ചേരാൻ ഞങ്ങളുടെ കുട്ടികൾക്ക് വഴികാട്ടണേ നല്ല തമ്പുരാനെ എന്ന പ്രാർഥനയായിരുന്നു എന്റെ മനസ്സുനിറയെ◆

*പരിശീലകനും സ്മാർട്ട് ഇന്ത്യ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ സഹസ്ഥാപകനുമായ ലേഖകൻ ഇപ്പോൾ ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു.*

യുവ\മൈസ്റ്റോറി - ആൻ മേരി, എറണാകുളം

# ഒരു കോപ്പിയടി കഥ

നഗരത്തിലെ പ്രശസ്തമായ കോളേജിൽ ഡിഗ്രിക്ക് പഠിക്കുന്ന കാലം. ഒരു ദിവസം പെട്ടെന്ന് ഒരു എക്സാം. ഒന്നും പഠിച്ചിട്ടില്ല എന്ത് ചെയ്യും? കൂട്ടുകാർക്കൊന്നും ടെൻഷൻ ഇല്ല. നിങ്ങൾ എന്താണ് ഇങ്ങനെയൊരു കൂസലും ഇല്ലാതെ ഇരിക്കുന്നത് എന്ന് ചോദിച്ചപ്പോൾ 'ഈ ചെറിയ എക്സാമിന് ടെൻഷൻ അടിക്കാൻ ആർക്കാണ് നേരം? ഇതൊക്കെ വളരെ ഈസിയായി ഹാൻഡിൽ ചെയ്യാം. നമുക്ക് കോപ്പിയടിക്കാം.' ആദ്യം വേണ്ട എന്നൊക്കെ തോന്നിയെങ്കിലും പിന്നീട് ആലോചിച്ചപ്പോൾ ഒരു ചെറിയ പരീക്ഷയല്ലേ.. ചെറിയ രീതിയിൽ കോപ്പിയടിച്ചാൽ കുഴപ്പമില്ല എന്ന് എനിക്കും തോന്നി. ഞാൻ ഒരക്ഷരം പഠിച്ചിട്ടുണ്ടായിരുന്നില്ല. എന്റെ മുന്നിൽ ഇതാണ് ഏറ്റവും നല്ല മാർഗം എന്ന് അപ്പോൾ തോന്നി. പരീക്ഷ തുടങ്ങി. കൂട്ടുകാർ പേപ്പർ പരസ്പരം കൈമാറി. ഞാനും കൈമാറി. അങ്ങനെ പരീക്ഷ സാമാന്യം ഭേദപ്പെട്ട രീതിയിൽ എഴുതി.. അല്ല സാമാന്യം നല്ല രീതിയിൽ കോപ്പിയടിച്ചു.

പിന്നെയാണ് ട്വിസ്റ്റ്. പേപ്പർ നോക്കിയ ടീച്ചർ. എന്നെ പൊക്കി. കോപ്പിയടിച്ച എന്റെ കൂട്ടുകാരെ ആരെയും ടീച്ചർ വിളിച്ചില്ല. എന്നെ മാത്രം സ്റ്റാഫ് റൂമിൽ കൊണ്ടുപോയി പറഞ്ഞു: "ഒരു ജീസസ് ആയ നീ ഇത് ചെയ്യാൻ പാടില്ലായിരുന്നു. മറ്റുള്ളവരെല്ലാം ചെയ്തത് ഞങ്ങൾക്ക് പ്രശ്നമല്ല. പക്ഷേ, നിന്നിൽ നിന്ന് ഇത് പ്രതീക്ഷിച്ചില്ല. നീ ഒരു ജീസസ് യൂത്ത് ആണെന്ന് മറക്കരുതായിരുന്നു." എന്നൊക്കെ ടീച്ചർ ഉപദേശിച്ചു. എന്നെ ടീച്ചർ വഴക്ക് പറഞ്ഞതേയില്ല. പക്ഷേ, എനിക്ക് ഒരുപാട് സങ്കടമായി. കാരണം ഞാൻ മൂലം എന്റെ ഈശോ നാണം കെട്ടു. ടീച്ചർ ഓരോ വാക്കു പറയുമ്പോഴും അതിന്റെ മുൻപിലും പിൻപിലും 'ജീസസ് യൂത്ത്' എന്ന വാക്ക് ഉപയോഗിച്ചു. അതെനിക്ക് വലിയ വിഷമമുണ്ടാക്കി. പക്ഷേ, ഞാൻ ഒന്ന് തിരിച്ചറിയുകയായിരുന്നു. ആൻമേരി എന്ന എന്റെ പേരിനൊപ്പം ഈശോയുടെ പേരും എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു. ഞാൻ ഇനി മുതൽ വെറും ആൻമേരി അല്ല. എന്റെ വിലാസവും പേരും ജീസസ് യൂത്തുമായി ചേർത്തു വായിക്കപ്പെടുന്നു. ജീസസ് യൂത്തിലെ ആൻ മേരി എന്നതായി എന്റെ പേര്.

ഞാൻ ഒരു പാഠം പഠിക്കുകയായിരുന്നു. മറ്റു കുട്ടികൾ കോപ്പിയടിച്ചതിനെക്കാൾ ടീച്ചർമാർക്ക് വിഷമമായത് ഞാൻ കോപ്പിയടിച്ചപ്പോഴാണ്. കാരണം എന്റെ വിലാസം എന്റെ ഈശോയുമായി ബന്ധപ്പെട്ടതാണ്. ഇതിൽനിന്ന് ഞാൻ മനസ്സിലാക്കിയ കാര്യം, ലോകത്തിൽ മറ്റുള്ളവർ ചെയ്യുന്നതെല്ലാം ചെയ്യാൻ ഒരു ജീസസ് യൂത്തിന്  അവകാശമില്ല. ലോകം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുപോലെയല്ല ഒരു ജീസസ് യൂത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത്. കാരണം പലരും ജീസസ് യൂത്തിൽ വലിയ പ്രത്യാശ വച്ചിട്ടുണ്ട്. അതിനു ഭംഗംവരാൻ ഞാൻ ഒരിക്കലും കാരണമായി കൂടാ.

ഇത് എന്റെ കൂട്ടുകാരുമായി പങ്കുവയ്ക്കണമെന്ന് എനിക്ക് തോന്നി. കാരണം ഒരു ജീസസ് യൂത്തായ ഞാൻ ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട്, ജീസസിന് നിരക്കാത്തതൊന്നും ചെയ്തുകൂടാ. അതേ, ഞാൻ ജീസസിന്റെ ആൻമേരിയാണ്. അവന് ഇഷ്ടമല്ലാത്തതും അവനെ വേദനിപ്പിക്കുന്നതും ജീസസിന്റെ ആൻ മേരി ഇനിമേൽ ചെയ്യില്ല.

കവർസ്റ്റോറി –
സിജു അബ്രഹാം, മാധ്യമ പ്രവർത്തകൻ

# അവരുടെ വഴി അവർതന്നെ തെരഞ്ഞെടുക്കട്ടെ...

നമ്മുടെ മക്കൾക്കായി നമുക്ക് ചെയ്തുകൊടുക്കാൻ പറ്റുന്ന വലിയൊരു കാര്യമുണ്ട്. അവർക്കും നമ്മൾക്കും സ്വസ്ഥമായി ജീവിക്കാൻ കഴിയുന്ന വഴിയാണത്. ദൈവം ഏല്പിച്ചിരിക്കുന്നതും അതുതന്നെയാണ്. ഈ വായന അത് നമ്മളെ ഓർമിപ്പിക്കും.

നിരന്തരമായി ഉപയോഗിച്ചുകൊണ്ടിരുന്ന 'വിദ്യാർഥികൾ' എന്ന പദം ഇല്ലാതാവുകയും പകരം 'പരീക്ഷാർഥികൾ' എന്ന പദം നമ്മുടെ വ്യവഹാരമണ്ഡലങ്ങളിൽ വല്ലാതെ നിറയുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ഇപ്പോൾ ജീവിക്കുന്നത് എന്നു പറഞ്ഞത് കൽപറ്റ നാരായണൻ ആണ്. ഈ പരീക്ഷാർഥികളെ മാതാപിതാക്കളും മറ്റു മുതിർന്നവരും ചേർന്ന് പരീക്ഷണാർഥികളാക്കി മാറ്റുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ ചെറുപ്പകാലങ്ങളിൽ തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ പലതിനെയും തിരിച്ചുപിടിക്കാനുള്ള ഉപകരണങ്ങളും പരീക്ഷണ വസ്തുക്കളുമായി നമ്മുടെ മക്കളെ മാറ്റാൻ അത്യുത്സാഹം ചെയ്തുകൊണ്ടിരിക്കുകയാണ് നമ്മൾ.

പരമ്പരാഗത വിദ്യാഭ്യാസ രീതികളും സമ്പ്രദായങ്ങളും കോഴ്സുകളും എല്ലാം കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവിലേക്ക് കുട്ടികളും മാതാപിതാക്കളും കടന്നുവരേണ്ട ഒരു സമയമാണിത്. വിദ്യാഭ്യാസ സമ്പ്രദായത്തിലും രീതികളിലും എല്ലാം വലിയ വിപ്ലവങ്ങൾ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞു. ഡിജിറ്റൽ യുഗത്തിൽ ലോകം ഒരു വിരൽത്തുമ്പിൽ ഒതുങ്ങി നിൽക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിലെ അനന്ത സാധ്യതകൾ തിരയാൻ നമുക്ക് ബുദ്ധിമുട്ടില്ല. പുതിയ തൊഴിൽ സാധ്യതകളും അതിനുതകുന്ന കോഴ്സുകളും കുട്ടികളുടെ അഭിരുചി അനുസരിച്ച് കണ്ടെത്തുക എന്നതാണ് പ്രധാനം. എന്നാൽ, പലപ്പോഴും മാതാപിതാക്കളുടെയോ മറ്റു മുതിർന്നവരുടെയോ ഇടപെടൽ മൂലം താത്പര്യമില്ലാത്ത വിഷയം അനിഷ്ടത്തോടെ പഠിക്കുന്ന കുട്ടികളെ നമുക്ക് കാണാൻ കഴിയും. ഇത് വലിയ ദുരന്തത്തിലേക്ക് നമ്മുടെ മക്കളെ കൊണ്ടുചെന്നെത്തിക്കും. ഇന്ന് കാനഡയിൽ വലിയ ശമ്പളത്തോടെ ജോലി ചെയ്യുന്ന തന്റെ മകനെക്കുറിച്ച് റിട്ടയേർഡ് അധ്യാപികയായ അമ്മ ഇങ്ങനെ പറഞ്ഞു: "അവന് ജോലിയുണ്ട്. എല്ലാ സുഖസൗകര്യങ്ങളുമുണ്ട്. നല്ല ശമ്പളമുണ്ട്. പക്ഷേ, അവൻ ആഗ്രഹിച്ച മേഖലയിൽ അല്ല ജോലി ചെയ്യുന്നത് എന്ന അസംതൃപ്തി അവനിൽ ഇപ്പോഴുമുണ്ട്. അന്ന് ഞങ്ങൾക്ക് പറ്റിയ തെറ്റായിരുന്നു അത്. അവന് താത്പര്യമില്ലാത്ത കോഴ്സ് ജോലി സാധ്യത മുന്നിൽ കണ്ട് നിർബന്ധിച്ചു പഠിപ്പിച്ചതാണ് ഞങ്ങൾ. ഇന്ന് അവന്റെ ജീവിതം കാണുമ്പോൾ ഞങ്ങൾക്ക് കുറ്റബോധമുണ്ട്. അവൻ ഒരിക്കലും ആഗ്രഹിക്കാത്ത ടെക്നിക്കൽ മേഖലയിലുള്ള കോഴ്സ് പഠിപ്പിച്ചു അവന് നല്ല ജോലി വാങ്ങി കൊടുക്കാൻ ഞങ്ങൾക്ക് സാധിച്ചു. എന്നാൽ, അവന്റെ മനസ്സിന് സംതൃപ്തി നൽകാൻ ഞങ്ങൾക്കോ, ജോലിക്കോ, പണത്തിനോ സാധിക്കുന്നില്ല." ഇതൊരു ഏറ്റുപറച്ചിലായി നമുക്ക് കാണാം. കുട്ടികൾ കഷ്ടപ്പെട്ടല്ല, ഇഷ്ടപ്പെട്ടാണ് പഠിക്കേണ്ടത്.

കുറച്ചുകാലം മുമ്പുവരെ മക്കളെ എങ്ങനെയെങ്കിലും എഞ്ചിനീയർമാർ ആക്കുക എന്ന ഒരു പ്രവണത മാതാപിതാക്കൾക്കിടയിൽ ഉണ്ടായിരുന്നു. എഞ്ചിനീയറിങ് പഠിക്കാൻ എടുത്ത 5 വർഷത്തിലധികം സപ്ലി എഴുതി തീർക്കാൻവേണ്ടി മാത്രം മാറ്റിവയ്ക്കേണ്ടി വന്ന അനേകം വിദ്യാർഥികളുണ്ട്. എഞ്ചിനീയറിങ്ങിൽ താത്പര്യമോ, അത് പഠിക്കാനുള്ള കഴിവോ ഇല്ലാത്ത മക്കളെ കാശുകൊടുത്ത് അഡ്മിഷൻ വാങ്ങിയും, നിർബന്ധിച്ചും എഞ്ചിനീയറാക്കാൻ മാതാപിതാക്കൾ നടത്തിയ പരിശ്രമത്തിന്റെ ഫലമാണിത്. മകന്റെ പത്താം ക്ലാസ്സ് പരീക്ഷയുടെ റിസൾട്ട് വന്നശേഷം പ്ലസ് ടു അഡ്മിഷന് ചെന്നപ്പോൾ അവൻ കൊമേഴ്സ് ആണ് എടുക്കുന്നത് എന്ന് പറഞ്ഞപ്പോൾ അവന്റെ കൂട്ടുകാരന്റെ അമ്മ ഒരു ചോദ്യം ചോദിച്ചു: "അതൊക്കെ പഠിച്ച് എങ്ങനെ ജീവിക്കും? എനിക്ക് ചിന്തിക്കാനേ വയ്യ. ഞങ്ങളുടെ വീട്ടിൽ ആരും സയൻസ് അല്ലാതെ ഒന്നും പഠിച്ചിട്ടില്ല. സയൻസ് പഠിച്ചില്ലെങ്കിൽ എങ്ങനെയാണ് ഒരു ജോലി ലഭിക്കുക?." ഒരു അധ്യാപികയായ അവർക്ക് പോലും സയൻസിന് അപ്പുറത്തുള്ള സാധ്യതകളെക്കുറിച്ച് ചിന്തിക്കാൻ ആവുന്നില്ലെന്നത് വലിയ ദുര്യോഗമാണ്. ഒരേ സ്കൂളിൽ പഠിപ്പിക്കുന്ന സയൻസ് ടീച്ചർക്കും മലയാളം ടീച്ചർക്കും ഒരേ ശമ്പളവും ഒരേ പദവിയും ആണെന്ന് പോലും ചിന്തിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? കാലം മാറുന്നതിനൊത്ത് നമ്മൾ മാറിയേ മതിയാകൂ.

ചെറുപ്പത്തിൽതന്നെ മക്കളുടെ അഭിരുചി തിരിച്ചറിയാനും അതിനനുസരിച്ച് അവർക്ക് പ്രചോദനവും പ്രോത്സാഹനവും നൽകാനും അവർക്ക് ഇഷ്ടപ്പെട്ട വഴിയിലൂടെ അവരുടെ കരിയർ തെരഞ്ഞെടുക്കാനും അവരെ സഹായിക്കുക എന്നതാണ് മാതാപിതാക്കളും അധ്യാപകരും അടങ്ങുന്ന മുതിർന്നവരുടെ ഉത്തരവാദിത്വം. സംഗീതം, നൃത്തം സ്പോർട്സ്, അഭിനയം, മേക്കപ്പ്, പാചകം, തുടങ്ങി എന്തിലാണോ അവർക്ക് താത്പര്യം അത് പഠിക്കാനും ആവശ്യമെങ്കിൽ അതിൽത്തന്നെ ഉപരിപഠനം നടത്താനും നിരവധി



**യേശുദാസും, കെ എസ് ചിത്രയും തന്നെയാണ് ഇപ്പോഴും മികച്ച ഗായകർ എന്ന് ഉറച്ചു വിശ്വസിക്കുന്ന നമ്മുടെ തലമുറയുടെ മുൻപിൽ കൊറിയൻ സംഗീതം പാടുകയും ആസ്വദിക്കുകയും ചെയ്യുന്ന, കൊറിയൻ ഗായകരെ ആരാധിക്കുന്ന ഒരു തലമുറ ജീവിക്കുന്നു.**

സാധ്യതകൾ ഇന്നുണ്ട്. ഇവയിലെല്ലാം വലിയ തൊഴിൽ സാധ്യതകളും ഉണ്ട്. ഭാഷയുമായി ബന്ധപ്പെട്ട പഠനങ്ങളും ഇന്ന് വൻ തൊഴിൽ സാധ്യതകളാണ് തുറന്നുതരുന്നത്. ട്രാൻസ്ലേറ്റർ, കണ്ടന്റ് റൈറ്റർ, പരസ്യ വാചകങ്ങൾ എഴുതുന്നവർ (കോപ്പി റൈറ്റർ), മാധ്യമ സ്ഥാപനങ്ങളിലെ ജോലി, തുടങ്ങി നിരവധി തൊഴിൽ സാധ്യതകൾ ഭാഷാ പഠനത്തിലുണ്ട്. ഇംഗ്ലീഷ് സാഹിത്യം പഠിക്കാൻ ആഗ്രഹിച്ച ഒരു മകനെ പ്രശസ്ത അഭിഭാഷക ദമ്പതികൾ നിർബന്ധിച്ച് ആർക്കിടെക്റ്റ് ആക്കാൻ ശ്രമിച്ചു. പ്രശസ്തമായ ഒരു കോളേജിൽ മാനേജ്മെന്റ് കോട്ടയിൽ B Archന് മകന് സീറ്റും ഉറപ്പിച്ചു. അവൻ ഒരു വർഷം അവിടെ പഠിച്ചു. രണ്ടാം വർഷം പഠനം ഉപേക്ഷിച്ചു വീട്ടിലെത്തി. ഇത് മാതാപിതാക്കളെ വലിയ നിരാശയിൽ ആഴ്ത്തി. ഒടുവിൽ അവന്റെ ഇഷ്ടപ്രകാരം ഇംഗ്ലീഷ് പഠിക്കാൻ അനുവദിച്ചു. നഗരത്തിലെ ഒരു സാധാരണ കോളേജിൽ അവൻ ഇംഗ്ലീഷ് ബിരുദത്തിന് ചേർന്നു. രണ്ടാം വർഷം മുതൽ അവൻ പാർട്ട്ടൈം ആയി ഇൻഫോപാർക്കിൽ ഒരു ഐ.ടി. സ്ഥാപനത്തിൽ കണ്ടന്റ് റൈറ്ററായി പോയിത്തുടങ്ങി. ഫൈനൽ ഇയർ ആയപ്പോഴേക്കും ആ മേഖലയിൽ അവൻ തന്റെ പ്രാവീണ്യം തെളിയിച്ചു. ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ പൂർത്തിയാക്കിയ ഉടനെതന്നെ അതേ കമ്പനിയുടെ വിദേശത്തുള്ള ബ്രാഞ്ചിൽ ഉയർന്ന ശമ്പളത്തിൽ കണ്ടന്റ് റൈറ്ററായി അവൻ നിയമിതനായി.

കാലം മാറുകയാണ്. മാതാപിതാക്കളെയും അധ്യാപകരെയുംകാൾ ഉറച്ച ബോധ്യങ്ങളും വ്യക്തമായ ജീവിതവീക്ഷണവും ഉള്ള ഒരു തലമുറയാണ് ഇപ്പോൾ ഈ ലോകത്തിന്റെ ഗതി നിർണയിച്ചുകൊണ്ടിരിക്കുന്നത്. യേശുദാസും, കെ എസ് ചിത്രയും തന്നെയാണ് ഇപ്പോഴും മികച്ച ഗായകർ എന്ന് ഉറച്ചു വിശ്വസിക്കുന്ന നമ്മുടെ തലമുറയുടെ മുൻപിൽ കൊറിയൻ സംഗീതം പാടുകയും ആസ്വദിക്കുകയും ചെയ്യുന്ന, കൊറിയൻ ഗായകരെ ആരാധിക്കുന്ന ഒരു പുതുതലമുറ ജീവിക്കുന്നു. BIGBANG, BTS, GOT7, EXO, പോലുള്ള മ്യൂസിക് ബാന്റുകൾ ഹരം കൊണ്ട് ആസ്വദിക്കുന്ന ആ തലമുറയെ നമുക്ക് മനസ്സിലാക്കാൻ സാധിക്കാതെ പോകുന്നു.

'താങ്കൾക്ക് ആവശ്യമുള്ളത് എന്തുവേണമെങ്കിലും ചോദിച്ചുകൊള്ളുക' എന്ന അലക്സാണ്ടർ ചക്രവർത്തിയുടെ വാഗ്ദാനത്തോട് തത്വചിന്തകനായ ഡയോജനിസ് ഇങ്ങനെ പറഞ്ഞു: 'സൂര്യവെളിച്ചം മറക്കാതെ ഒന്നു മാറിനിന്നാൽ മതി' എന്ന്. വരും തലമുറയുടെ സൂര്യ വെളിച്ചത്തെ മറക്കുന്നവരാകാതെ അവരെ വെളിച്ചത്തിലേക്ക് നയിക്കുന്നവരായി നമുക്ക് മാറാം. അവരുടെ അഭിരുചികളെ തിരിച്ചറിഞ്ഞ് അത് വളർത്താൻ സഹായിക്കുന്നവരായി മാറുക എന്നതാണ് അവർക്കായി നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം. തങ്ങളുടെ ഉള്ളിലെ വെളിച്ചത്തെ അവർ കണ്ടെത്തുമ്പോൾ അതിനെ ഊതി കത്തിക്കാൻ നമ്മളാൽ ആകുന്ന സഹായം. അതു മാത്രമേ അവർക്ക് ആവശ്യമുള്ളൂ. എനിക്ക് നിന്നെ കുറിച്ച് ഒരു പദ്ധതിയുണ്ട്, അത് നിന്റെ നാശത്തിനല്ല: ക്ഷേമത്തിനുള്ളതാണെന്ന് അരുളിയ ദൈവം ഓരോ മക്കൾക്കുമായി തന്റെ പദ്ധതി ഒരുക്കിയിട്ടുണ്ട്. അതിലേക്ക് എത്തിച്ചേരാൻ അവരെ സഹായിക്കുക എന്നതാണ് മാതാപിതാക്കൾ എന്ന നിലയിൽ നമ്മുടെ ദൗത്യം. പഠനകാര്യത്തിലായാലും ജീവിതത്തിലായാലും ദൈവഹിതാനുസരണം തീരുമാനങ്ങൾ എടുക്കുക എന്നതാണ് പ്രധാനം◆

**കവർസ്റ്റോറി** – ബോബി ജോർജ്

# വിദ്യാർഥികളോട് ഒരു വാക്ക്

ജീവിതത്തിലെ പ്രധാനപ്പെട്ട പരീക്ഷകൾ കഴിഞ്ഞു നിൽക്കുന്ന ഏതൊരു കുട്ടിയെയും അലട്ടുന്ന ചില ചോദ്യങ്ങളുണ്ട്. ഇനി എന്താണ് പഠിക്കുക, എന്ത് പഠിച്ചാലാണ് എനിക്കൊരു ജോലി കിട്ടുക. എങ്ങനെയാണ് ജീവിതത്തിൽ വിജയിക്കുക. ഒരുപക്ഷേ മുൻകാലങ്ങളെ അപേക്ഷിച്ചു ഇന്ന് ഈ തീരുമാനം കൂടുതൽ ക്ലേശകരമായി മാറുന്നുണ്ട്. കാരണം ഇന്ന് നമ്മുടെ മുന്നിലുള്ള ഓപ്ഷൻസ് വളരെ കൂടുതലാണ്. ഈ അവസരത്തിൽ വിദ്യാർഥികൾ പരിഗണിക്കേണ്ട പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്.

തൊഴിൽ ഏതൊരു വ്യക്തിയെ സംബന്ധിച്ചും ഏറ്റവും പ്രധാനപ്പെട്ട കാര്യമാണെങ്കിലും ഉന്നത പഠനത്തിന് വിഷയം തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡം അതുമാത്രം ആവരുത്. അടുത്ത ഏതാനും വർഷങ്ങൾ പഠനത്തിനു മാറ്റിവയ്ക്കുന്ന വിഷയം നമുക്ക് ഏറ്റവും താത്പര്യമുള്ള ഒന്നാവുന്നതാണ് ഏറ്റവും നല്ലത്. ഇഷ്ടമുള്ള ഒരു മേഖലയിൽ പഠിക്കുവാനും അധ്വാനിക്കാനും നമുക്ക് കൂടുതൽ താത്പര്യം ഉണ്ടാവും. അതുപോലെതന്നെ തൊഴിൽ എന്നുള്ളത് പഠനത്തിന്റെ തുടക്കത്തിൽ തന്നെ നാം ചിന്തിച്ച് വിഷമിച്ചിരിക്കേണ്ട ഒന്നല്ല. ഏതൊരു വിഷയമായാലും അത് ഏറ്റവും നന്നായി പഠിക്കുക എന്നതാണ് പ്രധാനം. പ്രശസ്തനായ ഐഎഎസ് ഉദ്യോഗസ്ഥനായിരുന്ന അൽഫോൺസ് കണ്ണന്താനം തന്റെ മക്കളോടുതന്നെ പറഞ്ഞുകൊടുക്കുന്ന ഒരു ഉപദേശത്തെക്കുറിച്ച് പറയാറുണ്ട്. നിങ്ങൾക്ക് വേണമെങ്കിൽ ഒരു Cobbler (ചെരിപ്പ് കുത്തി) ആകാനും തീരുമാനിക്കാം. പക്ഷേ, ലോകത്തിലെ ഏറ്റവും മികച്ച ചെരുപ്പുകുത്തി ആവുക. ഏതൊരു വിഷയമായാലും അതിൽ ഏറ്റവും മികച്ചതാകുന്നവർക്ക് ആ മേഖലയിൽ ഒരു ജോലി ലഭിക്കുന്നതിന് പ്രയാസമാകില്ല.

അറിവിനോടുള്ള ആവേശമാണ് ഏതൊരു വിദ്യാർഥിയുടെയും ഏറ്റവും പ്രധാനപ്പെട്ട മൂലധനം. ആ ആവേശത്തിൽ നിന്നാണ് പഠനപ്രക്രിയ ആരംഭിക്കേണ്ടത്. തൊഴിൽ മാത്രം മുന്നിൽ കണ്ടുകൊണ്ട് പഠിക്കാൻ ഇറങ്ങുന്നവർ മിക്കവാറും കുറച്ചു കഴിഞ്ഞു മടുത്തു പിന്തിരിയാനുള്ള സാധ്യത കൂടുതലാണ്. ജീവിതത്തിൽ ഉന്നത വിജയം കൈവരിച്ച ആളുകളെ ശ്രദ്ധിക്കുക. അവർ ആ വിജയം മാത്രം മുന്നിൽകണ്ട് ഇറങ്ങിയവരാവില്ല. മറിച്ച് തങ്ങൾക്ക് ഇഷ്ടമുള്ള ഒരു വിഷയത്തിനു വേണ്ടി അവരുടെ മനസ്സും ശരീരവും സമയവുമൊക്കെ കൊടുത്തവരായിരുന്നു. അങ്ങനെ ചെയ്യുമ്പോൾ വിജയം പിന്നാലെ വരും. സംസ്കാരസമ്പന്നനായ ഒരു വ്യക്തിയെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് നാം ഒരിക്കലും മറന്നുകൂടാ. ഒരു തൊഴിലിനു ഒരാളെ പ്രാപ്തനാക്കുന്നതിലും മേലെയാണ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം. മറിച്ച് തങ്ങൾക്ക് ഇഷ്ടമുള്ള ഒരു വിഷയത്തിനു വേണ്ടി അവരുടെ മനസ്സും ശരീരവും സമയവും ഒക്കെ കൊടുത്തവർ ആയിരുന്നു. അങ്ങനെ ചെയ്യുമ്പോൾ വിജയം പിന്നാലെ വരും.

തൊഴിൽ മേഖലയിൽ വന്നിരിക്കുന്ന പ്രധാനപ്പെട്ട മറ്റൊരു മാറ്റം, ഒരാളുടെ ഡിഗ്രി എന്നതിനേക്കാളും അയാളുടെ സ്കിൽ സെറ്റ് എന്നതിന് വന്നിരിക്കുന്ന പ്രാധാന്യമാണ്. ഡിഗ്രി മാത്രം നോക്കി ഒരാൾക്ക് ജോലി കൊടുക്കുന്ന കാലം മാറി. തൊഴിൽ തേടി വന്നിരിക്കുന്ന ഒരു വിദ്യാർഥിക്ക് എന്തൊക്കെ ചെയ്യാൻ അറിയാം എന്നത് വളരെ പ്രധാനമാണ്. അതോടൊപ്പം തന്നെ ഇന്ന് തൊഴിലിടങ്ങളിൽ ആവശ്യമുള്ള പല കാര്യങ്ങളും ഔപചാരികമായി ഒരു സ്ഥാപനത്തിൽ പോകാതെ തന്നെ പഠിക്കാൻ സാധിക്കുന്ന ഒരു സാഹചര്യവുമുണ്ട്. ഓൺലൈൻ പഠനത്തിന്റെ വിസ്ഫോടനം ഇക്കാര്യത്തിൽ

**എന്താണ് പഠിക്കേണ്ടത് എന്ന് വിചാരിച്ച് പകച്ചുനിൽക്കുന്നതിനു പകരം മുന്നിലുള്ള ആയിരക്കണക്കിന് അവസരങ്ങളെ തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഉപയോഗിക്കാനുള്ള സാമർത്ഥ്യമാണ് ഇന്ന് കുട്ടികൾ നേടേണ്ടത്.**



ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ജോലിയിൽ ചേർന്നുകഴിഞ്ഞാലും ഒരാൾക്ക് തന്നെത്തന്നെ നിരന്തരമായി അപ്ഡേറ്റ് ചെയ്യാതെ മുന്നോട്ടു പോകാൻ ഇന്ന് ബുദ്ധിമുട്ടാണ്. വിവരസാങ്കേതിക രംഗത്ത് ഇപ്പോൾ വമ്പിച്ച മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എടുക്കുക. അടുത്ത ഏതാനും വർഷങ്ങളിൽ ലക്ഷക്കണക്കിന് ജോലികളെ ആർട്ടിഫിഷൽ ഇന്റലിജൻസ് ബാധിക്കും എന്ന് പറയപ്പെടുന്നു. ഇവിടെ ശ്രദ്ധേയമായ ഒരു നിരീക്ഷണമുണ്ട്. അതായത് ചിലപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആയിരിക്കില്ല നമ്മുടെ ജോലി നഷ്ടപ്പെടുത്തുക, മറിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അറിയാവുന്ന വേറൊരു വ്യക്തിയായിരിക്കും അത്. ചുരുക്കത്തിൽ നമ്മൾ എന്ത് പഠിച്ചാലും തൊഴിൽ മേഖലയിൽ പിടിച്ചു നിൽക്കണമെങ്കിൽ നിരന്തരമായി നമ്മുടെ സ്കിൽസ് പുതുക്കിക്കൊണ്ട് വരണം. ഈയവസരത്തിൽ വിദ്യാർഥികൾ ശ്രദ്ധിക്കേണ്ട മറ്റൊന്നു കൂടിയുണ്ട്. വലിയൊരു ശതമാനം കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്, ആവശ്യത്തിന് സോഫ്റ്റ് സ്കിൽ, ഭാഷാ പ്രാവീണ്യം ഇവയൊക്കെ ഇല്ലാത്തതാണ്. ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ നിന്നൊക്കെ വരുന്ന മിടുക്കരായ ആയിരക്കണക്കിന് കുട്ടികൾക്ക് നല്ലൊരു തൊഴിൽ അപ്രാപ്യമായി നിൽക്കുന്നത് ഈ കഴിവുകളുടെ ഒരു കുറവുകൊണ്ട് കൂടിയാണ്.

ചുരുക്കത്തിൽ എന്താണ് പഠിക്കേണ്ടത് എന്നുവിചാരിച്ച് പകച്ചു നിൽക്കുന്നതിനു പകരം മുന്നിലുള്ള ആയിരക്കണക്കിന് അവസരങ്ങളെ തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഉപയോഗിക്കാനുള്ള സാമർഥ്യം ആണ് ഇന്ന് കുട്ടികൾ നേടേണ്ടത്◆

*ബാംഗ്ലൂർ ഐ.ഐ.എം.–ൽ സീനിയർ മാനേജറും ബ്ലോഗറുമാണു ലേഖകൻ.*








## കുരുന്നുകളുടെ മനം കവർന്ന് കെയ്റോസ് ബൈബിൾ നഴ്സറിയും കെയ്റോസ് സമ്മർ സ്കൂളും.

2024 ഏപ്രിൽ 12ന് ജീസസ് യൂത്ത് നാഷണൽ എക്ലേസിയസ്റ്റിക്കൽ അഡ്വൈസർ അഭിവന്ദ്യ അലക്സ് വടക്കുംതല പിതാവ് ഉദ്ഘാടനം നിർവഹിച്ച ഓൺലൈൻ പ്രോഗ്രാമുകളായ കെയ്റോസ് ബൈബിൾ നഴ്സറിയും കെയ്റോസ് സമ്മർ സ്കൂളും ഏറെ ആവേശത്തോടെയാണ് കുഞ്ഞുങ്ങൾ ഏറ്റെടുത്തത്. 10 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കായാണ് ഈ അവധിക്കാല ഓൺലൈൻ ബൈബിൾ നഴ്സറി ആരംഭിച്ചിട്ടുള്ളത്. 11 മുതൽ 15 വയസ്സുവരെയുള്ളവർക്കായി കെയ്റോസ് സമ്മർ സ്കൂളും. കുഞ്ഞു പ്രായത്തിൽതന്നെ ഈശോയെ കൂടുതൽ അറിയാനും വചനം പഠിക്കുവാനും കുട്ടികളിൽ താത്പര്യം ജനിപ്പിക്കുന്ന ഈ പ്രോഗ്രാമുകൾ, കഥകളും പാട്ടുകളും ആക്ടിവിറ്റികളുംകൊണ്ട് ഇതിനകംതന്നെ കുരുന്നുകളുടെ മനസ്സ് കവർന്നു കഴിഞ്ഞു.

## Greetings from Kerala Parish Ministry

കേരള ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ഭാഗമായിരിക്കുന്ന പാരിഷ് മിനിസ്ട്രിയുടെ PLT (PARISH LEADERS TRAINING) എന്ന ട്രെയിനിങ് പ്രോഗ്രാം ഒരുങ്ങി കൊണ്ടിരിക്കുന്നു. Date : May 9th to 12th. പാരിഷ് ഫുൾടൈമേഴ്സ്, കമ്മിറ്റഡ് ലീഡേഴ്സ് എന്നിവരെ രൂപപ്പെടുത്തിയെടുക്കുക, മുന്നേറ്റത്തിന്റെ സജീവ ഭാഗമാവുക യാത്രയിൽ തീഷ്ണതയോടെ ക്രിസ്തുവിനെ പകരുക എന്നതാണ് പ്രോഗ്രാമിന്റെ ലക്ഷ്യം. ഓരോ സോണിൽ നിന്നും ഒരു വർഷമെങ്കിലും മുന്നേറ്റത്തിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് പ്രോഗ്രാമിലേക്ക് പ്രതീക്ഷിക്കുന്നത്.

Google form: https://forms.gle/afNvAoNSaaZW76go9
Venue: CMI Mar Thoma Sadan Adivaram, Malayattoor.
Ph: 894 391 2477



# Step One 2024

**A Programe for 8th pass-outs**

നാളെയുടെ വാഗ്ദാനമായ കൗമാരക്കാരാണ് സഭയുടെയും സമൂഹത്തിന്റെയും ഭാവി നിർണയിക്കുന്നത്. അതുകൊണ്ടുതന്നെ മൂല്യബോധവും ആഴമായ ദൈവവിശ്വാസവും പക്വതയാർന്ന പെരുമാറ്റ ശൈലിയും അവരിൽ രൂപപ്പെടേണ്ടതുണ്ട്. അതിനുള്ള വേദികൾ സൃഷ്ടിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഒരു ആവശ്യമാണ്. നല്ല വ്യക്തിത്വത്തിന് ഉടമകളായിത്തീർന്ന് സഭയ്ക്കും സമൂഹത്തിനും കുടുംബത്തിനും ഈ കൗമാരക്കാർ അനുഗ്രഹമായി മാറേണ്ടതുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, കേരള ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രി മേയ് 10 മുതൽ 13 വരെ കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് 'സ്റ്റെപ് വൺ' എന്ന പ്രോഗ്രാം അവർക്കായി ഒരുക്കുന്നു.

യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാനും അവിടന്നുമായി ഒരു സുസ്ഥിരമായ ബന്ധം സ്ഥാപിക്കാനും അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഒൻപതാം ക്ലാസ്സിലേക്ക് പ്രവേശനം നേടുന്ന കുട്ടികൾക്കായി നടത്തുന്ന ഈ കോൺഫറൻസിൽ ആയിരത്തഞ്ഞൂറിലധികം കൗമാരക്കാരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. വിശുദ്ധ കുർബാനയും കുമ്പസാരവും ആത്മീയ പ്രഭാഷണങ്ങളും അനുഭവം പങ്കുവയ്ക്കലും മ്യൂസിക്കൽ ആൻഡ് തിയേറ്റർ പെർഫോമൻസും എല്ലാം ഉണ്ടാകും.

2004 – ൽ ആരംഭിച്ച 'സ്റ്റെപ് വൺ' എന്ന പ്രോഗ്രാം കോവിഡും പ്രളയവും സൃഷ്ടിച്ച നീണ്ട ഇടവേളയ്ക്കു ശേഷം (ഏഴു വർഷങ്ങൾക്ക് ശേഷം) വീണ്ടും എത്തുകയാണ്. കേരള തലത്തിൽ നടക്കുന്ന ഈ പരിപാടിയിൽ പങ്കെടുക്കാൻ എല്ലാ കൗമാരക്കാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു. അതോടൊപ്പം നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനകളും സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

പരിശുദ്ധ സിംഹാസനത്തിന്റെ അനുഗ്രഹത്തോടെ പ്രവർത്തിക്കുന്ന ജീസസ് യൂത്ത് മൂവ്മെന്റിലേക്കുള്ള ഈ ആദ്യ ചുവടുവെപ്പ്  നിങ്ങളുടെ ആത്മീയ ജീവിതത്തിലും വ്യക്തിജീവിതത്തിലും തീർച്ചയായും ഒരു മുതൽക്കൂട്ടായിരിക്കും.

## DREAM 2024
## Out Reach Child Support Program

ഔട്ട്റീച്ച് ചൈൽഡ് സപ്പോർട്ടിന്റെ ഭാഗമായി എറണാകുളം സോണിലെ വിവിധ സബ് സോണുകളിലെ കുട്ടികളെയും, മാതാപിതാക്കളെയും കച്ചേരിപ്പടി സെന്റ് ആന്റണീസ് സ്കൂളിൽ ഒരുമിച്ചു കൂട്ടിയപ്പോൾ...






## Chill n Run

കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ആദ്യമായി 'വേൾഡ് ചിൽഡ്രൻസ് ഡേ' മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. വരുന്ന മേയ് 25,26 തീയതികളിൽ റോമിൽ ഔദ്യോഗികമായി ചിൽഡ്രൻസ് ഡേ ആഘോഷിക്കുന്നു. കൊച്ചി രൂപതയും ഈ ചരിത്ര സംഭവത്തിന്റെ ഭാഗമാകുകയാണ്. മേയ് 19ന് ഇടക്കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ വച്ച് KRLCBC ചിൽഡ്രൻസ് കമ്മീഷൻ, 'Chill n Run' എന്ന പേരിൽ കുട്ടികളുടെ ഒരു ഗ്രാൻഡ് കോൺഫറൻസ് നടത്തുന്നു. ആയിരത്തോളം കുട്ടികളാണ് ഈ കോൺഫറൻസിൽ പങ്കെടുക്കുന്നത്. കുഞ്ഞുങ്ങൾക്കായി പ്രത്യേക ദിവ്യബലിയും ഉണ്ടാകും. കത്തോലിക്ക മ്യൂസിക് ബാന്റുകളുടെ സാന്നിധ്യം, ഗെയിംസ്, ആക്ടിവിറ്റികൾ എല്ലാം കോൺഫറൻസിന് മികവേകും. പെന്തക്കുസ്താ ദിനത്തിൽ പുതുതലമുറ പുത്തൻ ഉണർവിലേക്ക് എന്ന ലക്ഷ്യത്തോടെയാണ് ഗ്രാൻഡ് കോൺഫറൻസ് സംഘടിപ്പിക്കുന്നത്.

# ഉപരിപഠനം
## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### റിസൾട്ട് വന്നു.. ഇനിയെന്ത്?

പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും കഴിഞ്ഞാൽ മാതാപിതാക്കളെയും കുട്ടികളെയും ഒരുപോലെ അലട്ടുന്ന പ്രശ്നമാണ് കുട്ടികളുടെ ഉപരിപഠനം. ജോലി സാധ്യത കൂടുതലുള്ള കോഴ്സ് ഏതാണ്, ഏത് കോഴ്സ് പഠിച്ചാലാണ് ജീവിതവിജയം കൈവരിക്കാൻ സാധിക്കുക, വിദ്യാഭ്യാസ ചെലവുകൾ എങ്ങനെ കണ്ടെത്തും, തുടങ്ങിയ പല ചോദ്യങ്ങളും ഓരോരുത്തരുടെയും മനസ്സിൽ ഉണ്ടാകും. വളരെ ആലോചിച്ചും ആവശ്യമെങ്കിൽ വിദഗ്ധസഹായം തേടിയും മാത്രം തീരുമാനങ്ങൾ എടുക്കുക. പിന്നീട് ദുഃഖിക്കാൻ ഇടവരരുത്. ഏറെ ജാഗ്രത പുലർത്തേണ്ട സമയമാണിത്.

### മാതാപിതാക്കളുടെ റോൾ


പലപ്പോഴും പത്താം ക്ലാസ്സ് കഴിയുമ്പോഴെ കുട്ടികളുടെ അഭിരുചിയും താത്പര്യവും മനസ്സിലാക്കാതെ മാതാപിതാക്കൾക്ക് താത്പര്യമുള്ള ഗ്രൂപ്പ് എടുപ്പിക്കുകയാണ് പതിവ്. അതാണ് ഏറ്റവും വലിയ മണ്ടത്തരം. 8,9 ക്ലാസ്സുകളിൽ പഠിക്കുമ്പോഴെങ്കിലും കുട്ടികളുടെ അഭിരുചിയും താത്പര്യവും മനസ്സിലാക്കാൻ ശ്രമിക്കണം. കുട്ടിയ്ക്ക് ഇഷ്ടപ്പെട്ട വിഷയം, ഇഷ്ടമില്ലാത്ത വിഷയം, ഹോബി, സ്വഭാവം എന്നിവയെല്ലാം പരിഗണിച്ചു മാത്രമേ ഏറ്റവും അനുയോജ്യമായ കോഴ്സ് തെരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ. ഏറ്റവും ഇഷ്ടമുള്ള വിഷയം പഠിച്ചു വേണം ജോലി നേടാൻ. കണക്കിൽ താത്പര്യമില്ലാത്തയാൾ എഞ്ചിനീയറിങ്ങിന് ചേർന്ന് എങ്ങനെയെങ്കിലും ജയിച്ചു കിട്ടിയാൽ തന്നെയും ഇഷ്ടമില്ലാത്ത ജോലി ചെയ്ത് ജീവിതകാലം മുഴുവൻ കഴിച്ചു കൂട്ടേണ്ടി വരും. വളരെ അന്തർമുഖനായ ഒരു വ്യക്തിയെ നിർബന്ധിച്ചു അധ്യാപക ജോലിയിലേക്ക് കൊണ്ടുവന്നാൽ അയാൾ പഠിപ്പിക്കുന്ന കുട്ടികളുടെ ഭാവിയും കൂടി അവതാളത്തിലാകും.

മാതാപിതാക്കളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനുള്ള ഉപകരണങ്ങളല്ല മക്കൾ. അവരുടെ കൂടെ നിന്ന് അവരുടെ കഴിവുകളും താത്പര്യങ്ങളും മനസ്സിലാക്കി വേണം അവരുടെ തൊഴിൽ മേഖല കണ്ടെത്താൻ. അവരുടെ ഇഷ്ടങ്ങളും താത്പര്യങ്ങളും മനസ്സിലാക്കി കൂടെ നിൽക്കുക സഹായിക്കുക എന്നതാണ് മാതാപിതാക്കൾക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും ഉചിതമായ കാര്യം.

### ഏത് സബ്ജക്ട് ആണ് പഠിക്കേണ്ടത്?

സയൻസ്, മാത്തമാറ്റിക്സ് എന്നീ സബ്ജക്ടുകൾ പഠിക്കുന്നവർക്ക് മാത്രമേ നല്ല ഒരു കരിയർ കണ്ടെത്താൻ സാധിക്കുകയുള്ളൂ എന്ന ഒരു മിഥ്യാധാരണ പലർക്കും ഉണ്ട്. എന്നാൽ ആർട്സ്, കൊമേഴ്സ് തുടങ്ങിയ സബ്ജക്ടുകളുടെ സാധ്യത ഇന്ന് വളരെ വലുതാണ്. മാനേജ്മെന്റ് രംഗത്തും അക്കൗണ്ടിംഗ് മേഖലകളിലും ബാങ്കിംഗ് രംഗത്തും, പത്രമാധ്യമ മേഖലകളിലും ടെലിവിഷൻ ഫിലിം ഇൻഡസ്ട്രികളിലും ഒക്കെ നല്ല തൊഴിൽ അവസരങ്ങൾ ഇന്നുണ്ട്. സ്വന്തമായോ, മാതാപിതാക്കളുടെയോ, അധ്യാപകരുടെയോ, സഹായത്തോടെയോ കുട്ടികൾക്ക് സ്വന്തം അഭിരുചി മനസ്സിലാക്കാൻ സാധിക്കുന്നില്ല എങ്കിൽ ഒരു നല്ല കരിയർ കൗൺസിലറുടെ സഹായത്തോടെ ടെസ്റ്റുകൾ നടത്തി കുട്ടികളുടെ അഭിരുചി കണ്ടെത്തുകയും അതിനനുസരിച്ചുള്ള കോഴ്സും തൊഴിൽ മേഖലയും തെരഞ്ഞെടുക്കുകയും ചെയ്യുക.

കുടുംബത്തിലെയോ പരിചയത്തിലെയോ ഏതെങ്കിലും ഒരു കുട്ടി ഏതെങ്കിലും ഒരു കോഴ്സിന് ചേർന്ന് പഠിച്ച് ഉന്നത വിജയം നേടുകയും ഉന്നത നിലവാരത്തിലുള്ള ഒരു ജോലിയിൽ പ്രവേശിക്കുകയും ചെയ്താൽ തങ്ങളുടെ കുട്ടികളും ആ കോഴ്സ് പഠിച്ചാൽ നല്ല നിലയിൽ എത്തുമെന്ന് വ്യാമോഹിച്ചു മക്കളെ അവർക്ക് താത്പര്യമില്ലെങ്കിൽ കൂടി ആ കോഴ്സിന് പറഞ്ഞയക്കുന്ന മാതാപിതാക്കളും ഉണ്ട്. കുട്ടിയുടെ ആത്മവിശ്വാസം തകർക്കാൻ ഇതിടയാക്കുന്നു. പിന്നീട് കുട്ടി സമ്മർദം താങ്ങാൻ പറ്റാത്ത ഒരു അവസ്ഥയിൽ എത്തിച്ചേരാനും സാധ്യതയുണ്ട്. അത് ഗുരുതരമായ മാനസിക പ്രശ്നങ്ങളിലേക്ക് കുട്ടിയെ നയിക്കും.



വ്യക്തികളുടെ അഭിരുചികളും, താത്പര്യവും, കഴിവും വിഭിന്നമായിരിക്കുമെന്ന് കുട്ടികൾ മനസ്സിലാക്കാത്തതിന്റെ പ്രശ്നമാണിത്. തങ്ങൾ പഠിക്കുന്ന കോളേജുകളും കോഴ്സുകളും ഒക്കെയാണ് തങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നത് എന്ന ബോധ്യം ഓരോ കുട്ടിക്കും ഉണ്ടായിരിക്കണം. അതിനനുസരിച്ച് തങ്ങളുടെ അഭിരുചിക്ക് അനുയോജ്യമായ കോഴ്സുകൾ വേണം തിരഞ്ഞെടുക്കാൻ. ഫ്രണ്ട്ഷിപ്പും പഠനവും കൂട്ടിക്കുഴക്കരുത്.

## വിദേശ പഠനം

ഇപ്പോൾ വിദേശരാജ്യങ്ങളിലേക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. ഉന്നത പഠന നിലവാരം, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ, പഠനശേഷം അവിടെത്തന്നെയുള്ള സ്ഥിരജോലി, എന്നിവയൊക്കെ ലക്ഷ്യം വച്ചാണ് എല്ലാവരും വിദേശരാജ്യങ്ങളിലേക്ക് പോകുന്നത്. എന്നാൽ ഓരോ ചുവടും ശ്രദ്ധയോടെ അല്ലെങ്കിൽ ധാരാളം ചതിക്കുഴികൾ ഉണ്ടാകും. സാമ്പത്തിക നഷ്ടവും സമയനഷ്ടവും ആയിരിക്കും ഫലം. ഏത് കോഴ്സ് ആണ് പഠിക്കേണ്ടത്, ഡിപ്ലോമ വേണോ ഡിഗ്രി വേണോ, കോളേജുകൾ വേണോ, യൂണിവേഴ്സിറ്റി വേണോ, അവിടെത്തന്നെ ജോലി ചെയ്യാൻ സാധിക്കുമോ? ഫീസ്, ചെലവുകൾ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ നന്നായി പഠിച്ചതിനുശേഷം മാത്രമേ വിദേശരാജ്യങ്ങളിൽ അഡ്മിഷൻ എടുക്കാവൂ.

പുതിയ ഒരു പഠന മേഖലയിലേക്ക് തിരിയുന്നതിനു മുൻപ് നന്നായി പ്രാർഥിച്ച് ഒരുങ്ങണം. നമുക്ക് ഏറ്റവും മികച്ചത് ഏതാണോ അത് പരിശുദ്ധാത്മാവ് നമുക്ക് കാണിച്ചു തരും. ദൈവഹിതം അനുസരിച്ചെടുക്കുന്ന തീരുമാനങ്ങൾ ഒരിക്കലും പാളി പോകുകയില്ല◆

*ഇക്കണോമിക്സിലും സൈക്കോളജി യിലും ബിരുദാനന്തര ബിരുദമുള്ള ലേഖിക എറണാകുളം വടുതലയിൽ താമസിക്കുന്നു.*

## വിദ്യാർഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുട്ടികളുടെ കാര്യമെടുത്താൽ പല കുട്ടികളും തങ്ങളുടെ സുഹൃത്തുക്കൾ പഠിക്കുന്ന കോളേജിലെ പഠിക്കുകയുള്ളൂ എന്നും അവർ പഠിക്കുന്ന കോഴ്സുകൾക്ക് മാത്രമേ ചേരുകയുള്ളൂ എന്നും പറഞ്ഞ് വാശി പിടിക്കാറുണ്ട്. രണ്ട് വ്യത്യസ്ത




# "എന്റെ പ്രത്യാശ മുഴുവൻ എന്റെ ദൈവത്തിലാണ്"

# അലിസൺ ഫെലിക്സ് (അമേരിക്ക)

ചില കഥകൾക്ക് വല്ലാത്ത കരുത്താണ്. അത്തരത്തിലൊരു കഥയാണ് അമേരിക്കൻ വനിതാ സ്പ്രിന്റർ അലിസൺ ഫെലിക്സിന്റേത് (Allyson Felix). ഒരിക്കൽ ഇ.എസ്.പി.എൻ ചാനലിന് നൽകിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഇപ്രകാരമാണ്. "എന്റെ ക്രിസ്തുവിലുള്ള വിശ്വാസമാണ് തീർച്ചയായും എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വശം. വളരെ പുരാതനമായതും ശക്തമായ ഒരു ക്രിസ്ത്യൻ അടിത്തറയുള്ളതുമായ ഭവനത്തിലാണ് ഞാൻ വളർന്നത്. എന്റെ അച്ഛൻ ഒരു സെമിനാരി പ്രൊഫസർ ആയിരുന്നതു കൊണ്ടുതന്നെ ഞങ്ങളുടെ കുടുംബം ഞങ്ങളുടെ പള്ളിയിലെ ആത്മീയകാര്യങ്ങളിൽ വളരെ ഇടപെട്ടിരുന്നു. ഇത്തരത്തിലുള്ള ഒരു കുടുംബത്തിൽ എനിക്ക് വളരാൻ അവസരം ലഭിച്ചതിൽ ഞാൻ വളരെ ഭാഗ്യവതിയാണ്. വളരെ ജ്ഞാനമുള്ള രണ്ടു ദൈവഭക്തരായ മാതാപിതാക്കൾ എനിക്ക് ഉണ്ടായിരിക്കുന്നത് എന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം വളരെയധികം അർഥപൂർണമാകുന്നു. ഞാൻ വളർന്നതും നേട്ടങ്ങൾ കൈവരിക്കുന്നതുമായ കാര്യങ്ങൾ കാണാനുള്ള ഭാഗ്യം ലഭിച്ചവരാണ് അവർ. വളരെ ചെറുപ്പത്തിൽതന്നെ യേശു ക്രിസ്തുവിനെ എന്റെ രക്ഷകനായി ഞാൻ തെരഞ്ഞെടുത്തു. അന്നുമുതൽ, ദൈവവുമായുള്ള എന്റെ ബന്ധം വളർത്തിയെടുക്കാൻ ഞാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. പലപ്പോഴും ഒരു തികഞ്ഞ വിശ്വാസമുള്ള കുട്ടിയായി ഞാൻ ക്രിസ്തുവിന്റെ അടുത്തെങ്ങും എത്തിയിരുന്നില്ല. ഞാൻ നടത്തിയ നിരാശാജനകമായ ചില തെരഞ്ഞെടുപ്പുകൾക്കൊപ്പം എനിക്ക് ബുദ്ധിമുട്ടുള്ള സമയങ്ങളും ഉണ്ടായി

രുന്നു, പക്ഷേ, നന്ദിയുള്ള ദൈവം എന്നെ സ്നേഹിക്കുന്നത് ഒരിക്കലും നിറുത്തിയിട്ടില്ല.

ഞാൻ നിലവിൽ സ്പോർട്സ് എന്ന എന്റെ ജോലിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടിരിക്കുകയാണ്, മറ്റുള്ളവരെപ്പോലെ ഞാനും എല്ലാ ദിവസവും ഓരോ പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നു. എന്നാൽ, ഓരോ ദിവസവും കൂടുതൽ ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണ് എന്റെ ലക്ഷ്യം, അത് എളുപ്പമുള്ള കാര്യമല്ല എന്ന് എനിക്കറിയാം. അതിനായി ഞാൻ മറ്റ് ഒളിമ്പിക് ഓട്ടക്കാരിൽ നിന്ന് വ്യത്യസ്തയാകാൻ ശ്രമിക്കുകയാണ്. ഓരോ മത്സരത്തിനു ശേഷവും ഞാൻ എന്നെ അവതരിപ്പിക്കുന്ന രീതിയിലൂടെ മറ്റുള്ള ആളുകൾക്ക് ക്രിസ്തുവിനെപ്പോലെയുള്ള സ്വഭാവം എന്നിൽ വേർതിരിച്ചറിയാൻ കഴിയണമെന്ന പ്രതീക്ഷയിലാണ്. പലപ്പോഴും എനിക്ക് ചുറ്റുമുള്ള സമ്മർദത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കാൻ ഞാൻ ശ്രമിക്കുന്നു. ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന വേദഭാഗം ഫിലിപ്പിയർ 4,6 –7 ആണ്, "ഒന്നിനെക്കുറിച്ചും ആകുലരാകരുത്. എന്നാൽ, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് സമർപ്പിക്കുക. എല്ലാ വിവേകത്തിനും അതീതമായ ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ മനസ്സിനെയും ക്രിസ്തുയേശുവിൽ കാത്തുസൂക്ഷിക്കും". ഞാൻ ഏതെങ്കിലും തരത്തിലുള്ള സമ്മർദം നേരിടുമ്പോൾ ആ വാക്യം എല്ലായ്പ്പോഴും എന്റെ ഹൃദയത്തെ ഉണർത്തുന്നു. ജീവിതത്തിന്റെ പോരാട്ടങ്ങളിലുടനീളം എന്റെ വിശ്വാസം എന്റെ ഹൃദയത്തെ ശാന്തമാക്കുന്നു. ഞാൻ ബൈബിളിൽ വിശ്വസിച്ചു അതിൽ തുടരാൻ ശ്രമിക്കുകയും അതിനായി ഒരുപാട് പ്രാർഥിക്കുകയും ചെയ്യുന്നു. ദൈവത്തോട് നിരന്തരം പ്രാർഥനകളിലൂടെ സംസാരിക്കുന്നു. ആയതിനാൽ അവൻ എനിക്ക് ശക്തിയും ജ്ഞാനവും നൽകുന്നു."

"ഞാൻ ഇപ്പോൾ കടന്നുപോകുന്ന എന്റെ ജീവിതകാലത്ത്, ഓടാനുള്ള കഴിവ് ദൈവം എനിക്ക് നൽകിയതിൽ ഞാൻ വളരെ ഭാഗ്യവതിയാണ്. എന്റെ ഓടാനുള്ള കഴിവ് ദൈവത്തിൽ നിന്നുള്ള ഒരു അത്ഭുതകരമായ സമ്മാനമാണ്, അവനെ മഹത്വപ്പെടുത്താൻ എന്റെ കഴിവിന്റെ പരമാവധി ഉപയോഗിക്കാൻ ഞാൻ എപ്പോഴും ആഗ്രഹിക്കുന്നു. നിങ്ങൾക്ക് ഏവർക്കും ഈ അഭിനിവേശം ഉണ്ടായിരിക്കണം, നിങ്ങൾ ചെയ്യുന്നത് ചെയ്യുന്നതിന് നിങ്ങൾക്ക് ഒരു കാരണം ഉണ്ടായിരിക്കണം. അവിടെ ശരിക്കും ഒരു ഉദ്ദേശ്യം ഉണ്ടായിരിക്കണം, അതാണ് വിജയത്തെ നയിക്കുന്നതെന്ന് ഞാൻ കരുതുന്നു. എന്റെ കഴിവ് ദൈവത്തിൽനിന്നാണെന്ന് എനിക്കറിയാം. ഇതാണ് എന്റെ ഉദ്ദേശ്യം: അവനെ മഹത്വപ്പെടുത്താൻ ഓടുക. എന്റെ വിശ്വാസം ലോകവുമായി പങ്കിടാൻ ഈ പ്ലാറ്റ്ഫോം ലഭിച്ചതിൽ ഞാൻ നന്ദിയുള്ളവളാണ്."

"ദൈവം നൽകിയ എന്റെ കുഞ്ഞാണ് എനിക്ക് പ്രധാനം"

അലിസൺ ഫെലിക്സ് ഗർഭിണിയായപ്പോൾ ആഗോള ബ്രാൻഡായ നൈക്കി അലിസണിന്റെ സ്പോൺസർഷിപ്പ് സ്ഥാനം ഒഴിഞ്ഞു.ആ ഒഴിവാക്കലിൽ നിന്നു കരുത്താർജിച്ച അവർ അമ്മയായതിനുശേഷം, ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സാക്ഷാൽ ഉസൈൻ ബോൾട്ടിന്റെ റെക്കോർഡാണ് തിരുത്തി എഴുതിയത്. 4x400 മിക്സഡ് റിലേയിൽ സ്വർണം നേടിയാണ് അലിസൺ ബോൾട്ടിന്റെ റെക്കോർഡ് തകർത്തത്. ഈ നേട്ടത്തോടെ ലോക അത്‌ലറ്റിക് ചാംപ്യൻഷിപ്പിൽ 12 –ാം സ്വർണം സ്വന്തമാക്കിയ അലിസൺ ഏറ്റവും കൂടുതൽ തവണ ലോക മീറ്റിൽ സ്വർണമണിയുന്ന താരമായി മാറി. ലോക ചാമ്പ്യൻഷിപ്പിൽ ബോൾട്ടിന്റെ സ്വർണ സമ്പാദ്യം 11 ആണ്. 2017 ഡിസംബറിലാണ് നൈക്കി അലിസണുമായുള്ള സപോൺസർഷിപ്പ് ഒഴിച്ചത്. ഗർഭിണിയായെന്ന കാരണം ചൂണ്ടിക്കാട്ടി ഒന്നര വർഷം നീണ്ട സ്പോൺസർഷിപ്പിനു ശേഷം നൈക്കി സ്ഥാനമൊഴികുകയായിരുന്നു. 2005 മുതലാണ് ലോക മീറ്റിൽ അലിസൺ ഫെലിക്സ് സ്വർണവേട്ട തുടങ്ങിയത്. 200 മീറ്ററിൽ മൂന്നു തവണ, 400 മീറ്ററിൽ ഒരു തവണ, 4x100 മീറ്റർ വനിത റിലേയിൽ മൂന്നു തവണ, 4x400 മീറ്റർ റിലേയിൽ നാലു തവണ.എന്നിങ്ങനെയാണ് കഴിഞ്ഞ കാലങ്ങളിൽ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ട്രാക്കിൽ നിന്നും അലിസൺ സ്വർണം വാരിയത്◆

*ലേഖകൻ കുവൈറ്റിൽ നഴ്സ് ആയി ജോലി ചെയ്യുന്നു.*

# മനക്കരുത്തും മനഃസാക്ഷിയുമുള്ള ചെറുപ്പക്കാർ

**വർഗീസ് അഗസ്റ്റിൻ**



പൊതുവേ, റോഡിലൂടെയുള്ള യാത്രയ്ക്കിടയിൽ ആളുകളുടെ ക്ഷമയില്ലായ്മയും വെപ്രാളവും ദേഷ്യപ്പെടലുകളും തെറിപറച്ചിലുകളുമൊക്കെ കാണാനാവും. മിക്കവാറും കേരളത്തിലെ എല്ലാ റോഡുകളിലും ഇതൊരു സ്ഥിരം കാഴ്ചയായിരിക്കാം.

ഈ കഴിഞ്ഞ രണ്ടു ദിവസം മുമ്പുള്ള മനോരമ പത്രത്തിലെ ഒരു ഫോട്ടോ ഏറെ ചിന്തനീയവും അഭിമാനം തോന്നുന്ന തരത്തിലുള്ളതുമായിരുന്നു. റോഡ് കുറുകേ കടക്കുവാൻ പറ്റാതെ നിന്ന പ്രായമായ വഴിപോക്കനെ തന്റെ കൈക്കുഞ്ഞുമായി നീങ്ങുന്ന യാത്രക്കാരി, റോഡ് കുറുകേ കടക്കുവാൻ സഹായിക്കുന്ന ചിത്രമായിരുന്നു. നല്ല മനസ്സുള്ള ആ സ്ത്രീ ചെയ്ത ഉപകാരം മാത്രമായിരുന്നില്ല ആ ഫോട്ടോയുടെ പ്രത്യേകത. കൈക്കുഞ്ഞിനെയുമായി ആ വയോധികനെ റോഡ് കടക്കാൻ സഹായിക്കുന്ന നേരം, ബൈക്ക് യാത്രികരും കാറുകാരും ഉൾപ്പെടുന്ന ഏറെപ്പേർ അവർക്കായി തങ്ങളുടെ വാഹനങ്ങൾ നിറുത്തിയിട്ട് കാത്തു നിൽക്കുന്ന രംഗമായിരുന്നു. ചിത്രം കണ്ടാലറിയാം നല്ല തിരക്കുള്ള സമയത്താണ് ഇത് നടക്കുന്നതെന്ന്.

ഈ ചിത്രം രണ്ട് കാര്യങ്ങൾ പറയുന്നുണ്ട്. ഒന്ന്, സഹായിക്കാൻ മനസ്സുള്ള മനുഷ്യർ എപ്പോഴും നമുക്കു ചുറ്റുമുണ്ട്. അവർ ഏത് സാഹചര്യത്തിൽ ആണെങ്കിലും മറ്റുള്ളവർക്കുവേണ്ടി കരം നീട്ടാൻ തയ്യാറുള്ളവരും. രണ്ട്, സ്വന്തം കാര്യം മാത്രം നോക്കി തിരക്കിട്ടു പോകുന്നവരാണ് യാത്രക്കാരെന്നും ഒട്ടും ക്ഷമയില്ലാതെ ബൈക്കിൽ പായുന്നവരാണ് ചെറുപ്പക്കാരെന്നും ഒക്കെയുള്ള പൊതു ധാരണകളെ തിരുത്തിക്കുറിക്കുന്നതുമായിരുന്നു ആ കാഴ്ചകൾ.



# മഷിത്തണ്ട്

**ഒരു തരി മണ്ണുപോലും ഈ കാലയളവിൽ സമ്പാദിക്കാനായില്ല. വാടക കൊടുത്തിട്ട് എട്ടുമാസം കഴിഞ്ഞു. ഇനി ഇങ്ങനെ ജീവിക്കാൻ അഭിമാനം അനുവദിക്കുന്നില്ല. നമുക്ക് ഒരുമിച്ചു മരിക്കാം, അതാ നല്ലത്.**

**യുവ\മൈസ്റ്റോറി** - ബൈജു പൗലോസ്, പറവൂർ, എറണാകുളം

ഇടവക മുഴുവൻ ആഹ്ലാദത്തിന്റെയും, ആഘോഷത്തിന്റെയും അതിപ്രഭാവം നിറഞ്ഞുനിന്ന ദിനമായിരുന്നു ആ ശനിയാഴ്ച. പതിറ്റാണ്ടുകൾ പഴക്കമുള്ള ഇടവകയിലെ പ്രഥമ വൈദികന്റെ പുത്തൻകുർബാനയുടെ അവസാനഘട്ട ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നു. വെള്ളവസ്ത്രധാരികളായി ശലഭങ്ങളെപ്പോലെ പാറിനടക്കുന്ന കുഞ്ഞുകുട്ടികൾ. കൈകളിൽ കൊടിതോരണങ്ങളും മുത്തുക്കുടകളുമേന്തി, ഇടവകജനങ്ങളും നാട്ടുകാരും, പ്രദക്ഷിണ വീഥിക്ക് ഇരുവശങ്ങളിലുമായി നിൽക്കുന്നു. സ്വീകരണത്തിന് മിഴിവേകാൻ വാദ്യമേളങ്ങളുടെ അകമ്പടി.. വലിയ ശബ്ദത്തോടെ ഇടയ്ക്കിടെ പൊട്ടിച്ചിതറുന്ന കതിനാവെടികൾ.. തോരണങ്ങൾകൊണ്ട് അലംകൃതമായ പ്രദക്ഷിണ വീഥികൾ, ആകാശപാളികളെ കീറിമുറിച്ച് ഭൂമിയിലേക്ക് പതിക്കാൻ വെമ്പൽ കൊള്ളുന്ന കാർമേഘങ്ങൾ, മൊത്തത്തിൽ ഇടവകയ്ക്കും, നാടിനും

ആഘോഷത്തിമിർപ്പ്. നവവൈദികനെ സ്വീകരിച്ചശേഷം ഗായക സംഘത്തിന്റെ പ്രാരംഭ ഗാനത്തോടെ ബലിയർപ്പണം ആരംഭിച്ചു. ഇടവകയിൽ ഇത്തരം ഒരു ചടങ്ങ് ആദ്യമായതിനാലും, മറ്റ് ഇടവകകളിൽ നിന്ന് വിശിഷ്ടാതിഥികളും, നവവൈദികന്റെ ബന്ധുമിത്രാദികളും ഉള്ളതിനാലും, മുൻപെങ്ങും കാണാത്ത വിധം പള്ളിയിൽ ജനപങ്കാളിത്തം ഉണ്ടായിരുന്നു. കുർബാനയുടെ ആദ്യഭാഗമൊക്കെ കഴിഞ്ഞ് പ്രസംഗത്തിന്റെ സമയമെത്തി. ഒരു വൈദികന്റെ ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളിയിൽ ഒന്നാണത്. അച്ചൻ നല്ലൊരു പാട്ടുകാരനാണ്, നല്ലൊരു പ്രസംഗകനാണ് എന്ന് മറ്റുള്ളവരിൽ നിന്നും കേൾക്കുന്നത് ഒരു വൈദികനെ സംബന്ധിച്ചിടത്തോളം അവന്റെ വലിയൊരു സ്വപ്നവും. അച്ചൻ തന്റെ പ്രസംഗം ആരംഭിച്ചത് ഒരു കഥയിലൂടെയാണ്..

ചെറുപ്പം മുതൽ ഒരുമിച്ച് കളിച്ചു വളർന്നവരാണ് മനുവും അപ്പുവും ജെറിയും. വളരെ ഇഴയെടുപ്പമുള്ള സൗഹൃദം. സാമാന്യം നല്ല രീതിയിൽ പഠിക്കുന്ന അവർ ഇന്ന് പത്താം ക്ലാസ്സിൽ എത്തി നിൽക്കുന്നു. ഒത്തിരി ആഗ്രഹങ്ങൾ മനസ്സിൽ കൊണ്ട് നടക്കുന്ന അവരുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു ഒരു കമ്പ്യൂട്ടറും, സ്പോർട്സ് സൈക്കിളും വാങ്ങുകയെന്നത്. ആഗ്രഹം മൂർധന്യത്തിലായപ്പോൾ തങ്ങളുടെ മാതാപിതാക്കളോട് അവർ ആഗ്രഹമറിയിച്ചു. മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയിലുള്ളവരാണ് മനുവിന്റെയും, ജെറിയുടെയും മാതാപിതാക്കൾ. ആയതിനാൽ മനുവിനും ജെറിക്കും, പത്താം ക്ലാസ്സിൽ നല്ല മാർക്ക് നേടി പാസ്സായാൽ, സ്വന്തമായൊരു ലാപ്ടോപ്പും സ്പോർട്സ് സൈക്കിളും വാങ്ങിത്തരാമെന്ന് മാതാപിതാക്കൾ ഉറപ്പു കൊടുത്തു. എന്നാൽ അപ്പുവിന്റെ മാതാപിതാക്കളുടെ സാമ്പത്തിക പരിമിതിമൂലം മകന്റെ ആഗ്രഹത്തിന് യാതൊരു പരിഗണനയും കൊടുത്തില്ലയെന്നു മാത്രമല്ല, മനുഷ്യന് ജീവിച്ചു പോകാൻ കഴിയുന്നില്ല, അപ്പോഴാണ് അവന്റെ ഒരു കമ്പ്യൂട്ടറും സൈക്കിളും എന്നുപറഞ്ഞു ശകാരിക്കുകയും ചെയ്തു. അവന്റെ കുഞ്ഞു മനസ്സ് വല്ലാതെ വേദനിച്ചു. അപ്പുവിന് മാതാപിതാക്കളോട് വലിയ ദേഷ്യവും, അനിഷ്ടവും തോന്നി. എങ്കിലും അവൻ തളർന്നില്ല, ആഗ്രഹ സാഫല്യത്തിനുള്ള ശ്രമം തുടർന്നുകൊണ്ടേയിരുന്നു.

അങ്ങനെയിരിക്കെ ഒരു ഞായറാഴ്ച മനുവും അപ്പുവും ജെറിയും വിശുദ്ധ കുർബാനയ്ക്കായി രാവിലെ പള്ളിയിലേക്ക് പോവുകയായിരുന്നു. വീട്ടിൽ നിന്നും നടന്നാണ് അവർ സാധാരണഗതിയിൽ പള്ളിയിൽ പോയിരുന്നത്. അന്ന് അവർ പതിവുപോലെ പള്ളിയിലേക്ക് പോകുന്നതിനിടയ്ക്ക് റോഡ് സൈഡിലായി ഒരു ചെറിയ പൊതിക്കെട്ട് കിടക്കുന്നത് അപ്പുവിന്റെ ശ്രദ്ധയിൽപ്പെട്ടു. ജെറിയും മനുവും അല്പം മുൻപിലായിരുന്നതിനാൽ അവരത് ശ്രദ്ധിച്ചില്ല. ആ പൊതി കൈയിലെടുത്ത അപ്പു അത് തുറക്കുവാൻ തുടങ്ങിയപ്പോഴേക്കും, അല്പം അകലെയായിരുന്ന ജെറിയുടെ വിളിവന്നു. എടാ നീ പെട്ടെന്ന് വായോ, കുർബാനയ്ക്കുള്ള സമയമായി. എന്തോ ആ സമയത്ത് അപ്പുവിന് കൂട്ടുകാരോട് കളഞ്ഞുകിട്ടിയ പൊതിയെക്കുറിച്ച് പറയുവാൻ മനസ്സ് വന്നില്ല. കൂട്ടുകാർ കാണാതെ പൊതി പാന്റിന്റെ പോക്കറ്റിലിട്ട് അവരോടൊപ്പം അപ്പു പള്ളിയിലേക്ക് യാത്രയായി.

കുർബാനകഴിഞ്ഞ ഉടൻതന്നെ കാറ്റെക്കിസം ക്ലാസ്സിൽപോലും നിൽക്കാതെ, ടീച്ചറോട് ഒരു കള്ളവും പറഞ്ഞ് അപ്പു വീട്ടിലേക്ക് ഓടി. പള്ളിയിൽനിന്നും ആരും വീട്ടിൽ തിരികെയെത്തിയിട്ടില്ലയെന്ന് ഉറപ്പിച്ച് തിടുക്കത്തിൽത്തന്നെ മുറിയിൽക്കയറി അപ്പു വാതിലടച്ചു. അതിനുശേഷം കളഞ്ഞു കിട്ടിയ പൊതി മെല്ലെ തുറന്നു. അവന് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അതിൽ കുറച്ച് സ്വർണാഭരണങ്ങൾ ആയിരുന്നു. പൊട്ടിക്കിടക്കുന്ന ഒരു മാല, ചെറിയൊരു കമ്മൽ, രണ്ടു വള ഇത്രയൊക്കെയാണ് അതിൽ ഉണ്ടായിരുന്നത്. അല്പസമയത്തേയ്ക്ക് സ്തബ്ദനായിപ്പോയ, അപ്പുവിന് തന്നെ ആരോവിളിക്കുന്നതുപോലെ തോന്നി. പൊതി ഭദ്രമായടച്ച് ആരുടെയും ശ്രദ്ധകിട്ടാത്ത വിധം തന്റെ ഷെൽഫിൽ അവൻ ഒളിപ്പിച്ചു. അന്ന് രാത്രി അപ്പുവിന് ഉറങ്ങാൻ കഴിഞ്ഞില്ല. സന്തോഷവും അതിലുപരി ഭയവും അവന്റെ മനസ്സിനെ വേട്ടയാടി. ദൈവം നൽകിയ സമ്മാനമെന്ന് കരുതി തന്റെ സ്വപ്നങ്ങൾ പൂവണിയുന്നതായി അപ്പുവിന് തോന്നി. തന്റെ സ്വപ്നങ്ങൾ സഫലമാക്കുന്നതോടൊപ്പം, മിച്ചമുണ്ടെങ്കിൽ അത് അപ്പനെ ഏൽപ്പിക്കുകയും വേണം. പലവിധ ചിന്തകൾ കാരണം അവന്റെ ഉറക്കം നഷ്ടപ്പെട്ടു കൊണ്ടേയിരുന്നു. ഒരിക്കൽ കൂടി ആ പൊതി ഒന്ന് തുറന്നു കാണണമെന്ന് ആഗ്രഹിച്ചെങ്കിലും കൂടെ കിടക്കുന്ന അനിയൻ അറിഞ്ഞാലോ എന്ന് കരുതി അവൻ അതിന് മുതിർന്നില്ല. ഇടയ്ക്കെപ്പൊഴോ ഉറക്കത്തിന്റെ നിഗൂഢതയിലേയ്ക്കവൻ ആഴ്ന്നിറങ്ങി.

ദിവസങ്ങൾ പലതും കടന്നുപോയി. ആരും അറിയാതെ പൊതി വീട്ടിൽ നിന്നുമെടുക്കാനുള്ള അവന്റെ പരിശ്രമങ്ങൾക്കൾ വിജയം കണ്ടില്ല. ക്ഷമയുടെ അതിർവരമ്പുകൾ എപ്പോൾ വേണമെങ്കിലും ഭേദിയ്ക്കാമെന്ന സ്ഥിതിയിലായി. അങ്ങനെയിരിക്കെ ഒരു ദിവസം അവൻ രാവിലെ എഴുന്നേറ്റത്, ഇന്ന് എന്തൊക്കെ സംഭവിച്ചാലും ആ പൊതി തുറന്നു സ്വർണമാല പുറത്തെടുക്കുമെന്ന് മനസ്സിൽ ഉറപ്പിച്ചാണ്. വീട്ടുകാരെല്ലാം പുറത്തുപോയ അവസരം നോക്കി അവൻ ഷെൽഫിൽ നിന്നും ആ പൊതി പുറത്തേയ്ക്കെടുത്തു. മെല്ലെ തുറന്നു നോക്കിയ അപ്പുവിന് തന്റെ സന്തോഷം അടക്കി വയ്ക്കാനായില്ല. 'തന്നോട് കാണിച്ച കാരുണ്യത്തിന് ഒരിക്കൽക്കൂടി അവൻ ദൈവത്തോട് നന്ദി പറഞ്ഞു.' തന്റെ എത്രയോ കാലത്തെ കാത്തിരിപ്പിനാണ് ഇവിടെ പരിസമാപ്തി ഉണ്ടാകാൻ പോകുന്നത്. സന്തോഷാദിക്യത്താൽ കണ്ണുകൾ നിറയുന്നതിനിടയിൽ ആഭരണങ്ങൾ പൊതിഞ്ഞ പേപ്പർ അപ്പുവിന്റെ ശ്രദ്ധയിൽപ്പെട്ടു, അതിൽ എഴുതിയിരിക്കുന്ന വരികൾ അവൻ ആശ്ചര്യത്തോടെ വായിക്കുവാൻ തുടങ്ങി.

**മരണത്തിന്റെ രൂക്ഷഗന്ധം അവിടമാകെ മുഖരിതമാകുന്നതുപോലെ അവർക്ക് തോന്നി. സാർ തന്റെ സകല ശക്തിയുമെടുത്ത് വാതിൽ ചവിട്ടിത്തുറന്നു.**

*പ്രിയപ്പെട്ട മാധവേട്ടന്,*

*ചേട്ടന്റെ പഴയ പണിക്കാരൻ ബാബുവാണ് ഞാൻ. ചേട്ടന് സുഖം തന്നെയല്ലേ. ഒരുപാട് നാളായി നമ്മൾ തമ്മിൽ കണ്ടിട്ട്. എന്റെ അവസ്ഥ ചേട്ടൻ അറിഞ്ഞു കാണുമല്ലോ. സാമ്പത്തികമായി വലിയ ബുദ്ധിമുട്ടിലാണ് ഞാൻ. കുറച്ചു പഴയ സ്വർണാഭരണങ്ങൾ എന്റെ മകൻ പ്രശോബിന്റെ കൈവശം കൊടുത്തു വിടുന്നു. അതെടുത്ത് ഒരു 85,000 രൂപ എനിക്ക് തരണം. നേരിട്ട് വരാൻ എന്റെ ശാരീരികാവസ്ഥ അനുവദിക്കുന്നില്ല, വളരെ അത്യാവശ്യമുള്ളതിനാൽ ഇന്നുതന്നെ പണം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. മകൻ ചെറുതാണെന്ന് കാര്യം നോക്കണ്ട അവനത് സൂക്ഷിച്ച് കൈകാര്യം ചെയ്തുകൊള്ളും.*

*സ്വന്തം ബാബു.*

അത് മുഴുവൻ വായിച്ചു കഴിഞ്ഞപ്പോഴേക്കും അപ്പു അല്പനേരത്തേക്ക് മരവിച്ചു പോയി. കണ്ണിലേക്ക് ഇരുട്ടു കയറുന്നത് പോലെ തോന്നി. അവന്റെ വീട്ടിൽ നിന്നും അര കിലോമീറ്റർ മാത്രം അകലെയായിരുന്നു ബാബു ചേട്ടന്റെ വീട്. ബാബു ചേട്ടന്റെ മകൻ പ്രശോബും അപ്പുവും കൂട്ടുകാരുമായിരുന്നു. അവൻ സാവധാനം യാഥാർഥ്യത്തിലേക്ക്

തിരികെയെത്തി. തന്റെ പ്രിയ കൂട്ടുകാരായ മനുവിനെയും ജെറിയെയും ലക്ഷ്യമാക്കി ഓടി. കൂട്ടുകാരെയും കൂട്ടി അല്പം വിജന മായ ഒരു സ്ഥലത്ത് എത്തിയ അപ്പു, നടന്ന സംഭവങ്ങൾ അവരോട് വിവരിക്കുകയും, മറച്ചുവച്ചതിന് മാപ്പ് ചോദിക്കുകയും ചെയ്തു. അല്പസമയത്തെ ആലോചനക്കുശേഷം മനു ഒരു അഭിപ്രായം പറഞ്ഞു. നമുക്ക് കാറ്റെക്കിസം പഠിപ്പിക്കുന്ന തങ്കച്ചൻ സാറി നോട് ഈ വിവരം പറയാം. സാർ നമുക്ക് ഒരു പോംവഴി കാണിച്ച് തരുമായിരിക്കും.

അവർ മൂന്നു പേരും കൂടി തങ്കച്ചൻ സാറിന്റെ വീട്ടിലെത്തി; എന്നാൽ, സാർ അവിടെ ഉണ്ടാ യിരുന്നില്ല. നിരാശരായി നിന്ന അവർ, വൈകാതെ തന്നെ സാറ് വരുമെന്ന ഭാര്യ യുടെ ഉറപ്പിൽ വീടിന്റെ പുറത്ത് കാത്തിരുന്നു. ഇടയ്ക്കെപ്പോഴോ സാറിന്റെ ഭാര്യ, വന്ന കാര്യം അന്വേഷിച്ചെങ്കിലും അവർ ഒന്നും

> പ്രവൃത്തികളിൽ വന്നുചേരുന്ന തെറ്റുകളെ മായിച്ചു കളയുവാനുള്ള മഷിത്തണ്ടുകളാവണം നമ്മുടെ യൊക്കെ ജീവിതം.

തന്നെ പറയാൻ തയ്യാറായില്ല. അധികം താമസിക്കാതെ തങ്കച്ചൻ സാർ തിരികെ യെത്തി. ഉണ്ടായ സംഭവങ്ങൾ മനുവും ജെറിയും തങ്കച്ചൻ സാറിനെ ധരിപ്പിച്ചു. ഈ സമയത്തൊക്കെ നിർവികാരതയോടെ നോക്കിനിൽക്കുകയായിരുന്നു അപ്പു. അപ്പുവിനെ ചേർത്തുപിടിച്ച ശേഷം തങ്കച്ചൻ സാർ പറഞ്ഞു, നമുക്ക് ബാബു ചേട്ടന്റെ വീട്ടിൽ പോയി കാര്യങ്ങൾ പറഞ്ഞു സ്വർണം മടക്കി നല്കാം. സാറിന്റെ വാക്കുകളിൽ, വലിയ ആശ്വാസമാണ് അപ്പുവിന് ലഭിച്ചത്. നാളെ നമുക്ക് ഒന്നിച്ചു പോയി സ്വർണം ബാബുചേട്ടന് തിരികെയേൽപ്പിക്കാമെന്ന് മനു സാറിനോട് പറഞ്ഞു. എന്നാൽ, അങ്ങനെ യല്ല ഇന്ന് ഈ നിമിഷം തന്നെ സ്വർണം തിരികെ നൽകണമെന്നായിരുന്നു സാറിന്റെ ഉപദേശം. അതിൻപ്രകാരം അവർ ബാബു ചേട്ടന്റെ വീട് ലക്ഷ്യമാക്കി നടന്നു.


വീട്ടിലെത്തിയ അവർക്ക് ആളനക്കമൊന്നും കാണാൻ കഴിഞ്ഞില്ല. മുൻഭാഗത്തെ വാതിലും ജനലും അടഞ്ഞുകിടക്കുകയായി രുന്നു. തങ്കച്ചൻസാർ ബാബുചേട്ടനെ ഉറക്കെ വിളിച്ചെങ്കിലും. അകത്തുനിന്നും ഒരു മറുപ ടിയും ലഭിച്ചില്ല. അല്പസമയം കഴിഞ്ഞപ്പോൾ മനു വീടിന്റെ പുറകു വശത്തേക്ക് നടന്നു. എന്നാൽ, പുറകുവശത്തെ വാതിലും അകത്തുനിന്നും പൂട്ടിയിട്ടിരിക്കുകയായി രുന്നു. അതിനിടയിൽ, പതിഞ്ഞ സംസാരവും വിതുമ്പി കരയുന്നതിന്റെ ശബ്ദവും മനു കേട്ടു. ഭയത്തോടെ അവൻ തങ്കച്ചൻ സാറിനെയും കൂട്ടുകാരെയും വിളിക്കാനായി വീടിന്റെ മുൻഭാഗത്തേക്ക് ഓടി. ഓടിവരുന്ന മനു വിന്റെ മുഖത്തെ വല്ലായ്മ കണ്ട് സുഹൃത്തു ക്കൾ കാര്യം തിരക്കി. പുറകിലെ മുറിയിൽ നിന്നും കരച്ചിലിന്റെ ശബ്ദം കേൾക്കുന്നുണ്ടെ ന്നറിഞ്ഞ തങ്കച്ചൻ സാർ മുന്നിലും, ബാക്കി യുള്ളവർ പിറകിലുമായി തിടുക്കത്തിൽ അവിടേയ്ക്ക് ചെന്നു. അപ്പോഴും അടക്കിപ്പി ടിച്ചുള്ള സംസാരം അകത്തുനിന്നും കേൾ ക്കാമായിരുന്നു. ആ ശബ്ദം എന്താണെന്നു കേൾക്കുമാറ് അവർ ഭിത്തിയോട് ചേർന്നു നിന്നു.

ബാബു ചേട്ടന്റെ ഭാര്യ കവിത ചേച്ചി വിതുമ്പി കരയുകയാണ്. നാളെ രാവിലെ പണം വാങ്ങാൻ പലിശക്കാരൻ വരും. ഒരാഴ്ചയായി ദിവസേന എന്നോണം അയാൾ വീട്ടിൽ കയറിയിറങ്ങുന്നു. ആകെയുണ്ടായിരുന്ന സമ്പാദ്യം ആയിരുന്നു, നഷ്ടമായ ആ കുറച്ചു സ്വർണം. ഒരു തരി മണ്ണുപോലും ഈ കാലയ ളവിൽ സമ്പാദിക്കാനായില്ല. വാടക കൊടു ത്തിട്ട് എട്ടുമാസം കഴിഞ്ഞു. ഇനി ഇങ്ങനെ ജീവിക്കാൻ അഭിമാനം അനുവദിക്കുന്നില്ല. നമുക്ക് ഒരുമിച്ചു മരിക്കാം, അതാ നല്ലത്. കവിത ചേച്ചിയത് പറഞ്ഞു നിറുത്തിയപ്പോൾ, ബെഡിൽ തളർന്നു കിടന്നിരുന്ന ബാബു ചേട്ടന്റെ തേങ്ങലുകൾ അവിടമാകെ വ്യാപിച്ചു. ഇതൊക്കെ കേട്ടുകൊണ്ടിരുന്ന തങ്കച്ചൻ സാറിനും കുട്ടികൾക്കും വിഷമം സഹിക്കാ നായില്ല. മരണത്തിന്റെ രൂക്ഷഗന്ധം അവിടമാകെ മുഖരിതമാകുന്നതുപോലെ അവർക്ക് തോന്നി. സാർ തന്റെ സകല ശക്തിയുമെടുത്ത് വാതിൽ ചവിട്ടിത്തുറന്നു. വിഷം കലർത്തിയ കഞ്ഞി, മകൻ പ്രശോബ് മനസ്സില്ലാമനസ്സോടെ കഴിക്കാൻ ഒരുങ്ങുന്ന താണ് അവർ കണ്ടത്. ആ കാഴ്ച കണ്ട അപ്പു വേഗത്തിൽ പ്രശോബിന്റെ കൈയിൽ നിന്നും കഞ്ഞി തട്ടിമാറ്റിയിട്ട്, കുറച്ചു മാറി കട്ടിലിൽ കിടക്കുകയായിരുന്ന ബാബു ചേട്ടന്റെ കാലിൽ പിടിച്ചു വാവിട്ട് കരയാൻ തുടങ്ങി. മനഃപൂർവം അല്ലെങ്കിലും വലി യൊരു ദുരന്തത്തിന് താൻ കാരണമാകുമാ യിരുന്നല്ലോ എന്നോർത്ത് കരഞ്ഞ അപ്പുവിന് ബാബു ചേട്ടന്റെയും ചേച്ചിയുടേയും ആശ്വാസവാക്കുകൾ മതിയാവാതെയായി. കരഞ്ഞു കലങ്ങിയ കണ്ണുമായി നിൽക്കുന്ന അപ്പുവിനെ ആശ്വസിപ്പിച്ച തങ്കച്ചൻ സാർ ബാബുചേട്ടൻ പലിശക്കാരാന് നൽകാനുള്ള മുഴുവൻ തുകയും സംഘടിപ്പിക്കാനുള്ള കാര്യങ്ങൾ നോക്കിക്കൊള്ളാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. അപ്പുവിനെക്കൊണ്ട് തനിക്ക് കളഞ്ഞു കിട്ടിയ സ്വർണാഭരണങ്ങൾ ബാബു ചേട്ടന് തിരികെ നല്കി സന്തോഷ ത്തോടെ സാറും അപ്പുവും കൂട്ടുകാരും ആ വീടുവിട്ടിറങ്ങി.

വലിയൊരു ഗദ്ഗദത്തോടെ കഥ ഇവിടെ അവസാനിക്കുന്നതായി പറഞ്ഞുനിറുത്തിയ ശേഷം അച്ചൻ ഇപ്രകാരം തുടർന്നു, ഒരു കഥ അവസാനിക്കുന്നിടത്ത് നിന്ന് മറ്റൊന്ന് ആരംഭിക്കുന്നു. പ്രവൃത്തികളിൽ വന്നു ചേരുന്ന തെറ്റുകളെ മായിച്ചു കളയുവാനുള്ള മഷിത്തണ്ടുകളാവണം നമ്മുടെയൊക്കെ ജീവിതം. വീഴ്ചകൾ സ്വാഭാവികമാണ്, അതിൽ നിന്നും ഉയർത്തെഴുന്നേൽക്കുക എന്നതാണ് ജീവിതവിജയത്തിന്റെ രഹസ്യം. വീഴ്ചകളിൽ കാഴ്ചക്കാരായി നിൽക്കുന്ന വരുടെ പ്രോത്സാഹനം പോലും വലിയ ആത്മവിശ്വാസത്തിന് വഴിതെളിക്കും. അങ്ങനെ തങ്കച്ചൻ സാറിൽ നിന്നും കൂട്ടുകാ രായ മനു ജെറി എന്നിവരിൽ നിന്നും പകർന്നു കിട്ടിയ നന്മയാണ് ഇന്ന് ഈ ബലിപീഠത്തിനു മുൻപിൽ നിൽക്കുന്ന അപ്പു എന്ന അപരനാ മത്തിൽ അറിയപ്പെടുന്ന ഈ നവ വൈദികൻ.

അച്ചനതുപറഞ്ഞു കഴിഞ്ഞപ്പോഴേക്കും അഭിമാനവും ആഹ്ലാദവും കലർന്ന കണ്ണു നീർ കണങ്ങൾ അച്ചന്റെ കണ്ണുകളിൽ നിന്നും ഒഴുകിയിറങ്ങുന്നുണ്ടായിരുന്നു. അല്പനിമിഷത്തേക്ക് വല്ലാത്തൊരു നിശ്ശബ്ദത യായിരുന്നു അവിടമാകെ. ഇടവക വികാരി ഫെലിക്സച്ചൻ എഴുന്നേറ്റു നിന്ന്, ആ നിശ്ശബ്ദ തയെ ഭേദിച്ചു കൈയടിച്ചപ്പോൾ കണ്ടുനി ന്നവർക്കും വെറുതെയിരിക്കാനായില്ല. വലിയൊരു കരഘോഷത്തിന്റെ പിൻബല ത്തോടെ, നവവൈദികൻ തന്റെ പുതു ബലി യർപ്പണം തുടർന്നു◆

*ബൈജു പൗലോസ്, കാറ്റിക്കിസം പ്രൊമോ ട്ടറായി സേവനം ചെയ്യുന്നു. ഭാര്യയും രണ്ടു കുട്ടികൾക്കുമൊപ്പം പറവൂരിൽ താമസം.*




# MILLION LITTLE MIRACLES

CROSS TOC BAND കെയ്റോസ് സ്റ്റുഡിയോ യൂട്യൂബ് ചാനലിനായി ഒരുക്കിയ കവർ സോങ് സംഗീത പ്രേമികളുടെ മനം കവരുന്നു. ഹൃദ്യമായ ഈ സംഗീതവിരുന്ന് ആസ്വദിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക:

# യുവത്വം വീണ്ടെടുക്കാൻ ഇതാ ഒരൊറ്റ മൂലി

**സെറീൻ ഏയ്ഞ്ചൽ**

കംഫർട്ട് സോണുകളിൽ നിന്ന് വിട്ടു പോകുന്നവർക്കും പുതിയ പുതിയ കാര്യങ്ങൾ ചെയ്യുന്നവർക്കും പഠിക്കുന്നവർക്കും പ്രായം കുറഞ്ഞുവരുന്നു എന്ന ഒരു സന്തോഷവാർത്തയാണ് ഇന്നുച്ചയ്ക്ക് ഞങ്ങൾക്കൊപ്പം ഭക്ഷണത്തിനിരുന്ന റെക്സച്ചൻ പങ്കുവച്ചത്. ഒരു കുർബാനയ്ക്കായി വന്നതായിരുന്നു അച്ചൻ.

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ അഡിക്ഷനാണ് കംഫർട്ട് സോണുകളുടെ അഡിക്ഷൻ. രണ്ടാഴ്ച ഒരേ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവരാണെങ്കിൽ നിങ്ങൾ നിങ്ങളുടെ കംഫർട്ട് സോണുകളിൽ അഡിക്റ്റഡ് ആണെന്ന് പറയേണ്ടിവരും. പുതിയ ആളുകളെ പരിചയപ്പെടൽ, പ്രത്യേകിച്ച് നമുക്ക് ഇടപഴകാൻ ബുദ്ധിമുട്ട് തോന്നുന്നവർ ആണെങ്കിൽ അവരുമായിട്ടുള്ള ഇന്ററാക്ഷൻ, പുതിയ വായന, പുതിയ യാത്ര അങ്ങനെ പലതും പരീക്ഷിച്ചു നോക്കുകയും ജീവിതത്തിന്റെ യുവത്വം നിലനിറുത്താനും ഊർജസ്വലരായി ജീവിക്കാനും നമുക്കാവും. ഇത്തരത്തിൽ പിന്നെയും ഒരുപാട് കാര്യങ്ങൾ റെക്സച്ചൻ ഞങ്ങളോട് പറഞ്ഞു.

ഇനി റെക്സ് അച്ചനെപറ്റി ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. അച്ചൻ ഇപ്പോൾ വരാപ്പുഴ അതിരൂപതയുടെ കളമശ്ശേരിയിലുള്ള ലിറ്റിൽ ഫ്ളവർ ഐ.ടി.സി.യുടെ അസിസ്റ്റന്റ് ഡയറക്ടറാണ്. അച്ചന്റെ പ്രധാന മിനിസ്ട്രി പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞപ്പോഴാണ് ഞങ്ങൾ അത്ഭുതപ്പെട്ടത്. പ്രായമായവരും രോഗികളുമായി കിടപ്പിലായ ആളുകളെ നോക്കുവാനും അവരെ വേണ്ട വിധം പരിചരിച്ച് ഉണർവും ഉന്മേഷവും നൽകി അവർക്കു വേണ്ട പ്രോത്സാഹനം നൽകി ബിസിനസ് ചെയ്യുവാൻ തക്ക രീതിയിൽ അവരെ പ്രാപ്തരാക്കി ബിസിനസ് ചെയ്യിപ്പിക്കുകയാണ് അച്ചന്റെ മിനിസ്ട്രിയുടെ ലക്ഷ്യം.
ഈ ഒരു ദൗത്യവുമായി പല രാജ്യങ്ങളിൽ അച്ചൻ യാത്ര ചെയ്യുന്നുമുണ്ട്.

ഒട്ടും പ്രതീക്ഷിക്കാത്ത, സ്വപ്നത്തിൽ പോലും വിചാരിക്കാത്ത ഈ പുതിയ മേഖലയിലേക്ക് ദൈവം അച്ചനെ കൊണ്ടുപോയ കാര്യത്തെക്കുറിച്ചായിരുന്നു അച്ചൻ ഞങ്ങളോട് വാചാലനായത്.



# അബ്ബായുടെ ഹൃദയം

## ഗ്രന്ഥം, ഗ്രന്ഥകാരൻ, വായനക്കാരൻ

"അബ്ബായുടെ ഹൃദയം, പിതാവിന്റെ ആനന്ദത്തിലേക്കുള്ള നമ്മുടെ മടങ്ങിവരവ്" – ഇപ്പോൾ മലയാളം ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു.

അബ്ബായുടെ ഹൃദയം, നമ്മുടെ സ്വർഗീയ പിതാവിന്റെ ഹൃദയത്തിലേക്കു മടങ്ങാനുള്ള വഴി കണ്ടെത്തലാണ്. ഞാനും എന്റെ മകൻ മാറ്റും ചേർന്നാണ് ഇത് എഴുതിയത്; അവന്റെ സ്വരം ഓരോ പേജിലും കേൾക്കാം. പ്രിയ വായനക്കാരാ, നിങ്ങൾക്കായി ദൈവത്തിന്റെ സ്നേഹാർദ്ര സ്വരം പകർത്തുവാൻ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്.

പിതാവ് എന്ന വാക്ക് ഗാഢവും വ്യക്തിപരവും ആദരണീയവും ബഹുമാനപുരസരവുമായി ഉച്ചരിക്കുന്നതാണ്, 'അബ്ബാ.' ഗദ്സെമൻ തോട്ടത്തിൽ കഠോരവ്യഥയിൽ യേശു ഹൃദയത്തിന്റെ ആഴങ്ങളിൽനിന്നു പിതാവിനോടു സംസാരിച്ചു: "അബ്ബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽ നിന്നു മാറ്റിത്തരണമേ! എന്നാൽ, ഞാൻ ആഗ്രഹിക്കുന്നതല്ല, പ്രത്യുത, അങ്ങ് ആഗ്രഹിക്കുന്നത്" (മർക്കോ 14,36).

'അബ്ബായുടെ ഹൃദയം' വായിച്ചിട്ട്, യേശുവിനോടൊപ്പമുള്ള യാത്രയിൽ അവന്റെ പിതാവിനെ അറിഞ്ഞില്ല എന്ന തങ്ങൾ നേരിട്ട കുറവ് കണ്ടെത്തിയിട്ട് എന്നോടു പങ്കുവയ്ക്കുമ്പോൾ ഇത്തരം ആനന്ദം ഞാനനുഭവിക്കുന്നു. നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നതിന് ത്രിത്വത്തിലെ മൂന്നാളുകളും എങ്ങനെ അന്യോന്യം വർത്തിക്കുന്നെന്ന് 'അബ്ബായുടെ ഹൃദയം' വ്യക്തമാക്കുന്നു.

'ബന്ധിതർക്കു മോചനം' ഒരു വിടുതൽ ശുശ്രൂഷാ സഹായി' എന്ന എന്റെ ഏറെ പ്രചാരത്തിലുള്ള പുസ്തകം മൂലം അനേകം ആളുകൾ എന്റെ പേര് തിരിച്ചറിയുന്നു. അതിന്റെ സന്ദേശം, തങ്ങളുടെ ഹൃദയങ്ങളെ നുണകളിൽ നിന്നു സ്വതന്ത്രരാക്കാനും ഏദൻ തോട്ടത്തിൽ തുടക്കത്തിൽ നഷ്ടപ്പെട്ടതും ദൈവ പുത്രനായ യേശുവിലൂടെ നമുക്കു വീണ്ടുകിട്ടിയതുമായ പിതാവിന്റെ അനുഗ്രഹം പൂർണമായി സ്വീകരിക്കാൻ നമ്മെ സഹായിക്കുന്നു. പുതുതായി കണ്ടെത്തിയ സ്വാതന്ത്ര്യത്തോടെ നാം പിതാവിന്റെ ഹൃദയത്തെ അഭിമുഖീകരിക്കുകയും അവിടെ ദൈവമക്കൾ എന്ന നമ്മുടെ യഥാർഥ സ്വത്വം സഫലീകരിക്കുകയും ചെയ്യുന്നു. അതാണ് സ്വതന്ത്രനായിരിക്കുക എന്നതിന്റെ പൊരുൾ.

'അബ്ബായുടെ ഹൃദയം' വായനക്കാരനെ നിരന്തര മാനസാന്തരത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ക്ഷണിക്കുന്നു." നീതിമാനായ പിതാവേ,... അങ്ങ് എനിക്കു നല്കിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമായി ഞാൻ ഇനിയും അതറിയിക്കും" (യോഹ 17,25–26) എന്നു പ്രാർഥിച്ചുകൊണ്ട് പിതാവിനെ നമുക്കു വെളിപ്പെടുത്തും എന്ന് യേശു വാഗ്ദാനം ചെയ്തു.

ദൈവത്തെ നമ്മുടെ അബ്ബായായി കണ്ടുകൊണ്ട്, അവിടത്തെ ഹൃദയം അറിയുന്നതിന് ഈ വാഗ്ദാനത്തിൽ വിശ്വസിക്കുകയും അതിനോട് ' ആമേൻ' പറയുകയും ചെയ്യുന്നത് സുപ്രധാനമാണ്.

തന്റെ പിതാവിനെ വെളിപ്പെടുത്തും എന്ന വാഗ്ദാനത്തോടൊപ്പം തിന്മയിൽനിന്നു നന്മ ഉളവാക്കും എന്നും യേശു വാഗ്ദാനം ചെയ്തു. എല്ലാ സാഹചര്യങ്ങളിലും വിജയശ്രീലാളിതരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഒരു വിജയി, പിതാവിന്റെ വാത്സല്യഭാജനമെന്ന തന്റെ സ്ഥാനം കൂടുതൽ ഗാഢമായി കണ്ടെത്തുന്നതിന് വിശ്വാസത്തിൽ സ്ഥിരോത്സാഹം ചെയ്യുന്നു. എന്നാൽ, വിജയിയായിരിക്കുക എന്ന ആശയം ഒരു പക്ഷേ, പരസ്പരവിരുദ്ധവും കുഴക്കുന്നതുമായി തോന്നാം.

തങ്ങൾക്കായി ഒരു സ്ഥലം ഒരുക്കാൻ താൻ പിതാവിന്റെ ഭവനത്തിലേക്കു പോകുകയാണെന്ന് അവൻ പറഞ്ഞപ്പോൾ (യോഹ 14) യേശുവിന്റെ ശിഷ്യന്മാർ ആശയക്കുഴപ്പത്തിലായി. അവൻ പറയുന്നതു ഗ്രഹിക്കാൻ അവർക്കു കഴിഞ്ഞില്ല; "പീലിപ്പോസ് പറഞ്ഞു: കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക; ഞങ്ങൾക്ക് അതുമതി." (യോഹ 14,8) ഈ ഹൃദയംഗമമായ വാക്കുകൾ നമുക്കെല്ലാവർക്കുംവേണ്ടി സംസാരിക്കുന്നു; ആ പ്രാർഥനയ്ക്കു മറുപടി നല്കാൻ യേശു ഇഷ്ടപ്പെടുന്നു.– നമുക്കു തന്റെ പിതാവിനെ കാണിച്ചുതരാൻ അവിടന്നിഷ്ടപ്പെടുന്നു.


പിതാവിനെ അറിയുന്നതിനുള്ള എന്റെ വ്യക്തിപരമായ തീർഥാടനത്തിലെ ചില സുപ്രധാന നിമിഷങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

പിതാവിലേക്കുള്ള എന്റെ ഭവനയാത്ര ആരംഭിച്ചത് ജീവിതത്തെ മാറ്റിമറിച്ച ഒരു പരിശുദ്ധാത്മ കണ്ടുമുട്ടലിലൂടെയാണ്. ഇത് യേശുവിനെ കർത്താവായി ഏറ്റു പറയുന്നതിലേക്കും അവന്റെ ശിഷ്യനായി അവനെ അനുഗമിക്കാനുള്ള ഒരു വാഗ്ദാനത്തിലേക്കും എന്നെ നയിച്ചു. കർത്താവിന്റെ സാന്നിധ്യത്തിന്റെ സന്തോഷം ഞാൻ അനുഭവിച്ചു. എന്നാൽ, ഒരു വർഷത്തിനുള്ളിൽ പോരാട്ടം ആരംഭിച്ചു. എന്തോ കുറവുണ്ടെന്നും കർത്താവിൽ നിന്നകന്ന് തനിയെ ആണെന്നും ഞാനറിഞ്ഞു.

ആ സമയത്ത്, ഒരു വൈദികൻ ഞാൻ താമസിച്ചിരുന്ന സ്ഥലം സന്ദർശിക്കുന്നുണ്ടായിരുന്നു. അദ്ദേഹം കൂടെക്കൂടെ പിതാവായ ദൈവത്തെക്കുറിച്ച് സംസാരിച്ചു. ദൈവത്തെ പിതാവായി ഞാൻ ഒരിക്കലും ബന്ധപ്പെട്ടിരുന്നില്ല, പ്രത്യുത, യേശുവിന്റെയും പരിശുദ്ധാത്മാവിന്റെയും പരിസരത്തിൽ മാത്രമാണ് ദൈവത്തെക്കുറിച്ച് സംസാരിച്ചത്. എന്റെ ഹൃദയം തുറന്നു കാട്ടുവാൻ ദൈവം ഈ വൈദികന്റെ വാക്കുകൾ ഉപയോഗിച്ചു. സ്വർഗീയ പിതാവിനെ എനിക്ക് അറിയില്ല എന്നു ഞാൻ തിരിച്ചറിഞ്ഞു.

എന്റെ കസിൻ വൈദികനിൽനിന്ന് ഞാൻ പ്രാർഥനാ ശുശ്രൂഷ സ്വീകരിച്ചു. അവിടെവച്ച് ഉന്നതങ്ങളിലെ പിതാവിൽനിന്നും എന്റെ ഭൗമിക പിതാവിൽനിന്നുമുള്ള എന്റെ അകലത്തിനിടയിൽ സമാന്തരരേഖകൾ വരച്ചു. ഏറെ വർഷങ്ങൾക്കു മുമ്പ് മരിച്ച എന്റെ പിതാവിനോടു ഞാൻ ക്ഷമിച്ചു; മുഖ്യമായും, എന്റെ ബാല്യകാല ആവശ്യങ്ങൾ നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയതിന്. സൗഖ്യദായകമായ ആ നിമിഷങ്ങളിൽ ദൈവത്തെ എന്റെ സ്വർഗീയ പിതാവായി കണ്ടുമുട്ടി.

തികച്ചും പുതിയൊരു യാത്ര ആരംഭിച്ചു; അതിൽ പോരാട്ടങ്ങളുടെ സമയമുണ്ട്; കണ്ണുനീരിന്റെ നിമിഷങ്ങളുണ്ട്; ആഴമായ




വെളിപ്പെടുത്തലിന്റെ കാലയളവുകളുമുണ്ട്. ഇവയെല്ലാം എന്റെ സ്വർഗീയ പിതാവിന്റെ സ്നേഹത്തിൽ ശരണപ്പെടാനുള്ള പരിശീലനത്തിന്റെ ഭാഗമായിരുന്നു. എന്റെ മൂത്ത മകൻ ജനിച്ചപ്പോൾ, കൂടുതൽ മാറ്റങ്ങൾ എനിക്ക് അനുഭവവേദ്യമായി. എന്റെ സ്വർഗീയ പിതാവിന്റെ ഒരു നല്ല മകനായിരിക്കുന്നതിലൂടെയാണ് ഒരു നല്ല പിതാവുണ്ടാകുന്നതെന്ന് ഞാൻ മറ്റുള്ളവരോടു പറഞ്ഞു. പരിപൂർണനും സ്നേഹവാനും നിത്യനുമായ പിതാവിനെക്കുറിച്ചുള്ള എന്റെ അവബോധം ആഴപ്പെട്ടു.

ദൈവത്തെ ന്യായാധിപനായോ യജമാനനായോ ആണ് നാം കാണുന്നത്. നമ്മെ ശിക്ഷിക്കുന്നതിന്, നാം എന്തെങ്കിലും തെറ്റു ചെയ്യാൻ വേണ്ടി കാത്തിരിക്കുന്ന ഒരു ന്യായാധിപൻ. അല്ലെങ്കിൽ, നമ്മുടെ സമർപ്പണവും വിശ്വാസവും ദുസ്സഹമാക്കി, എന്തു ചെയ്യണമെന്നറിയാതെ കാത്തിരിക്കുന്ന അടിമകളായ നമ്മോടൊപ്പമുള്ള യജമാനൻ. നമ്മുടെ ഭൗമിക പിതാക്കന്മാരിൽനിന്നു സംരക്ഷണവും, സാന്നിധ്യവും, സ്നേഹവും, ഊഷ്മളതയും നമുക്ക് അനുഭവവേദ്യമാകാതിരിക്കുമ്പോൾ, ദൈവകൃപ സ്വീകരിക്കുന്നതും നമ്മുടെ സ്വർഗീയ പിതാവിന്റെ ആശ്ലേഷം സ്വീകരിക്കാനുള്ള ക്ഷണത്തോടു സഹകരിക്കുകയും ചെയ്യുക നമുക്ക് വിഷമകരമാണ്.

പ്രിയ വായനക്കാരാ, പിതാവിന്റെ സ്നേഹം ആഴത്തിൽ അറിയുവാൻ നീ അഭിലഷിക്കുന്നോ? പിതാവിന്റെ സ്നേഹം അറിയുന്നതിനായി സ്വാതന്ത്ര്യത്തിലേക്ക് കർത്താവ് എങ്ങനെയാണു നയിക്കുന്നതെന്ന് നിനക്കു തിരിച്ചറിയാനാകുമോ? 'അബ്ബായുടെ ഹൃദയം' വായിക്കുമ്പോൾ, പിതാവിനോടുള്ള നിന്റെ ബന്ധം ആഴപ്പെടുന്നതിന് ഞാൻ നാലു നിർദേശങ്ങൾ സമർപ്പിക്കുന്നു

ഒന്നാമത്, യേശുവുമായി ആത്മബന്ധത്തിൽ ആയിരിക്കുക. അവൻ പിതാവിനെ വെളിപ്പെടുത്തിയിരിക്കുന്നു, അതു തുടരുന്നു." ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ആത്മബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18).

രണ്ടാമത്, അപ്പസ്തോലനായ പീലിപ്പോസിനെപ്പോലെ പ്രാർഥിക്കുക, "കർത്താവേ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരുക; ഞങ്ങൾക്ക് അതു മതി" (യോഹ 14,8) പിതാവിനെ വെളിപ്പെടുത്താനും നിങ്ങളുടെ കാഴ്ചയും ദൈവത്തെക്കുറിച്ചുള്ള യഥാർഥ അറിവും മറയ്ക്കുന്ന ആദിപാപത്തിൽനിന്ന് ഒഴുകുന്ന നുണകൾ നീക്കം ചെയ്യാനും യേശുവിനോടു പ്രാർഥിക്കുക.

മൂന്നാമത്, നിങ്ങളുടെയുള്ളിൽ ആത്മാവിന്റെ നിലവിളി ഉയർത്തുവാൻ പരിശുദ്ധാത്മാവിനെ ക്ഷണിക്കുക. നമ്മുടെ പിതാവുമായുള്ള ഗാഢ ബന്ധത്തിന് പരിശുദ്ധാത്മാവ് പ്രകാശമേകട്ടെ" (ഗലാ 4,6).

നാലാമത്, പിതാവിന്റെ സ്നേഹത്തിന്റെ കഥ സാവകാശം വായിക്കുക. സ്വർഗീയ പിതാവിന്റെ സ്നേഹം സുവ്യക്തമായി വെളിപ്പെടുത്തുന്ന യേശുവിന്റെ വിവരണമാണ് ധൂർത്തപുത്രന്റെ ഉപമ (ലൂക്കാ 15,11–32).

നിങ്ങൾ ഇതു വായിക്കുമ്പോൾ ഈ ഭൗമിക പിതാവിന്റെ നുറുങ്ങിയ ഹൃദയം ധ്യാനിക്കുക. അയാൾ, ഒരു മകന് എല്ലാറ്റിന്റെയും പകുതി കൊടുത്തു, മറ്റവനോടു പറഞ്ഞു: "മകനേ, നീ എപ്പോഴും എന്നോടു കൂടെ ഉണ്ടല്ലോ. എന്റേതെല്ലാം നിന്റേതാണ്" (ലൂക്കാ 15,31). രണ്ടു പുത്രന്മാരും തങ്ങളുടെ പിതാവിനെ തള്ളിക്കളയുകയും, ഉപേക്ഷിക്കുകയും ചെയ്തു.

ദൈവം തന്റെ വത്സല സുതനെ നമുക്കു നല്കിയപ്പോൾ അവിടന്ന് സകലതും നല്കി. എന്നാൽ, നാം ആ പുത്രനെ തള്ളിക്കളയുകയും ക്രൂശിക്കുകയും ചെയ്തു. എങ്കിലും നമ്മുടെ പിതാവ് മാറ്റമില്ലാത്തതിനായി നിലകൊണ്ടു. ധൂർത്തന്റെ കഥയിലെപോലെ നമ്മുടെ പിതാവ് കാത്തിരിക്കുന്നു, അവിടന്ന് ഓടുന്നു, അവിടന്ന് ആശ്ലേഷിക്കുന്നു, അവിടന്നു ചുംബിക്കുന്നു, അവിടന്നു ക്ഷമിക്കുന്നു, അവിടന്നു പുനഃസ്ഥാപിക്കുന്നു, അവിടന്ന് ആഘോഷിക്കുന്നു. നിങ്ങൾക്ക് ഈ വാക്കുകൾ ഗ്രഹിക്കാനും നിങ്ങൾക്കു വേണ്ടിത്തന്നെ അവയെ സ്വീകരിക്കാനും കഴിയുമോ?

ധൂർത്തന്റെ പിതാവ് മൂത്ത മകനോട് ഹൃദയം പിടിച്ചുവയ്ക്കരുതെന്നും ആഘോഷത്തിൽ പങ്കുചേരണമെന്നും യാചിക്കുന്നു. തന്റെ ആനന്ദത്തിലേക്കു മടങ്ങാൻ സ്വർഗീയ പിതാവ് നിന്നോട് അഭ്യർഥിക്കുന്നത് നിനക്കു മനസ്സിലാക്കാനാകുമോ?

അബ്ബായ്ക്ക്, നമ്മുടെ സ്നേഹനിധിയായ പിതാവിന് നാമോരോരുത്തരും സമർപ്പിക്കുമെന്നും അവിടത്തെ ആനന്ദഭരിതവും സ്വാഗതമരുളുന്നതുമായ ആശ്ലേഷം അനുഭവിക്കുമെന്നും ഞാൻ പ്രത്യാശിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു◆


# ഇന്ത്യയുടെ ഭാവി അപകടത്തിലാക്കുന്ന **പ്രിന്റിംഗ് എറർ**

CBCIയുടെ എക്യുമെനിസം ആൻഡ് ഡയലോഗ് കമ്മീഷൻ ചെയർമാൻ, ലെയിറ്റി കമ്മീഷൻ വൈസ് ചെയർമാൻ, കെ.സി.ബി.സി. എജ്യുക്കേഷൻ കമ്മീഷൻ ചെയർമാൻ, മലങ്കര സഭയിലെ അല്മായ പ്രസ്ഥാനത്തിന്റെ ചെയർമാൻ, നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ് വൈസ് പ്രസിഡന്റ്, മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ചെയർമാൻ, എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം ചെയ്തുവരുന്ന മാവേലിക്കര രൂപതാ അധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്യോസ് തിരുമേനിയുമായി മാധ്യമ പ്രവർത്തകനായ ശ്രീ സിജു അബ്രഹാം കെയ്റോസിനു വേണ്ടി നടത്തിയ അഭിമുഖത്തിൽ നിന്ന്.

**വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയത്തിൽ ആണല്ലോ തിരുമേനിക്ക് ഡോക്ടറേറ്റ് ഉള്ളത്. നമുക്കറിയാം ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചില സർവകലാശാലകൾ, അല്ലെങ്കിൽ, ഇന്ത്യയിൽ തന്നെ ആധുനിക വിദ്യാഭ്യാസ കാര്യങ്ങൾക്ക് തുടക്കം കുറിച്ചത് നമ്മുടെ മിഷണറിമാർ. അങ്ങനെ വലിയൊരു പാരമ്പര്യം നമുക്കുണ്ട്. കത്തോലിക്ക സഭ ഈ കാര്യത്തിൽ വളരെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ നമുക്കു പ്രതിബന്ധങ്ങൾ വല്ലതുമുണ്ടോ? ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള തിരുമേനിയുടെ അഭിപ്രായം എന്താണ്?**

ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള കാര്യം പറയുകയാണെങ്കിൽ സെൻട്രൽ ഗവൺമെന്റ് ആണെങ്കിലും സ്റ്റേറ്റ് ഗവൺമെന്റ് ആണെങ്കിലും നമ്മളെ നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള സമീപനങ്ങളാണ് ഈ നാളുകളിൽ നമുക്ക് കാണാൻ കഴിയുക. ഇക്കഴിഞ്ഞ നാളുകളിൽ ഒരു ലോ കോളേജ് തുടങ്ങാൻ ശ്രമിച്ചപ്പോൾ കടന്നു പോകേണ്ടി വന്ന കടമ്പകൾ ചെറുതല്ല. ഒടുവിൽ നിയമപരമായി മുന്നോട്ടു പോകുമെന്ന ഒരു സാഹചര്യം വന്നപ്പോഴാണ് അതിന് അപ്രൂവൽ കിട്ടിയത്. ഇങ്ങനെ ഒരുപാട് പ്രതിസന്ധികൾ നമ്മുടെ വിദ്യാഭ്യാസ മേഖലയിലുണ്ട്. ഇത്തരം ഒരു കാര്യത്തിനായി ഇറങ്ങുമ്പോൾ എങ്ങനെ നമ്മളെ സഹായിക്കാം എന്നതിന് പകരം എങ്ങനെ ഇതിൽനിന്ന് നമ്മളെ മാറ്റിനിറുത്താം എന്ന് ചിന്തിക്കുന്ന ഒരു രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. ഞാൻ തമിഴ്നാട്ടിൽ ആയിരുന്ന സമയത്ത് മദ്രാസിൽ ഒരു കോളേജ് തുടങ്ങി. ഒരു പ്രയാസവുമില്ലാതെ അംഗീകാരം കിട്ടി. മോർണിംഗ് കോളേജും ഈവനിംഗ് കോളേജും ആയി അത് പ്രവർത്തിക്കുന്നു. പോസ്റ്റ് ഗ്രാജുവേഷൻ ഉൾപ്പെടെ 15 കോഴ്സുകൾ. വളരെ ഭംഗിയായി അത് മുന്നോട്ടു പോകുന്നു. കേരളത്തിൽ മാത്രമാണ് ഒരു സംരംഭത്തിന് നമ്മൾ ഇറങ്ങിത്തിരിക്കുമ്പോൾ ഇത്രയധികം പ്രതിസന്ധികൾ നേരിടേണ്ടി വരുന്നത്. ഈ സ്ഥാപനങ്ങളിൽ ആകട്ടെ നമ്മുടെ താത്പര്യം അനുസരിച്ച് കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ സാധിക്കുകയുമില്ല. ഗവൺമെന്റ് കോട്ടയും മാനേജ്മെന്റ് കോട്ടയും ഉണ്ട്.

ഇനി നമ്മുടെ ഭാഗത്തേക്ക് വന്നാൽ നമ്മുടെ പൂർവികരും മിഷണറിമാരും എല്ലാം എപ്പോഴും മറ്റുള്ളവർക്ക് എന്ത് നൽകാമെന്ന് ചിന്തിച്ചവരാണ്. എന്നാൽ, ഇന്ന് നമ്മൾ ഈ സ്ഥാപനത്തിൽനിന്ന് എന്ത് കിട്ടുമെന്ന് ഒരു മനോഭാവത്തിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. അത് നമ്മുടെ ഭാഗത്തുനിന്ന് വന്നിട്ടുള്ള വലിയ വീഴ്ചയാണ്. വിദ്യാഭ്യാസത്തിന് ഇന്ത്യൻ പൗരന്മാർക്ക് എല്ലാവർക്കും അവകാശം ഉണ്ട്. ഗവൺമെന്റും മാനേജ്മെന്റും, എല്ലാവരും ചേർന്ന് സഹകരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. നമ്മളും അഹങ്കാര, അധീശ മനോഭാവത്തിൽ നിന്നുമാറി സേവനത്തിന്റെ ഒരു പാതയായി വിദ്യാഭ്യാസത്തെ കാണേണ്ടതുണ്ട്. ഈ തിരിച്ചറിവിൽ പ്രവർത്തിച്ചെങ്കിൽ മാത്രമേ പിടിച്ചു നിൽക്കാൻ സാധിക്കുകയുള്ളൂ. ക്വാളിറ്റി ഇംപ്രൂവ് ചെയ്തേ മതിയാവൂ. പുതിയ എഡ്യുക്കേഷൻ പോളിസി അനുസരിച്ച് ക്വാളിറ്റിയിൽ വലിയ വ്യത്യാസം വരുത്തിയെങ്കിൽ മാത്രമേ മറ്റു സ്ഥലങ്ങളിൽ നിന്ന് വിദ്യാർഥികൾ ഇങ്ങോട്ട് പഠിക്കാൻ വരുകയുള്ളൂ. 'ഈ കലാലയത്തിൽ പഠിച്ചാൽ കുട്ടികളുടെ ഭാവി എങ്ങനെ ആയിരിക്കും? അവിടെ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾ നല്ല പൗരന്മാർ ആയി വളരുന്നുണ്ടോ? ഇവിടെ പഠിച്ച എത്ര കുട്ടികൾക്ക് വിദേശത്ത് ജോലി കിട്ടുന്നു..' ഇതൊക്കെയാണ് ജനങ്ങൾ ശ്രദ്ധിക്കുന്നത്... ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് അവർ ഒരു കലാലയത്തെ വിലയിരുത്തുന്നത്. Education is for the development and liberation of the people and the society. ആ രീതിയിൽ പോയെങ്കിൽ മാത്രമേ നമ്മുടെ സ്ഥാപനങ്ങൾകൊണ്ട് പ്രയോജനമുള്ളൂ. ട്രഡീഷണൽ സ്ഥാപനങ്ങളിലൊക്കെത്തന്നെ ഇന്ന് കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് നാം ഗൗരവത്തിൽ കണക്കിലെടുക്കേണ്ടതുണ്ട്.



**കേന്ദ്രസർക്കാർ ഇമ്പ്ലിമെന്റ് ചെയ്യാൻ പോകുന്ന നമ്മുടെ പുതിയ വിദ്യാഭ്യാസനയത്തെ തിരുമേനി എങ്ങനെ നോക്കിക്കാണുന്നു?**

ഇതിന് രണ്ട് ആസ്‌പെക്റ്റുകൾ ഉണ്ട്. ഒന്നാമതായി ന്യൂ എജുക്കേഷൻ പോളിസി അനുസരിച്ച് ഒരുപാട് സാധ്യതകളുണ്ട്. മറ്റു രാജ്യങ്ങളുമായിട്ട് ബന്ധപ്പെട്ട് പോകുവാനുള്ള ഒരുപാട് സാധ്യതകൾ. അത് നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.അതേസമയം മൈനോറിറ്റി എന്ന നിലയിൽ, ഇതിന്റെ കരട് തയ്യാറാക്കുന്ന അവസരത്തിൽ (എട്ടുവർഷം ഞാൻ സി.ബി.സി.ഐ.യുടെ ചെയർമാൻ ആയിരുന്നു) വിവിധ റീജനുകളിൽ ഉള്ള ആളുകളോട് സംസാരിക്കുകയും ഡൽഹിയിൽ നിന്ന് എലീറ്റ് ടീമിനെ വരുത്തി അവരോട് ചർച്ചചെയ്ത്, ഓരോ പോളിസിയെ കുറിച്ചും അനലൈസ് ചെയ്ത് റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടുണ്ടായിരുന്നു.

അന്ന് സ്മൃതി ഇറാനി ആയിരുന്നു ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് വിഭാഗം കൈകാര്യം ചെയ്തിരുന്നത്. അവരെ പോയി കാണുമ്പോൾ അവര് പറയും "ഓ വണ്ടർഫുൾ. ഇത് ക്രിസ്ത്യൻ മാനേജ്മെന്റ് ആണ്, കാത്തലിക്സാണ്. അതെല്ലാം നമ്മൾ നോട്ട് ചെയ്യണം" എന്നൊക്കെ. എന്നിട്ട് നമ്മുടെ കൈയിൽ നിന്ന് അത് വാങ്ങിക്കും. ഒടുവിൽ പദ്ധതിയുടെ കരട് രൂപം വരുമ്പോൾ നമ്മൾ പറഞ്ഞതൊന്നും അതിനകത്തില്ല. അതിന്റെ അർത്ഥം അവർക്ക് അതിന്റെ പിന്നിലൊരു പോളിസിയുണ്ട് എന്നതാണ്. മൈനോരിറ്റി എന്നുപറഞ്ഞ ഒരു വാക്ക് പുതിയ വിദ്യാഭ്യാസ നയരേഖയിൽ വന്നിട്ടില്ല.

നമ്മുടെ സ്ഥാപനങ്ങളിലൊക്കെ ഇപ്പോൾ ഇത്ര സ്റ്റുഡൻസ് വേണമെന്നൊക്കെ പറഞ്ഞാൽ അത്ര എളുപ്പമല്ല. ഇല്ലെങ്കിൽ മറ്റ് സ്കൂളുകളോ കോളേജുകളോ ആയി ക്ലസ്റ്റർ ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെ ക്ലസ്റ്റർ ചെയ്യുമ്പോൾ നമ്മൾ നടത്തുന്ന സ്ഥാപനത്തിന് ഒരു ലക്ഷ്യമുണ്ടല്ലോ. ക്രിസ്ത്യൻ പ്രിൻസിപ്പിൾസും വാല്യൂസും ഉണ്ടല്ലോ.. അതൊക്കെ എത്രത്തോളം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പറയാൻ സാധിക്കില്ല. തീർച്ചയായും അതൊന്നും ഇന്ത്യൻ മഹാരാജ്യത്തിന്റെ ഭരണഘടനയ്ക്ക് എതിരല്ല.

പ്രിയാമ്പിളിൽ പറയുന്ന ആ കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ നമ്മൾ എല്ലാവരും ബാധ്യസ്ഥരാണ്. പ്രിയാമ്പിളിൽ നിന്ന് പോലും സെക്യുലർ എന്ന വാക്ക് എടുത്തു മാറ്റിയിരിക്കുകയാണ്. ആദ്യം പറഞ്ഞു അത് പ്രിന്റിംഗ് എറർ ആണെന്ന്. ഒരു വാക്കിനു മാത്രം പ്രിന്റിംഗ് എറർ വരേണ്ട കാര്യമില്ലല്ലോ. ഇപ്പോൾ പറയുന്നു അത് ഇന്ദിരാഗാന്ധിയുടെ കാലത്ത് കൂട്ടിച്ചേർത്തതാണെന്ന്. എന്തുകൊണ്ട് കൂട്ടിച്ചേർത്തുവെന്നും അതിന്റേതായ വില എന്താണെന്നുമൊക്കെ മനസ്സിലാക്കിയത് കൊണ്ടാണല്ലോ അന്നുതൊട്ട് ഇന്നുവരെ അത് നിലനിന്നത്. ഇനിയും ഒരു വമ്പിച്ച ഭൂരിക്ഷത്തോടുകൂടി, മൂന്നിൽ രണ്ട് മെജോറിറ്റിയോടെ കേന്ദ്രത്തിൽ ഒരു ഗവൺമെന്റ് വന്നാൽ ഈ കോൺസ്റ്റിറ്റ്യൂഷൻ മാറ്റിയെഴുതില്ല എന്നതിൽ യാതൊരു ഉറപ്പുമില്ല. ഈ ന്യൂ എഡ്യുക്കേഷൻ പോളിസിയെക്കുറിച്ചു പറഞ്ഞാൽ ഒരു പോളിസി എന്ന നിലയിൽ, അതിന് നല്ല എലമെന്റ്സ് ഉണ്ട്. അതേസമയം ഇതുപോലെയുള്ള സൈഡ് ലൈൻ ചെയ്യുന്ന കാര്യങ്ങളും ഉണ്ട്. അത് കറക്റ്റ് ചെയ്തുകൊണ്ട് പോയില്ലയെങ്കിൽ, ഇന്ത്യാ മഹാരാജ്യത്തിൽ മതേതരത്വവും മറ്റും എടുത്തു കളഞ്ഞാൽ, പിന്നെ വരുന്നത് ഏകാധിപത്യ പ്രവണതയാണ്. കേന്ദ്രത്തിലും, സംസ്ഥാനത്തിലുമൊക്കെ ആ രീതിയിലുള്ള ഒരു പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്. അത് വളരെ അപകടകരമായ ഒന്നാണ്.

അഭിമുഖത്തിന്റെ പൂർണരൂപത്തിന്
QR കോഡ് സ്കാൻ ചെയ്യുക:

# മക്കൾക്ക് ഇക്കാര്യങ്ങളെല്ലാം അറിയാമെന്ന് നിങ്ങൾക്കറിയാമോ?

**ടീൻസ്പിരിറ്റ്/റെയിൻബോ -**
സുജമോൾ ജോസ്, എറണാകുളം



നാട്ടിലെ പ്രമുഖ ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിൽ പഠിക്കുന്ന അഞ്ചാം ക്ലാസ്സുകാരൻ മകൻ: "അമ്മേ ഇന്നലെ വാലെന്റൈൻസ് ഡേ ആയിരുന്നില്ലേ? എന്റെ ക്ലാസ്സിലെ കെവിൻ മായയ്ക്ക് ഡയറി മിൽക്ക് സിൽക്ക് വാങ്ങി കൊടുത്തു."

അമ്മ: "ഉം." (രാവിലെ ബ്രേക്ക് ഫാസ്റ്റ് ഉണ്ടാക്കി മകനെ സ്കൂളിൽ വിടാനുള്ള തിരക്കിനിടയിൽ ഞെട്ടൽ പുറത്ത് കാണിക്കാതെ)

മകൻ: "അമ്മേ, ഞങ്ങളുടെ ക്ലാസ്സിൽ എല്ലാവരുംതന്നെ സെറ്റാണ്."

അമ്മ: "നീയും സെറ്റ് ആണോ?" (അമ്മയുടെ ഉള്ളൊന്ന് കാളിയെങ്കിലും അത് പുറത്ത് കാണിക്കാതെ)

മകൻ: "ഞങ്ങൾ ഒരു നാലഞ്ചുപേർ മാത്രമേ കല്യാണത്തിന് മുമ്പ് 'ക്രഷ്' ഒന്നും വേണ്ടായെന്ന് തീരുമാനിച്ചിട്ടുള്ളൂ."

അമ്മ: "അതെന്താ അങ്ങനെ തോന്നിയത്?" (ഈ ക്രഷ് എന്നൊക്കെ ഇവൻ എപ്പോൾ പഠിച്ചു! ഞെട്ടി മിടിക്കാൻ അമ്മയുടെ ഹൃദയം വീണ്ടും ബാക്കി)

മകൻ: "അതൊക്കെ വലിയ മെനക്കേടാ… പിന്നെ, ഇപ്പൊ ഇതാലോചിക്കേണ്ട സമയമല്ലല്ലോ.." (കൂളായി ഒരു 22കാരന്റെ ഭാവത്തിൽ)

അമ്മ: "നല്ല കാര്യം മോനെ, ഇപ്പോൾ നിങ്ങൾ പഠിക്കേണ്ട സമയമാണ്. ഇപ്പോൾ ഇങ്ങനെയുള്ള കാര്യങ്ങൾ ഒന്നും ചിന്തിക്കേണ്ട." (ഇത്രയും ബോധം ഇവന് ഉണ്ടോ!? അതോ മൂത്തവർ നിൽക്കുന്നു എന്ന ചിന്തയാണോ !)

മകൻ: "ചിന്തിക്കാതിരുന്നിട്ട് കാര്യമൊന്നുമില്ല അമ്മേ.. സ്കൂളിൽ മൊത്തം ഡബിൾ മീനിങ്ങും ബാഡ് തോട്ട്സും ആണ്."

അമ്മ: "അതെന്താ അങ്ങനെ പറയുന്നത്." (ദൈവമേ, ഇനിയും ഞെട്ടേണ്ടി വരുമോ)

മകൻ: "അമ്മേ കഴിഞ്ഞദിവസം ഞാൻ എന്റെ ഐഡി കാർഡിന്റെ ബാക്കിൽ ഒരു സ്റ്റിക്കർ ഒട്ടിച്ചിരുന്നില്ലേ?"

അമ്മ: "അത് നിന്റെ ഫ്രണ്ട് ടോം ജോസ് തന്നതാണെന്നല്ലേ നീ പറഞ്ഞത്."

മകൻ: "അതെ, അവൻ തന്നതുതന്നെയാണ്, ആ സ്റ്റിക്കറിന്റെമേലെ കുറേ ചെറിയ ചെറിയ ചിത്രങ്ങൾ ഇല്ലേ? അതിൽ രണ്ട് ലൗ സിംബൽ ഉണ്ട്.

അമ്മ: "അതിന്?" (വീണ്ടും ഞെട്ടാൻ തയ്യാറായിക്കൊണ്ട്)

മകൻ: "എന്റെ ക്ലാസ്സിലെ അമേയ അതുകണ്ട് എന്നോട് ചോദിക്കുവാ – ഒരു ഹാർട്ട് നീ.. മറ്റേത് ആരാണെന്ന്?"

അമ്മ: "നിന്റെ ഫ്രണ്ട് ടോം ജോസ് ആണെന്ന് പറയാമായിരുന്നില്ലേ? അവനല്ലേ നിനക്ക് സ്റ്റിക്കർ തന്നത്." (ഞെട്ടി മടുത്തതുകൊണ്ട് ഞെട്ടൽ അവസാനിപ്പിക്കാം എന്ന് ചിന്തിച്ച് സധൈര്യം) – ടോം ജോസ് നോട്ട് ചോദിക്കാനും മറ്റും വിളിച്ച് അമ്മയ്ക്ക് നല്ല പരിചയമുണ്ടായിരുന്നു.

മകൻ: "അവിടെയാണ് പ്രശ്നം. അങ്ങനെ പറഞ്ഞപ്പോൾ ചോദിക്കുവാ നിങ്ങൾ 'ഗേ' ആണോന്ന്."

അമ്മ: "ഗേയോ" (സംഭരിച്ച ധൈര്യം എല്ലാം ഒറ്റ നിമിഷം കൊണ്ട് ചോർന്നു പോയി)

മകൻ: "അമ്മയ്ക്ക് അറിയില്ലേ, ഈ ആണും ആണും പെണ്ണും പെണ്ണും തമ്മിലുള്ള ക്രഷ്… അതിനൊക്കെയാണ് 'ഗേ', 'ലെസ്ബിയൻ' എന്നൊക്കെ പറയുന്നത്." (സുഗതകുമാരിയുടെ ഭാഷയിൽ പറഞ്ഞാൽ ഞെട്ടി മിടിക്കാൻ ഇനി തന്നിൽ ഒരു ഹൃദയം പോലും അവശേഷിക്കുന്നില്ലെന്ന് അമ്മ വേദനയോടെ തിരിച്ചറിഞ്ഞു.)

മകൻ തുടർന്നു: "അല്ലേലും അത് ശരിയല്ലല്ലോ.. നമ്മുടെ വിശ്വാസമനുസരിച്ച് ഇത് പാപം അല്ലേ?" (കർത്താവേ, കുരുത്തംകെട്ട ചെക്കൻ കളിച്ചു കളിച്ച് കാനൻ നിയമത്തിലും കൈവയ്ക്കോ !)

മകൻ തുടർന്നു: "പിന്നെ ഇതൊക്കെ ഓരോരുത്തരുടെ വ്യക്തിപരമായ സ്വാതന്ത്ര്യമല്ലേ.. ഞാൻ ഇതിലൊന്നും ഇടപെടാറില്ല. പക്ഷേ, ഞങ്ങളുടെ ക്ലാസ്സിലൊക്കെ ഇത് വലിയ ചർച്ചയാണ്."

(ഒരു പോസ് ഇട്ടശേഷം)

മകൻ വീണ്ടും: "അമ്മയ്ക്ക് ഈ വിഷയത്തിൽ എന്താണ് അഭിപ്രായം?" (അപ്പോഴേക്കും സ്കൂൾ ബസിന്റെ ഹോൺ അടിച്ചു. ദൈവം തക്ക സമയത്ത് ഇടപെടും എന്ന് കേട്ടിട്ടില്ലേ..)

അമ്മ: "ചെക്കാ.. ബസ് വന്നു. ടിഫിൻ ബോക്സ് എടുത്തുവച്ച് വേഗം പോകാൻ നോക്ക്" (തത്ക്കാലം തടി തപ്പിയ ആശ്വാസമായിരുന്നു അമ്മയ്ക്ക്.)


*(ഈ കഥയും കഥാപാത്രങ്ങളും സാങ്കല്പികമല്ല. പച്ചയായ യാഥാർഥ്യമാണ്. ഇതുവരെ നിങ്ങളുടെ കുട്ടികളുമായി ദിവസവും സംസാരിക്കാൻ സമയം കണ്ടെത്തിയിട്ടില്ലെങ്കിൽ ഇനിയും വൈകിക്കൂടാ. അവർ എന്ത് ചിന്തിക്കുന്നു? എന്തു പറയുന്നു? അവരുടെ കൂട്ടുകാർ ആരാണ്? ഇതേക്കുറിച്ചെല്ലാം മാതാപിതാക്കൾ അറിയേണ്ടതുണ്ട്. എന്റെ മകൻ/മകൾ പച്ചവെള്ളം പോലും ചവച്ചാണ് കഴിക്കുന്നതെന്ന് മിഥ്യാ ലോകത്തു നിന്നും പുറത്തു വരുക. നമുക്ക് കൈയെത്തി പിടിക്കാൻ പോലുമാകാത്ത അകലെയാണ് നമ്മുടെ മക്കളുടെ ലോകം.*

*ഈശോ പറഞ്ഞതുപോലെ നമുക്കും ജാഗരൂകരായിരിക്കാം. നമ്മുടെ മക്കൾക്കായി പ്രാർഥിക്കാം. ദൈവാത്മാവിനാൽ നമ്മുടെ മക്കൾ നിറയപ്പെടട്ടെ, നയിക്കപ്പെടട്ടെ!)* ◆

*മോട്ടിവേഷണൽ ട്രെയിനറും കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമായ ലേഖിക എറണാകുളം സ്വദേശിയാണ്.*

# ടാബുല

## നിങ്ങളുടെ വിശ്വാസം നിങ്ങളുടെ ശബ്ദം




***"നിങ്ങൾക്ക് നടക്കാൻ കഴിയുമെങ്കിൽ നിങ്ങൾ ഓടണം; നിങ്ങൾക്ക് ഓടാൻ കഴിയുമെങ്കിൽ നിങ്ങൾ പറക്കണം."***

ഷൈസൺ പി. ഔസേപ്പ് എന്ന പ്രശസ്ത സിനിമ സംവിധായകൻ മാധ്യമപ്രവർത്തന മേഖലയിൽ തത്പരരായ യുവജനങ്ങളോട് പറഞ്ഞ വാക്കുകളാണിത്.

കെ.സി.ബി.സി.യുടെ ആസ്ഥാന കേന്ദ്രമായ പാലാരിവട്ടത്തെ പി.ഒ.സി.യിൽ നടന്ന കത്തോലിക്ക യുവജനങ്ങൾക്കായുള്ള മീഡിയ കോൺക്ലേവ് 'ടാബുല'യിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കത്തോലിക്കാ സഭ സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്ന വിലമതിക്കാനാവാത്ത സംഭാവനകളും ഇതുവരെ പകരം വയ്ക്കാനാവാത്തതുമായ ശുശ്രൂഷ പ്രവർത്തനങ്ങളും മാധ്യമപ്രവർത്തനങ്ങളിലൂടെ നമ്മൾ തന്നെ ലോകത്തോട് വിളിച്ചു പറഞ്ഞില്ലായെങ്കിൽ പിന്നെയാരാണ് അത് പറയുക? കത്തോലിക്കർ ചെയ്യുന്ന കാര്യങ്ങൾ മറ്റെങ്ങനെയാണ് ലോകം അറിയുന്നത്. ഈയൊരു ഉൾക്കാഴ്ചയിലും ബോധ്യത്തിലും നിന്നാണ് ഷൈസൺ പി. ഔസേപ്പ് എന്ന സംവിധായകൻ സിസ്റ്റർ റാണി മരിയയുടെ ജീവിതത്തെ ആസ്പദമാക്കി 'ഫെയ്സ് ഓഫ് ദ ഫേസ്‌ലെസ്" എന്നസിനിമ ചെയ്തത്. നിരവധി അവാർഡുകൾ ലഭിച്ചിട്ടുള്ള ഈയൊരു ചലച്ചിത്രം ഇന്ത്യൻ സിനിമാചരിത്രത്തിൽ ഒരു നാഴികക്കല്ലാണെന്നതിൽ സംശയമില്ല. അവാർഡുകളും സോഷ്യൽ മീഡിയ പ്രതികരണങ്ങളും അതാണ് വ്യക്തമാക്കുന്നത്.



കത്തോലിക്ക മാധ്യമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ ശുശ്രൂഷയിലൂടെ ക്രിസ്തുവിനെ ലോകത്തിനു നൽകുന്നില്ലായെങ്കിൽ എല്ലാ പ്രവർത്തനവും വ്യഥാവിലാവും. കാരണം, ക്രിസ്തുവിനെ അറിയാതെ, ക്രിസ്തുവിന്റെ സ്നേഹമറിയാതെ വിലപിക്കുന്നവരും പരക്കം പായുന്നവരും വൈരാഗ്യ ബുദ്ധിയോടെ പരസ്പരം കടിച്ചുകീറുന്നവരുമൊക്കെയായി മാറിയിരിക്കുകയാണ് ഇന്നത്തെ ലോകം. ലോകത്തിന്റെ പ്രകാശമായി സകല ചോദ്യങ്ങൾക്കും ഉത്തരമായ ക്രിസ്തുവിനെയാണ് ഇന്ന് ലോകത്തിനാവശ്യം. അത് നൽകേണ്ട ഉത്തരവാദിത്വം പ്രധാനമായും ഓരോ ക്രിസ്ത്യാനികൾക്കുമാണ്. ഇതു മറന്ന് നമ്മുടെ പ്രശസ്തിക്കുവേണ്ടിയും മറ്റും പ്രവർത്തിക്കുമ്പോഴാണ് സകലതും പാഴാകുന്നതും ഫലം ഇല്ലാതാവുകയും ചെയ്യുന്നത്. ഇതായിരുന്നു മീഡിയ കോൺക്ലേവിൽ വന്ന വളരെ പ്രഗൽഭരായ എല്ലാ റിസോഴ്സ് പേഴ്സൺസും അടിവരയിട്ട് പറഞ്ഞത്.

മറ്റൊരു പ്രധാന കാര്യം കോൺക്ലേവിൽ ചർച്ചയിൽ വന്നത്, സൈബർ ലോകത്തെ ചതിക്കുഴികളെ കുറിച്ചാണ്. നമ്മളുടെ വ്യക്തിപരമായ സകല വിവരങ്ങളും നമ്മളറിയാതെതന്നെ നമ്മുടെ ഗൂഗിൾ സെർച്ചിങ്ങിലൂടെയും മെയിൽ ഐഡിയിലൂടെയും നമ്മൾ പങ്കുവയ്ക്കുന്ന ഫോട്ടോ വീഡിയോ എന്നിവയിലൂടെയുമൊക്കെ നമ്മൾ സൈബർ ലോകത്തെ അധികായന്മാർക്ക് സ്നേഹത്തോടെയും ആവേശത്തോടെയും അടിയറ വയ്ക്കുന്നുണ്ടെന്നത് ആർക്കുമറിയില്ല

എന്നതാണ് സത്യം. എവിടെ നിന്നൊക്കെ ഡിലീറ്റ് ചെയ്തു തുടച്ചു മാറ്റിയാലും എത്ര വർഷം കഴിഞ്ഞാലും അതൊക്കെ വീണ്ടെടുക്കാൻ പറ്റും എന്നുള്ളതും പച്ച പരമാർഥമായ സത്യം. സമൂഹമാധ്യമ ശുശ്രൂഷയിൽ പുലർത്തേണ്ട ജാഗ്രതയേയും സത്യസന്ധതയേയുമൊക്കെ ഓർമപ്പെടുത്തുകയായിരുന്നു.

സമൂഹ മാധ്യമങ്ങളിലൂടെ കിസ്തുദർശനങ്ങൾ പങ്കുവയ്ക്കുമ്പോഴും ക്രിസ്തുവിനെ ഉയർത്തുമ്പോളുമൊക്കെ വളരെ ആകർഷണീയമായും ക്രിയേറ്റീവായും ചെയ്യേണ്ടതിന്റെ പ്രാധാന്യമായിരുന്നു മറ്റൊരു ചർച്ച. പറയേണ്ട കാര്യം എത്ര ചെറുതാണെങ്കിലും അത് ഈ ലോകത്തിന്റെ ശ്രദ്ധ കവരുന്ന വിധത്തിലും അത്യാകർഷണമായ രീതിയിലും വേണമെന്നുള്ളത് മാധ്യമലോകത്തിന്റെ മനഃശാസ്ത്ര തത്വങ്ങളാണ്. സ്വാർഥമതികളായി ജീവിക്കാനും സുഖസൗകര്യങ്ങളിലും ആഡംബരങ്ങളിലും അഭിരമിക്കുവാനും എന്റെ ശരീരം എന്റെ സ്വാതന്ത്ര്യം എന്നൊക്കെ പറഞ്ഞ് നന്മയുടെയും മൂല്യങ്ങളുടെയുമൊക്കെ എല്ലാ അതിർവരമ്പുകളും ഭേദിച്ച് മുന്നോട്ടു പായുവാനാണ് മാധ്യമലോകം വെമ്പുന്നത്. ആസ്വാദ്യവും കണ്ണിന് കൗതുകകരവും ആകുന്ന മായക്കാഴ്ചകളിലൂടെയാണ് മാധ്യമ ലോകം മനുഷ്യനെ മയക്കുന്നത്.

സത്യസന്ധവും ധീരോദാത്തവുമായ ചുവടുകളിലൂടെയാണ് മാധ്യമ പ്രവർത്തനങ്ങളിൽ മുന്നോട്ടുപോകേണ്ടതെന്നും ഓരോ ചുവടും ജാഗ്രതയോടെ വേണമെന്നും നമുക്ക് മറക്കാതിരിക്കാം. ക്രിസ്തീയ ദർശനങ്ങളെ ഉയർത്തിപ്പിടിക്കാനും ക്രിസ്തുവിനെ നൽകുവാനും കഴിയുന്നതാകണം നമ്മുടെ മാധ്യമ ധർമം.

കെ.സി.ബി.സി യൂത്ത് കമ്മീഷൻ സെക്രട്ടറി ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയുടെ നേതൃത്വത്തിൽ ഫാ. ജോർജ് പ്ലാത്തോട്ടം, ടെന കോനിൽ, പ്രവീൺ, ലിൻസൺ, ഡോ. പി.എം. ചാക്കോ എന്നിവർ ക്ലാസ്സുകൾ നയിച്ചു. അഭിവന്ദ്യ ബിഷപ് തോമസ് മേനാംപറമ്പിൽ, ബിഷപ് പോളി കണ്ണൂക്കാടൻ, ബ്ര. തോമസ് പോൾ, ഷൈസൺ പി. ഔസേപ്പ് എന്നിവർ അതിഥികളായും സന്നിഹിതരായിരുന്നു. മാധ്യമ ശുശ്രൂഷയിൽ ആക്റ്റീവായും ക്രിയേറ്റിവായും കാര്യമായിട്ടെന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹത്തോടും ആവേശത്തോടും കൂടിയാണ് 'ടാബുല'യിൽ പങ്കെടുത്തവരെല്ലാം തിരികെ പോയത് ◆

# സ്വർഗത്തിലേക്ക് ഒരു കുറുക്കുവഴി

**ഗ്ലോറിയ ജോമോൻ, ഇരിങ്ങാലക്കുട**

ഇന്ന് പതിവുപോലെ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ മക്കളെയും കൂട്ടി പോയി. ഇന്നത്തെ ബലിയർപ്പണത്തിൽ മറ്റൊരു അതിഥി വൈദികൻ കൂടി ഉണ്ടായിരുന്നു. എനിക്ക് അദ്ദേഹത്തെ പരിചയം ഇല്ല. വർഷങ്ങൾക്കു മുൻപ് ഇവിടെ കൊച്ചച്ചനായി സേവനം അനുഷ്ഠിച്ചിരുന്നത്രേ. അദ്ദേഹത്തെ ഞങ്ങളടക്കം പലരും കൗതുകത്തോടെ ആണ് നോക്കിയത്. കാരണം അദ്ദേഹത്തിന്റെ ഫിസിക്കൽ അപ്പിയറൻസ് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായിരുന്നു. കഴുത്തിന്റെ ഞരമ്പിനെന്തോ പ്രശ്നമുണ്ടെന്നു തോന്നുന്നു. കഴുത്തു നേരെ ഉറക്കുന്നില്ല. ചുണ്ടും നാക്കും ഒന്നും സ്വന്തമായി കൺട്രോൾ ചെയ്യാൻ പറ്റാത്ത ഒരു വൈദികൻ. അദ്ദേഹത്തെ കണ്ടപ്പോൾമുതൽ എന്റെ മക്കൾ ഇതെന്താ ഈ അച്ചൻ ഇങ്ങനെ എന്ന് ചോദിക്കുമല്ലോ. അപ്പോൾ എന്ത് മറുപടി കൊടുക്കും എന്നായിരുന്നു എന്റെ ചിന്ത. ദിവ്യബലി കഴിയാറായപ്പോൾ ഞാൻ പ്രതീക്ഷിച്ച പോലെ അഞ്ചു വയസ്സുകാരിയുടെ നാവിൽ നിന്നും ആ ചോദ്യം ഉതിർന്നു.

ദിവ്യബലി കഴിഞ്ഞു ഇറങ്ങിയപ്പോൾ ഈശോ നൽകിയ ആ ഉത്തരം എന്റെ മക്കളോടായി ഞാൻ പറഞ്ഞു: മക്കളെ നിങ്ങൾ മാലാഖമാരെ കണ്ടിട്ടുണ്ടോ? അവർക്ക് ശരീരമില്ല. അവർ അരൂപികളാണ്. ഈ അരൂപികളായ മാലാഖാമാരിൽ ചിലർക്ക് ശരീരം നൽകി ദൈവം ഈ ഭൂമിയിലേക്ക് അയച്ചു. അവർ സ്വർഗത്തിൽ കഴിയാൻ യോഗ്യത ഉള്ളവരാണോയെന്ന് പരീക്ഷിക്കാൻ വേണ്ടിയാണ്. അവരാണ് നമ്മൾ മനുഷ്യർ... മാലാഖാമാരൊക്കെ നല്ലവരാണ് പക്ഷേ, അവരുടെ ശരീരങ്ങൾക്ക് ചില കുറവുകൾ ദൈവം നൽകി. ചിലർക്ക് രോഗമായിട്ട്, മറ്റു ചിലർക്ക് ദേഷ്യപ്പെടുന്ന സ്വഭാവമായിട്ട്, മറ്റു ചിലർക്ക് കാലുകളില്ലാതെ, വേറെ ചിലർക്ക് ഈ അച്ചനെ പോലെ. എന്തിനാണ് ഈ കുറവുകൾ അവർക്കു നൽകിയത് എന്ന് അറിയാമോ? അവരുടെ കുറവുകളെ നോക്കാതെ അവരെ മാറ്റിനിറുത്താതെ സ്നേഹിക്കാൻ നമുക്ക് പറ്റുമോ എന്ന് അറിയാൻ. ഈശോ നമ്മെ സ്നേഹിച്ചത് അതു പോലെയല്ലേ? ആ സ്നേഹം നമുക്കും മറ്റുള്ളവരോട് ഉണ്ടാവണം. അപ്പോൾ മാത്രമേ നമുക്കും സ്വർഗത്തിൽ ഇടമുള്ളൂ. സ്വർഗത്തിൽ പോകാൻ നിങ്ങൾക്ക് ഇഷ്ടമാണോ? എങ്കിൽ അതിനുള്ള ഒരു കുറുക്കുവഴിയാണ് നമ്മുടെ ചുറ്റുമുള്ളവരെ അവർ ആയിരിക്കുന്ന അവസ്ഥയിൽ സ്നേഹിക്കുക.

ഇത് പറഞ്ഞു തീരുമ്പോഴേക്കും കനൽ പോലെ എരിഞ്ഞ എന്റെ മനസ്സിലും വലിയൊരു മഞ്ഞുമഴ പെയ്ത പോലെ. ചിലരുടെ ക്യാരക്ടർ ഇഷ്ടപ്പെടാത്തത് കൊണ്ട് അവരോടു ക്ഷമിക്കാനാവാതെകഴിഞ്ഞ എന്റെയുള്ളിലും പുതിയൊരു ബോധ്യം നിറഞ്ഞു. അവരോട് ക്ഷമിക്കാനും ദൈവം നൽകിയ ആ മാലാഖമാരെ അവർ ആയിരിക്കുന്ന അവസ്ഥയിൽ സ്നേഹിക്കാനും ദൈവം ഒരു കൃപ നൽകിയ പോലെ.



# കൈത്തിരിയോളം പ്രതീക്ഷ ഇനിയും ബാക്കിയുണ്ട്

## ലെബനോൻ ജീവിതം പറയുന്നു

അനിശ്ചിതകാലങ്ങളിൽ പ്രത്യാശ പുലർത്തേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചു തന്റെ മാതൃരാജ്യത്തെ ഉദാഹരണമാക്കി **ലെബനീസ് ബ്രദർ റാംസി ഹിറ്റി** കെയ്റോസിനോട് പറയുന്നു.



St. Paul Basilica in Harissa (near Beirut), Lebanon

2023 **ഒറ്റനോട്ടത്തിൽ:** രോഗങ്ങൾ, പകർച്ചവ്യാധികൾ, യുദ്ധങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, പിടിച്ചുപറി, അഴിമതി, വഞ്ചന... പ്രതീക്ഷക്കുള്ള വക എവിടെ ? പുതിയ നിയമം പറയുന്നു: "കാരണം, കള്ളക്രിസ്തുമാരും വ്യാജപ്രവാചകൻമാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അടയാളങ്ങളും അദ്ഭുതങ്ങളും കാണിക്കുകയും ചെയ്യും" (മത്താ 24,24).

ദൗർഭാഗ്യമെന്ന് പറയട്ടെ, ഇന്നത്തെ ലെബനീസ് ജനതയുടെ വിധി നിയന്ത്രിക്കുന്നവരിൽ ഭൂരിഭാഗവും രാഷ്ട്രീയക്കാർ, സുരക്ഷാ ഉദ്യോഗസ്ഥർ, ഡോക്ടർമാർ, അഭിഭാഷകർ... എന്നീ കള്ളപ്രവാചകരാണ് ! നിർഭാഗ്യവശാൽ, നമ്മുടെ ആളുകൾ അവരെ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുന്നു. അവർ നമുക്ക് താത്ക്കാലിക സന്തോഷവും പ്രതീക്ഷയും നൽകുന്നു ! ഈ തെറ്റായ പ്രതീക്ഷകളും സ്വപ്നങ്ങളും പിന്തുടരുന്നതിലൂടെ ലെബനൻ ജനത യാഥാർഥ്യബോധം നഷ്ടപ്പെട്ട



അവസ്ഥയിലാണ്. അനിശ്ചിതത്വത്തിന്റെ ഈ കാലത്ത് യഥാർഥ പ്രത്യാശയും പ്രതീക്ഷയും പകർന്നുനല്കുന്നതിനു ലെബനോനിലെ സഭയും വൈദികരും അവിശ്രാന്തം പരിശ്രമിക്കുന്നുമുണ്ട്.

ലെബനോനിലും മിഡിൽ ഈസ്റ്റിലും വിശ്വാസ ജീവിതത്തിനുള്ള വെല്ലുവിളി ആദ്യകാലം മുതലേതന്നെ ഉള്ളതാണ്. അതിന്നും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ തുടരുന്നു എന്നുമാത്രം. അധികഠിന കഷ്ടപ്പാടിലും അസ്ഥിരതയുടെയും അനിശ്ചിതത്വത്തിന്റെയും നിമിഷങ്ങളിലും അടിപതറാതെ ദൈവത്തിൽ ആശ്രയിക്കാറാണ് പതിവ്. ദൈവം നമ്മുടെ ശക്തിയും സങ്കേതവുമാണ് (സങ്കീ 46,1) എന്ന വചനം നൽകുന്ന ഉൾബലം ഇവിടത്തെ ജീവിതത്തിന്റെ അടിത്തറയാകുന്നത് പലരുടെയും അനുഭവസാക്ഷ്യമാണ്. അത് ഞങ്ങളുടെ വിശ്വാസമാണ്. നിരാശയുടെ പടുകുഴിയിൽ തളർന്നുവീഴാതിരിക്കാൻ "എനിക്ക് ശക്തി നൽകുന്ന അവനിലൂടെ എനിക്ക് ഇതെല്ലാം ചെയ്യാൻ കഴിയും" (ഫിലി 4,13) എന്ന വചനത്തിന്റെ ഒറ്റമൂലിയിൽ വിശ്വാസവും പ്രത്യാശയും ആത്മമാവിൽ നിറയ്ക്കും. എന്നാൽ, ലെബനോനിൽ ഈ സാഹചര്യം സൃഷ്ടിച്ച കാരണങ്ങൾ എന്തൊക്കെയാണ് ?

നാളുകളായി ലെബനോൻ ജനത അനുഭവിക്കുന്ന യുദ്ധാന്തരീക്ഷത്തിനു പിന്നിലെ ചരിത്രം പലർക്കും അറിയാവുന്നതാണെങ്കിലും ചുരുക്കി വിവരിക്കാം; ഭൂമിശാസ്ത്രപരമായി, ലെബനോൻ സ്ഥിതി ചെയ്യുന്നത് മിഡിൽ ഈസ്റ്റിലാണ്. യഹൂദമതം, ക്രിസ്തുമതം, ഇസ്ലാം എന്നീ മൂന്ന് ഏകദൈവ വിശ്വാസ അബ്രഹാമിക് മതങ്ങളുടെ പിറവിക്ക് സാക്ഷ്യം വഹിച്ച പ്രദേശമാണിത്. മതമേൽക്കോയ്മക്കുവേണ്ടി നടത്തുന്ന വടം വലികളുടെ പ്രത്യാഘാതം രാജ്യത്തെ ആകമാനം ഉലയ്ക്കുന്നുണ്ട്. നിരന്തരയുദ്ധം മൂലം ലെബനോനികൾക്കിടയിൽ നിരന്തരമായ ഭയവും അവിശ്വാസവും നിരന്തരമായ ഉത്കണ്ഠയും സൃഷ്ടിച്ചു. സമാധാനദൂതൻ തിരിഞ്ഞു നോക്കിയിട്ട് നാളുകളായിരുന്നു. അസമാധാനത്തിന്റെ രാജ്യാന്തരീക്ഷം കടന്നാക്രമിക്കുന്ന മേഖലകൾ അനവധിയാണ്. സാമ്പത്തിക പ്രതിസന്ധി ദാരിദ്ര്യത്തിലേക്കും, അത് ആളുകളുടെ കുടിയേറ്റത്തിലേക്കും വഴിയൊരുക്കുന്നു. വിദേശത്ത് പോകാൻ കഴിയുന്നവർ പലായനം ചെയ്തു. ജനതയ്ക്കാവട്ടെ മരുന്ന്, ഭക്ഷണം, വസ്ത്രം, വാതകം, എണ്ണ തുടങ്ങി അടിസ്ഥാന ആവശ്യങ്ങളുടെ ക്ഷാമം വേറെയും. അറുതിയില്ലാതെ തുടരുന്ന യുദ്ധം ഇവിടത്തെ പൗരന്മാരെ അസ്ഥിരതയുടെ അവസ്ഥയിലാക്കി. അനിശ്ചിതത്വത്തിന്റെ അവസ്ഥ രാജ്യത്തെ യുവാക്കളെയും ബുദ്ധിജീവികളെയും യുവ തൊഴിലാളികളെയും. അവശേഷിക്കുന്നവരിൽ ഭൂരിഭാഗവും ആരോഗ്യപരവും സാമൂഹികവും മാനസികവുമായ പ്രശ്നങ്ങൾ അനുഭവിക്കുന്നു; സ്വപ്നങ്ങൾ തകർന്നിരിക്കുന്നു. എന്നിരുന്നാലും, ക്രിസ്ത്യാനിക്ക് വലിയ പ്രതീക്ഷയുണ്ട്. എന്താണിത്?

പ്രതീക്ഷയ്ക്ക് സാധ്യത ഇല്ലാതിരുന്നിട്ടും, പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു. അവനോട് പറഞ്ഞതുപോലെ അനേകം ജനതകളുടെ പിതാവായിത്തീർന്നു (റോമ 4,18). പുരാതന കാലം മുതൽ ഇന്നുവരെയുള്ള ലെബനോനിലെ ക്രിസ്ത്യാനികളുടെ പ്രതീക്ഷ ഇതാണ്. നമ്മുടെ പ്രത്യാശ നമ്മുടെ പിതാവായ അബ്രഹാമിന്റെ പ്രത്യാശയോട് സാമ്യ

**പ്രതീക്ഷയ്ക്ക് തീരെ സാധ്യതയില്ലാതിരുന്നിട്ടും താൻ അനേകം ജനതകളുടെ പിതാവാകും എന്ന വാഗ്ദാനം അബ്രഹാം പ്രത്യാശയിൽ വിശ്വസിച്ചു (റോമ 4,18). ആദികാലം മുതൽ ഇന്നോളമുള്ള ലെബനനിലെ ക്രിസ്ത്യാനികളുടെ പ്രതീക്ഷയും നമ്മുടെ പിതാവായ അബ്രാഹത്തിന്റെ പ്രത്യാശയോട് സാമ്യമുള്ളതാണ്. അത് വിശ്വാസത്തിൽ പൊതിഞ്ഞ പ്രതീക്ഷയാണ് !**

മുള്ളതാണ്. അത് വിശ്വാസത്തിൽ പൊതിഞ്ഞ പ്രതീക്ഷയാണ്!

**ഈ പ്രതീക്ഷയുടെ ഘടകങ്ങൾ എന്തൊക്കെയാണ്?**

ആദ്യം, വിശുദ്ധന്മാർ. നമ്മുടെ പ്രത്യാശ കാത്തുസൂക്ഷിക്കുന്നതിൽ ലെബനോനിലെ വിശുദ്ധ ചാർബെൽ, വിശുദ്ധ റഫ്ഖ തുടങ്ങിയവരുടെ ജീവിതവും വിശുദ്ധിയും നൽകുന്ന പ്രചോദനം വലുതാണ്. രണ്ടാമത്, വിശുദ്ധ മലകളും താഴ്‌വരകളും. സന്യാസിമാരും കന്യാസ്ത്രീകളും താമസിക്കുന്ന നിരവധി ആശ്രമങ്ങൾ ഇവിടെയുണ്ട്. ശരിക്കും പുണ്യങ്ങൾ പൂക്കുന്നിടം. ലെബനോൻ താഴ്‌വരകളെ വെണ്മപോലെ കളങ്കമേൽക്കാതെ നിറുത്തുന്നതിന് രക്തസാക്ഷികളുടെ ചുടുനിണത്തിന്റെ പങ്കും വിസ്മരിച്ചുകൂടാ. പ്രത്യാശ പരത്താൻ ഇതിൽ കൂടുതൽ എന്ത് സാഹചര്യമാണുവേണ്ടതല്ലേ ! ഇവിടത്തെ സഭ ഒന്നടങ്കം വർഗീയതയ്ക്കും ചേരിപ്പോരുകൾക്കും നടുവിൽ സത്യവേദമോതി ആളുകളുടെ ഒപ്പം നിന്നു എന്നുള്ളത് ദൈവത്തിന്റെ സഭയ്ക്ക് ഈ നാട്ടിൽ നൽകിയ പവർ വേറെതന്നെയാണ്.

---

ലെബനോനിന്റെ വിശുദ്ധർ
St. Charbel (1828-1898),
St. Rafqa (1832-1914),
St. Nimatullah Hardini (1808-1858) ,
Bl. Bro. Estephan Nehme (1889-1938)


**ലെബനോനിലെ ഒരു ക്രിസ്ത്യാനി തന്റെ പ്രത്യാശ എങ്ങനെ ജീവിക്കുന്നു? അറിയണമെന്ന് തോന്നുന്നില്ലേ!**


പാദ്രെ പിയോ പറയുന്നു: "ദൈവിക കാരുണ്യത്തിൽ കൂടുതൽ ആത്മവിശ്വാസത്തോടെ എന്നെത്തന്നെ സമർപ്പിക്കേണ്ടതും ദൈവത്തിൽ മാത്രം എന്റെ ഏക പ്രത്യാശ അർപ്പിക്കേണ്ടതും കൂടുതൽ ആവശ്യമാണെന്ന് എനിക്ക് എപ്പോഴും തോന്നുന്നു." ഇതാണ് ലെബനോനിലെ ഇന്നത്തെ നമ്മുടെ അവസ്ഥ. ദൈവിക കാരുണ്യത്തിന് കീഴടങ്ങുന്നു. സഭാനേതൃത്വത്തെ വിലമതിക്കുന്നു. പ്രാർഥനയിലാഴമേറിയ സുസ്ഥിരവും ഉറച്ചതുമായ ആത്മീയ ജീവിതം നയിക്കുന്നതിലൂടെ പ്രത്യാശ കൂടുതൽ ശക്തമാകുന്നു. പ്രയാസകരമായ ജീവിതസാഹചര്യങ്ങൾക്കിടയിലും, ദൈവം നമ്മെ കൈവിടില്ല എന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഞങ്ങൾ ഇപ്പോഴും ജീവിതസാക്ഷ്യത്തിന്റെയും സുവിശേഷവത്കരണത്തിന്റെയും ജീവിതം നയിക്കുന്നതുവഴി മറ്റുള്ളവർക്ക് പ്രത്യാശയുടെ അടയാളങ്ങളായി മാറാൻ കഴിയുന്നു.

**ഭാവി ലെബനോൻ: സ്വപ്നമോ യാഥാർഥ്യമോ?**

ലാസർ, പുറത്തു വരൂ ! (യോഹ 11,43). യേശു തന്റെ സുഹൃത്തായ ലാസറിനോട് പറഞ്ഞത്, അവൻ ഇന്ന് എല്ലാ ലെബനോനികളോടും പറയുന്നു. ലെബനോൻ അനിശ്ചിതത്വത്തിൽ നിന്ന് കരകയറുകയും അതിനെ മറികടക്കുകയും വേണം. നമ്മുടെ വിശ്വാസം സുവിശേഷത്തിന്റെ വിശ്വാസമാണ് – മരണശേഷം പുനരുത്ഥാനമുണ്ട്. ഈ പുനരുത്ഥാനം ലെബനോൻ ജനതയുടെ എല്ലാ സ്വപ്നങ്ങളും ആഗ്രഹങ്ങളും ഉൾക്കൊള്ളുന്നു; അവ യാഥാർഥ്യമാക്കുന്നു. അപ്പോൾ ഞാൻ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു (വെളി 21,1). ബൈബിളിൽ, പുതിയ ഭൂമിയും പുതിയ ആകാശവും അർഥമാക്കുന്നത് നിത്യജീവിതത്തിൽ മനുഷ്യൻ അനുഭവിക്കുന്ന മഹത്വത്തിന്റെ അവസ്ഥയാണ്. എന്നിരുന്നാലും, ലെബനീസ് ആയ ഞങ്ങളെ സംബന്ധിച്ചിടത്തോളം, ഉത്കണ്ഠയുടെയും അനിശ്ചിതത്വത്തിന്റെയും സാഹചര്യങ്ങളിൽ നിന്ന് അകലെ, ഭാവിയിലെ ലെബനോൻ, ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ മേഖലയെ നിയന്ത്രിക്കുന്ന സാമ്പത്തിക, സുരക്ഷാ, രാഷ്ട്രീയ സാഹചര്യങ്ങളുടെ ഫലമായി ലെബനോൻ ഇന്ന് ദുഃഖവും വേദനയും കയ്പ്പും അനുഭവിക്കുകയാണ് എന്നത് ശരിയാണ്. നിലവിലെ ഈ യാഥാർഥ്യം ഭാവിയെ ഇരുണ്ടതാക്കുന്നു. എന്നിരുന്നാലും, നാം ദൈവത്തിൽ ആശ്രയിക്കുകയും പ്രാർഥനയിൽ ഉറച്ചുനിൽക്കുകയും വിശ്വാസത്തോടെ ആത്മീയ ജീവിതം നയിക്കുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ സഹായത്താൽ, നമ്മുടെ വേദനയെ യഥാർഥവും ശാശ്വതവുമായ സന്തോഷമാക്കി മാറ്റാൻ കഴിയും. സഭയുടെ ഹൃദയത്തിൽ ഞങ്ങൾ പ്രത്യാശ വയ്ക്കുന്നു. എല്ലാ പ്രതീക്ഷകളോടുംകൂടി നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടാൻ കാത്തിരിക്കുകയാണ്. അവസാനമായി ഒന്നുകൂടി പറയട്ടെ, ഞങ്ങളുടെ സ്വപ്നങ്ങളുടെയും പ്രതീക്ഷയുടെയും പോരാട്ടം ഞങ്ങൾ ലെബനോനിൽ തുടരും. സമ്പൂർണവും നീതിയുക്തവുമായ സമാധാനം ഒരുനാൾ വരും എന്ന വിശ്വാസത്തിന്റെ യാത്ര ഞങ്ങൾ തുടരും. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ മുറുകെപ്പിടിക്കുകയും നമ്മുടെ വിശ്വാസം പൂർണ ഊർജത്തോടെ ഓരോദിവസവും ജീവിക്കുകയും ചെയ്യും ഞങ്ങൾ.

*(**ബ്ര. റംസി ഹിറ്റി**: ലെബനീസ് മറോണൈറ്റ് മിഷണറീസ് അസോസിയേഷൻ അംഗമാണ്. മത–മാധ്യമ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ദേഹം ലെബനോനിൽ സെന്റ് ജോൺ ദി ബിലവഡിന്റെ മൊണാസ്ട്രിയിൽ താമസിക്കുന്നു.)*






**Stanley L. Jaki** - Physicist, Philosopher, and Priest

| | |
|---|---|
| **ജനനം:** | സ്റ്റാൻലി എൽ. ജാക്കി 1924 ഓഗസ്റ്റ് 17, ഗ്യോർ, ഹംഗറി |
| **മരണം:** | 7 ഏപ്രിൽ 2009 (84 വയസ്സ്) മാഡ്രിഡ്, സ്പെയിൻ |
| **പൗരത്വം:** | ഹംഗറി, യുണൈറ്റഡ് സ്റ്റേറ്റ്സ് |
| **വിദ്യാഭ്യാസം:** | ഫോർഡാം യൂണിവേഴ്സിറ്റി |
| **അവാർഡുകൾ:** | ടെമ്പിൾടൺ പ്രൈസ് (1987) ശാസ്ത്ര ജീവിതം |
| **പ്രവർത്തനരംഗം:** | ഫിസിക്സ്, ഫിലോസഫി ഓഫ് സയൻസ് |
| **സ്ഥാപനങ്ങൾ:** | സെറ്റൺ ഹാൾ യൂണിവേഴ്സിറ്റി പൊന്തിഫിക്കൽ അഥീനം ഓഫ് സെന്റ് സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി, യുസി ബെർക്ക്‌ലി, പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡി, പ്രിൻസ്റ്റൺ |
| **ഡോക്ടറൽ ഉപദേശകൻ:** | വിക്ടർ ഹെസ് |

# ഫാ. സ്റ്റാൻലി എൽ ജാക്കി

ഫാ. സ്റ്റാൻലി എൽ ജാക്കി (Fr Stanley Jaki OSB) ബെനഡിക്റ്റൈൻ ക്രമത്തിലെ ഒരു ഹംഗേറിയൻ പുരോഹിതനും സെറ്റൺ ഹാൾ യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് പ്രൊഫസറുമായിരുന്നു. 1957–ൽ ന്യൂയോർക്കിലെ ഫോർഡാം സർവകലാശാലയിൽ നിന്ന് അദ്ദേഹം ഭൗതികശാസ്ത്രത്തിൽ പിഎച്ച്ഡി നേടി. 1990–ൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ പൊന്തിഫിക്കൽ അക്കാദമി ഓഫ് സയൻസസിന്റെ ഓണററി അംഗമായി നിയമിച്ചു. 1966–ൽ ഫാ. ജാക്കി തന്റെ ആദ്യത്തെ പ്രധാന കൃതിയായ 'ഭൗതികശാസ്ത്രത്തിന്റെ പ്രസക്തി'യും, പിന്നീട് 'സയൻസ് ആൻഡ് ക്രിയേഷൻ' (1974), അതിനെത്തുടർന്ന് ശാസ്ത്ര ചരിത്രം, പ്രപഞ്ചശാസ്ത്രം, ദൈവശാസ്ത്രം, ധാർമികത, തത്ത്വചിന്ത, ബൈബിൾ പഠനം എന്നീ വിഷയങ്ങളിൽ നാൽപതിലധികം പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. ക്രിസ്ത്യൻ മധ്യകാല യൂറോപ്പിൽ അവതരിക്കുന്നതുവരെ ശാസ്ത്ര സംരംഭം പ്രായോഗികവും സ്വയം നിലനിൽക്കുന്നതും ആയിരുന്നില്ലെന്നും ശാസ്ത്രത്തിന്റെ പുരോഗതി സൃഷ്ടിയെക്കുറിച്ചുള്ള ക്രിസ്ത്യൻ ഗ്രാഹ്യത്തോട് കടപ്പെട്ടിരിക്കുന്നുവെന്നും അദ്ദേഹം തന്റെ പുസ്തകങ്ങളിൽ വാദിച്ചു. സൈദ്ധാന്തിക ഭൗതികശാസ്ത്രത്തിലെ തിയറീസ് ഓഫ് എവരിതിങ് (TOE) സിദ്ധാന്തങ്ങൾക്ക് ഗോഡൽസിന്റെ അപൂർതത സിദ്ധാന്തം പ്രസക്തമാണെന്ന് ആദ്യമായി അവകാശപ്പെട്ടവരിൽ ഒരാളാണ് അദ്ദേഹം.

# 'കേരളാ സ്റ്റോറി'യുടെ സ്പന്ദനങ്ങൾ

ഈ നാളുകളിൽ കേരളത്തിലെ കത്തോലിക്കാ യുവജനങ്ങളുടെ ചർച്ചയിൽ ഇടംപിടിച്ച ഒന്നാണല്ലോ കേരളാ സ്റ്റോറി എന്ന സിനിമയും അതിന്റെ പ്രദർശനവും. യുവജനങ്ങൾ മാത്രമല്ല കേരളമൊട്ടാകെ തന്നെ ഈ വിഷയം ഏറ്റെടുക്കുകയും ചാനലുകളും സോഷ്യൽ മീഡിയയും ദിവസങ്ങളോളം ഇതിന്റെ പിന്നാലെ കൂടുകയും ചെയ്തു. ഏകദേശം ഒരു വർഷം മുൻപ് സെൻസർ ബോർഡ് അനുമതി നൽകിയ ഈ ചിത്രം ഇപ്പോൾ ശ്രദ്ധിക്കപ്പെടാൻ കാരണം ഇടുക്കി രൂപത തങ്ങളുടെ രൂപതയിലെ കൗമാരക്കാർക്കായി വേനല്ക്കാല പഠന ശിബിരത്തിൽ ഇതു പ്രദർശിപ്പിച്ചു എന്നതാണ്. ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ ക്രൈസ്തവരുടെയും ഹിന്ദുക്കളുടെയുമിടയിൽനിന്ന് പ്രണയക്കുരുക്കിൽപ്പെടുത്തി പെൺകുട്ടികളെ കൊണ്ടുപോവുകയും മതം മാറ്റി തീവ്രവാദപ്രവർത്തനങ്ങൾക്കുപയോഗിക്കുകയും ചെയ്യുന്നുവെന്നതാണ് സിനിമയുടെ ഇതിവൃത്തം. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഈ സിനിമ പ്രദർശിപ്പിച്ചതിനു പിന്നിൽ രാഷ്ട്രീയമുണ്ടെന്നു ചിലർ. ബോധവത്ക്കരണവും പ്രതിരോധവുമാണെന്നു മറ്റു ചിലർ. ഒരു വിഭാഗത്തെ ആക്ഷേപിക്കലാണെന്നു വേറെ ചിലർ. ഇത്തരം സംഭവങ്ങൾ നടക്കുന്നുണ്ടെന്ന് ഭരണാധികാരികളിൽ ചിലരും ഉന്നത പോലീസുദ്യോഗസ്ഥരും വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും വോട്ടുബാങ്കു രാഷ്ട്രീയത്തിൽ ഇതൊന്നും അന്വേഷിക്കപ്പെടുന്നില്ലായെന്ന സത്യത്തെ മൂടിവച്ചിട്ടും പ്രയോജനമില്ല.




ചിലയിടങ്ങളിൽ പ്രണയച്ചതികൾ ഒരു തുടർക്കഥയെന്നവണ്ണം വന്നപ്പോഴാണ് സഭയും ഇക്കാര്യം ശ്രദ്ധിക്കുന്നത്. തുടർന്നുള്ള അന്വേഷണങ്ങളിൽ നൂറുകണക്കിനു പെൺകുട്ടികൾ ഇത്തരം കുരുക്കുകളിൽ പെട്ടുകിടക്കുന്നതു കണ്ടെത്താൻ കഴിഞ്ഞു. താമരശ്ശേരി രൂപതയിൽ നിന്നുമാത്രം 300-ൽപരം സംഭവങ്ങളിൽ പെൺകുട്ടികളെ തിരികെ എത്തിക്കാൻ കഴിഞ്ഞതായി യുവജന ചുമതല വഹിക്കുന്ന വൈദികൻ ഈയിടെ മാധ്യമങ്ങൽക്കു മുമ്പിൽ വെളിപ്പെടുത്തുകയുണ്ടായി. രക്ഷപ്പെടുത്താൻ കഴിയാതെ നാശത്തിലേക്കു പോയവർ ഒട്ടനവധിയുണ്ട്. കേസുകൾ എല്ലാം പരിശോധിക്കുമ്പോൾ സംഭവങ്ങളുടെ കിടപ്പ് ഒന്നുതന്നെയാണ്. പെൺകുട്ടിയുമായി സൗഹൃദം സ്ഥാപിക്കുന്നു. ഇഷ്ടം പിടിച്ചു പറ്റുന്നു. പ്രണയത്തിലേക്കു വഴുതി മാറുന്നു. അവസരമൊരുക്കി ശാരീരികബന്ധത്തിലേക്കു പോകുന്നു. സാധാരണയായി മറച്ചു വയ്ക്കുന്ന ശരീരഭാഗങ്ങളിൽ ചിലപ്പോഴെങ്കിലും മതചിഹ്നങ്ങൾ പച്ചകുത്തുന്നു. വിവാഹത്തിനു മതംമാറ്റം ഒഴിച്ചുകൂടാനാവാത്തതാക്കുന്നു ഒരനിവാര്യതയായി മാറ്റുന്നു. ചിലർ തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് എത്തിപ്പെടുന്നു. ചിലർ പല ഭാര്യമാരിൽ ഒരാളായി മാറുന്നു. രണ്ടോ മൂന്നോ മക്കളുണ്ടായാൽ ജീവിക്കാനാകാതെ മക്കളുമായി തിരിച്ചു പോരുന്നവരുമുണ്ട്. ഇത്തരം നിരവധി അനുഭവങ്ങൾ സമൂഹത്തിലുണ്ടായപ്പോഴാണ് ചിലർ ഇത്തരം കേസുകൾ അന്വേഷിക്കുന്നതും അനേകം സംഭവങ്ങൾ കണ്ടെത്തുകയും ചെയ്തത്. അതിനാൽ ഇനിയെങ്കിലും സഭ ജാഗ്രത പാലിച്ചേ മതിയാകൂ എന്ന് പല രൂപതകളും തീരുമാനമെടുക്കുകയും ചെയ്തു. അതിന്റെ ഭാഗമായിട്ടാണ് ഇത്തരം പ്രണയച്ചതികളെ വിവരിക്കുന്ന കേരളാ സ്റ്റോറി എന്ന സിനിമ കുട്ടികളെ കാണിക്കുന്നത്.

നിരവധി കേസുകളുടെ പഠനത്തിൽ മനസ്സിലായ ഒരു കാര്യം ഇത്തരം ബന്ധങ്ങൾ വ്യക്തിപരം മാത്രമല്ല, പിന്നിൽ സംഘടിത ശ്രമങ്ങളും ഉണ്ടെന്നതാണ്. ചില കേസുകൾ പോലീസ് സ്റ്റേഷനിലോ കോടതിയിലോ എത്തുമ്പോൾ ആൺകുട്ടികൾക്ക് തുണയായി സംഘങ്ങളുടെയോ സംഘടനകളുടെയോ സാന്നിധ്യം കാണാനിടയായിട്ടുണ്ട്. അതാണു സംശയത്തിന്റെ നിഴൽ ഇത്തരം സംഭവങ്ങളിൽ പതിക്കാൻ കാരണം.

ഓമനിച്ചു വളർത്തിയ പെൺമക്കളുടെ ദുരവസ്ഥകളെയോർത്ത് പൊട്ടിക്കരയുന്ന ആയിരക്കണക്കിനു മാതാപിതാക്കളുടെ കണ്ണീർപെയ്ത്ത് ഇനിയും ഉണ്ടാകരുതെന്നു ചിന്തിച്ചാണ് ചിലപ്പോൾ അനവസരത്തിലാണെങ്കിൽക്കൂടി ഇത്തരം ബോധവത്കരണ ശ്രമങ്ങൾക്ക് ചിലരെങ്കിലും മുന്നിട്ടിറങ്ങുന്നതെന്ന കാര്യത്തെ അവഗണിച്ചുകൂടാ. എതിർപ്പുകൾ ഉയർത്തുമ്പോഴും അതൊരു സമുദായ സംഘട്ടനമായി വളരാതെയും സൂക്ഷിക്കുകയെന്നത് ഒരു ബഹുസ്വര സമൂഹത്തിൽ ആവശ്യമാണ്.

കേരളത്തിൽ ഈ വിഷയം ചർച്ചയാക്കിയപ്പോൾ ക്രൈസ്തവ പെൺകുട്ടികളും ആക്ഷേപിക്കപ്പെടുന്നുണ്ട്. ആരെങ്കിലും കണ്ണോ കൈയോ കാണിച്ചാൽ ചാടിപ്പോകാൻമാത്രം പ്രണയ സ്വപ്നങ്ങളുമായി നടക്കുന്നവരാണോ അവർ? ഒരു പ്രണയം കടന്നു വരുമ്പോൾ അതു വിവാഹത്തിലേക്കും അതുവഴി മതംമാറ്റവും വിശ്വാസം കൈവെടിയലുമൊക്കെ അതിന്റെ സ്വാഭാവിക പരിണാമമാണെന്നും മനസ്സിലാക്കാനുള്ള സാമാന്യബോധം പെൺകുട്ടികളിൽ ചിലർക്കെങ്കിലും നഷ്ടപ്പെട്ടിട്ടുണ്ടോ? യേശുവാണ് ഏകരക്ഷകനെന്ന സത്യം അവരിൽ ചിലരുടെയെങ്കിലും മനസ്സിൽ ആഴത്തിൽ പതിയാതെ പോയിട്ടുണ്ടോ?

ശരിയായ ബോധ്യങ്ങൾ കുട്ടികളിൽ പതിച്ചിട്ടില്ലെങ്കിൽ അതിനുത്തരവാദി ആരാണ്? അതിന്റെ ഭാഗമായിട്ടായിരിക്കാം ഇടുക്കി, തലശ്ശേരി തുടങ്ങിയ രൂപതകൾ ഇത്തരം നടപടികളിലേക്കു കടന്നുചെന്നത്. ഇപ്പോൾ നടക്കുന്ന വിശ്വാസ ചോർച്ചയെ കടിഞ്ഞാണിടാൻ ഇത്തരം സിനിമാ പ്രദർശനങ്ങൾ പോലെയുള്ള നടപടികൾ കാരണമാകട്ടെ.

# സന്തോഷ് ജോർജ് കുളങ്ങരയുടെ 'വെളിപാടുകൾ'

റഷ്യക്കാരനായ യൂറി ഗഗാറിൻ ആണ് ആദ്യത്തെ ബഹിരാകാശ സഞ്ചാരി. 1956-ലാണ് അദ്ദേഹത്തെ ബഹിരാകാശത്തേക്കയച്ചത്. പോയി തിരിച്ചു വന്നതിനുശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഞാൻ ആകാശത്ത് ഇറങ്ങി നടന്നു. അവിടെ സ്വർഗമൊന്നും കാണാൻ കഴിഞ്ഞില്ല." അക്കാലത്ത് മുകളിലാണ് സ്വർഗമെന്ന



സങ്കല്പം പലരിലും നിലനിന്നിരുന്നു. ഗഗാറിൻ ദൈവവിശ്വാസിയല്ലായിരുന്നു. ദൈവത്തെപ്പറ്റിയും സ്വർഗത്തെപ്പറ്റിയും തെറ്റായ സങ്കല്പങ്ങൾ സൂക്ഷിക്കുന്നവർക്ക് ഇതു രണ്ടും കണ്ടെത്താൻ കഴിഞ്ഞെന്നു വരില്ല. ഇത്തരമൊരവസ്ഥയാണ് സന്തോഷ് ജോർജ് കുളങ്ങരയുടെ ജീവിതത്തിലുമുള്ളതെന്നു തോന്നുന്നു. കേരളത്തിലെ അറിയപ്പെടുന്ന സഞ്ചാരിയാണ് സന്തോഷ് ജോർജ് കുളങ്ങര. അദ്ദേഹത്തിന്റെ സഞ്ചാര കഥകൾ ലക്ഷക്കണക്കിനാൾക്കാരെ സ്വാധീനിച്ചിട്ടുമുണ്ട്. നിവധി രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള അപൂർവ വ്യക്തികളിലൊരാൾ. സഞ്ചാര കഥകളുടെ ടി.വി. സംപ്രേക്ഷണങ്ങളിലൂടെ അദ്ദേഹത്തിന്റെ വാക്കുകൾ ഏറെ ശ്രദ്ധിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഓരോ രാജ്യങ്ങളും സന്ദർശിക്കുമ്പോൾ അദ്ദേഹം കാട്ടുന്ന സൂക്ഷ്മനിരീക്ഷണപാടവത്തെ എടുത്തു പറയേണ്ടതാണ്. കേരള സമൂഹത്തിന്റെ ഉയർച്ചയ്ക്കു വേണ്ടിയുള്ള നിരീക്ഷണങ്ങളും നിർദേശങ്ങളും ധാരാളംപേർ വിലമതിച്ചിട്ടുണ്ട്. എന്നാൽ, ഈയിടെ അദ്ദേഹത്തിന്റേതായി വന്ന ചില അഭിപ്രായങ്ങൾ അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്ന പലരുടെയും ഹൃദയത്തിൽ നോവുണ്ടാക്കി. ദൈവത്തിന് ഒന്നും ചെയ്യാൻ കഴിവില്ലത്രേ. ശരിയായിരിക്കാം, ദൈവവിശ്വാസം ഉള്ളിലില്ലാത്ത ഒരു വ്യക്തിക്ക് അങ്ങനെയേ പറയാൻ കഴിയൂ. ദൈവമുണ്ടെന്ന് ജീവിതത്തിൽ വിശ്വസിക്കാൻ കഴിയാത്തവനെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. പക്ഷേ, അദ്ദേഹത്തിന്റെ യാത്രയ്ക്കിടയിൽ തന്റെ കൊച്ചിന് അസുഖമാണെന്നറിഞ്ഞപ്പോൾ അടുത്തുകണ്ട ദേവാലയത്തിൽ കയറി പ്രാർഥിച്ചതിന്റെ അനുഭവം അദ്ദേഹം പങ്കുവച്ചിട്ടുണ്ട്. ബെത്സെയ്ദാ കുളക്കരയിൽ കിടന്ന തളർവാതരോഗിയുടെ സമീപത്തേക്ക് യേശു ഒരിക്കൽ കടന്നുചെന്നു സുഖപ്പെടുത്തിയതുപോലെ സന്തോഷ് ജോർജ് കുളങ്ങരയുടെ അടുത്തേക്ക് യേശു ഒരിക്കൽ കടന്നു ചെല്ലട്ടെ.

# 'കുഞ്ഞാടിന്റെ അത്താഴം'

കുഞ്ഞിനുവേണ്ടി സ്വജീവൻ ബലികഴിച്ച ഒരു വിശുദ്ധാത്മാവുകൂടി സഭയിൽ ഉണ്ടായിരിക്കുന്നു. അമേരിക്കൻ പ്രോ-ലൈഫ് പ്രവർത്തകയായ ജസീക്ക ഹന്ന. ഇക്കഴിഞ്ഞ ഏപ്രിൽ 6-ന് നാലു കുഞ്ഞുങ്ങളെയും ഭർത്താവിനെയും അവശേഷിപ്പിച്ച് നിത്യതയിലേക്ക് ജസീക്ക യാത്രയായി. സ്തനാർബുദമായിരുന്നു അസുഖം. 2020-ൽ നാലാമത്തെ



കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുമ്പോഴാണ് രോഗമുണ്ടാകുന്നത്. ഗർഭസ്ഥശിശുവിന്റെ രക്ഷയ്ക്കുവേണ്ടി കീമോതെറാപ്പി ചെയ്യാൻ ജസീക്ക കൂട്ടാക്കിയില്ല. എന്നാൽ, കുഞ്ഞിന്റെ ജനനത്തിനുശേഷം രോഗം മാറിയെന്നായിരുന്നു പരിശോധനകൾ വെളിപ്പെടുത്തിയതെങ്കിലും ഏതാനും മാസങ്ങൾക്കുള്ളിൽ രോഗം തിരിച്ചു വന്നു. തനിക്കു കിട്ടിയ രോഗത്തെ ദൈവിക പദ്ധതിയായി കാണാൻ ജസീക്കയ്ക്കു കഴിഞ്ഞു. മരണക്കിടക്കയിൽ പോലും ഈശോയ്ക്കു സാക്ഷ്യം വഹിക്കുന്ന ഒരു ജീവിതശൈലിയായിരുന്നു അവൾ പിന്തുടർന്നത്.

മരണം സമീപിച്ചുവെന്നറിയുമ്പോഴും പ്രത്യാശ അവൾ കൈവിട്ടില്ല. തന്റെ അവസാന ഭക്ഷണമെന്തായിരിക്കണമെന്ന ചോദ്യത്തിന് അവരുടെ മറുപടി ഇങ്ങനെയായിരുന്നു: 'കുഞ്ഞാടിന്റെ അത്താഴമായിരിക്കണം.' അതായത്, പരിശുദ്ധ കുർബാന സ്വീകരിച്ച് നിത്യതയിലേക്കു കടന്നു പോവുക. വിശുദ്ധാത്മാക്കൾക്കല്ലാതെ മറ്റാർക്കാണ് ഇങ്ങനെ പറയാൻ കഴിയുന്നത്. ജെസീക്ക ഹന്ന സ്വർഗത്തിലിരുന്ന് അനുഗ്രഹത്തിന്റെ ധാരാളം സൂനങ്ങൾ പൊഴിക്കട്ടെ.

**സ്മാർട്ട് കിഡ്സ് -**
**ചിത്രീകരണം:** വെങ്കി / **കഥ:** ഷാജി മാലിപ്പാറ

# അരുൺ കെ.എസ്. *VII A*

"അരുൺ കെ.എസ്. അല്ലേ?"

"അതേ." ഹെഡ്മാസ്റ്റർക്കു മുന്നിലിട്ട കസേരയിൽ മുന്നോട്ടാഞ്ഞിരുന്ന് അമ്മ പറയുമ്പോൾ അരുൺ ആശങ്കയിലായിരുന്നു. ഇത്രയും കാലം പബ്ലിക് സ്കൂളിൽ പഠിച്ചിട്ട് പെട്ടെന്നിപ്പോൾ സ്റ്റേറ്റ് സിലബസിൽ വന്നു ചേരുന്നു. ഇന്നലെവരെ ഇങ്ങനെയൊരു കാര്യം പ്രതീക്ഷിച്ചതല്ല.

"നമ്മൾ താമസിക്കാൻ പോകുന്ന വാടക വീടിന്റെ അടുത്ത് ഒരു നല്ല സ്കൂളുണ്ടെണ്ടന്നാ പറഞ്ഞത്. സ്റ്റേറ്റ് സിലബസാ. മോന് അവിടെ അഡ്മിഷൻ കിട്ടണേയെന്നാ എന്റെയൊരു പ്രാർഥന."

വിശ്വസിക്കാനാവാതെ അവൻ അമ്മയെ നോക്കി. എൽ.കെ.ജി മുതൽ പബ്ലിക് സ്കൂളിൽ പഠിപ്പിച്ച അമ്മയാണോ ഈ പറയുന്നത്?

"മോൻ വിഷമിക്കണ്ടണ്ടാ. അതു നല്ല സ്കൂളാ. നമ്മുടെ സാഹചര്യം മോനറിയാമല്ലോ. അമ്മയ്ക്ക് കമ്പനിയിൽ വലിയ ശമ്പളമൊന്നും കിട്ടില്ല."

അവൻ തലകുലുക്കി സമ്മതിച്ചു. സാഹചര്യമൊക്കെ അവന് നന്നായറിയാം. അപകടം പറ്റി അപ്പ കിടപ്പിലായതും ജോലി നഷ്ടമായതും ജീവിതം മാറിമറിഞ്ഞതും... എല്ലാം പെട്ടെന്നായിരുന്നു.

"ടി.സി.യും മറ്റും തന്നോളൂ." ഹെഡ്മാസ്റ്റർ ആവശ്യപ്പെട്ടു. അമ്മ ഫയലിൽനിന്ന് ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും എടുത്തു കൊടുത്തു. കട്ടിയുള്ള കണ്ണടയ്ക്കിടയിലൂടെ അവയിൽ കണ്ണോടിച്ച് താഴെവച്ചു. പിന്നെയൊരു സ്ലിപ്പിൽ പേരെഴുതി അരുണിനു നേരെ നീട്ടിയിട്ടു പറഞ്ഞു: "നന്നായി പഠിക്കണം. നന്നായി പെരുമാറണം. തൊട്ടുമുകളിലുള്ള സെവൻ എ ക്ലാസ്സിലേക്ക് പൊയ്ക്കോളൂ."

അമ്മയോടൊപ്പം ക്ലാസ്സിലേക്ക് നടക്കുമ്പോഴും ആശങ്ക മാഞ്ഞിരുന്നില്ല. ഇന്നലെയാണ് സ്കൂളിൽ വന്ന് അഡ്മിഷൻ അന്വേഷിച്ചത്. ആവശ്യത്തിന് കുട്ടികൾ ഇപ്പോൾ തന്നെയുണ്ടെന്നും അഡ്മിഷൻ ക്ലോസ്സ് ചെയ്തെന്നുമാണ് ആദ്യം ഹെഡ്മാസ്റ്റർ പറഞ്ഞത്. അത് കേട്ട് അമ്മയുടെ മുഖത്തേക്കാണ് നോക്കിയത്. ഇപ്പോൾ കരയുമെന്ന മട്ടിലാണ് അമ്മ.

"സാർ അങ്ങനെ പറയരുത്. ഇവന്റെ അപ്പ കിടപ്പിലാ. ജോലി ചെയ്യാൻ വയ്യ. എനിക്ക് ഇവിടെ ഒരു കമ്പനിയിൽ ചെറിയൊരു ജോലി കിട്ടിയിട്ടുണ്ട്. ഇന്നലെയാണ് ഒരു വാടകവീട് കിട്ടിയത്. അതാ ഇവിടെ വന്ന് അന്വേഷിക്കാൻ വൈകിയത്. നാളെ സ്കൂൾ തുറക്കുകയല്ലേ? ഇവനുകൂടി ഒരു അഡ്മിഷൻ..." തോരാതെ പെയ്തത് പൂർത്തിയാക്കാൻ അമ്മയ്ക്ക് കഴിഞ്ഞില്ല.

ഹെഡ്മാസ്റ്റർ മുന്നിലിരുന്ന ഡയറി തുറന്നു പരിശോധിച്ചു. എന്നിട്ടുപറഞ്ഞു: "ശരി, നിങ്ങൾ നാളെ രാവിലെതന്നെ ടി.സി.യുമായി വാ, അഡ്മിഷൻ തരാം."

കൈകൂപ്പി നന്ദിപറഞ്ഞ് നേരെ പോയത് സ്കൂളിലേക്കാണ്. ടിസിയും വാങ്ങി വീട്ടിലെത്തിയപ്പോൾ അഞ്ചുമണി കഴിഞ്ഞിരുന്നു.

ജൂൺ ഒന്നാം തീയതിയുടെ ആഹ്ലാദം അരുണിന് തോന്നിയില്ല. പഴയ സ്കൂളും കൂട്ടുകാരും ഒന്നുമില്ലാത്ത അപരിചിതമായ ഒരിടം. രസകരമായ നാളുകൾ അവസാനിച്ചെന്നും താനീ ലോകത്ത് തനിച്ചാണെന്നും അവനു തോന്നി. അമ്മയ്ക്കും അപ്പയ്ക്കും വിഷമമാകണ്ട എന്നു കരുതി സങ്കടമൊന്നും അവൻ പറഞ്ഞില്ല.

സെവൻ എയുടെ വാതിൽക്കൽ ടീച്ചറുണ്ടായിരുന്നു. ഹെഡ്മാസ്റ്റർ തന്ന സ്ലിപ്പ് വാങ്ങിക്കൊണ്ട് ടീച്ചർ ചോദിച്ചു: "പുതിയ അഡ്മിഷനാണല്ലേ?" അമ്മ ടീച്ചറോട് വിശേഷങ്ങൾ വിസ്തരിക്കുകയാണ്. ക്ലാസ്സിൽ നിറയെ കുട്ടികളുണ്ട് അവർ ചിരിച്ചും സംസാരിച്ചും ഉല്ലസിക്കുകയാണ്. അവരെ നോക്കിനിൽക്കുമ്പോൾ ചിലർ അരുണിനുനേർക്ക് പുഞ്ചിരിച്ചു.

അവനറിയാതെ അവന്റെ ചുണ്ടുകളും വിടർന്നു. ചുമലിൽ സ്നേഹത്തോടെ തൊട്ട് അരുണിനെ ക്ലാസ്സിലേക്ക് കയറ്റിനിറുത്തിയിട്ട് ടീച്ചർ പറഞ്ഞു: "ഇത് അരുൺ കെ.എസ്. നമ്മുടെ ക്ലാസ്സിലെ ഏറ്റവും പുതിയ കുട്ടി. അരുണിന് സെവൻ എയിലേക്ക് സ്വാഗതം!"


കുട്ടികൾ കൈയടിച്ചു. "അരുണിനെ എവിടെയിരുത്തും?"

"ഇവിടെ ഇരുത്താം ടീച്ചർ." എല്ലാ ബഞ്ചുകാരും കൈയുയർത്തി പറഞ്ഞു.

"ഇവിടെ സ്ഥലമുണ്ട്." നിയ എന്ന പെൺകുട്ടി ഒതുങ്ങിയിരുന്നുകൊണ്ട് പറഞ്ഞതുകേട്ട് എല്ലാവരും ആർത്തുചിരിച്ചു. "അതിനെന്താ? അരുൺ അവിടെയിരുന്നോ." ടീച്ചർ പറഞ്ഞപ്പോൾ അവൻ ചെറിയൊരു നാണത്തോടെ നിയയുടെ അരികിലേക്ക് നടന്നു.

"പേടിക്കണ്ട, ഇവിടെയിരുന്നോ."

ആശങ്കകൾ എല്ലാമകന്ന് അരുൺ അവിടെയിരുന്നു. പുതിയ കൂട്ടുകാരുടെയും അധ്യാപകരുടെയും കരുതലും സ്നേഹവും അനുഭവിച്ചപ്പോൾ എത്രയോ നാളുകളായി താൻ ഇവിടെ, ഈ ക്ലാസ്സിൽ ഇവരോടൊപ്പം ആയിരുന്നുവെന്ന് അവനു തോന്നി.





# വഴുതന മാത്തൻ

**കാർട്ടൂൺ** - സിനിൽ കെ.ജെ




# A BIBLE STORYBOOK FEATURING YOUR CHILD !

Your child can become a character along with Jonah in this illustrated story book !

Contact us immediately to customise this book with your child's name & photo.

**₹ 799/-per copy. Call Joshy +91 9496 800 455**




---




ഒറ്റ കോപ്പി
**150/-**
*പത്തെണ്ണം ഒന്നിച്ചെടുത്താൽ
**999/-**
വേഗം ഓർഡർ ചെയ്യൂ !!

## കുട്ടികൾ വായിച്ചു രസിക്കും !
## മുതിർന്നവർ വായിച്ചുരസിപ്പിക്കും !



**സിസ്റ്റർ ജിയയുടെ രസകരമായ 20 കഥകൾക്ക് കുട്ടികളുടെ പ്രശസ്ത ചിത്രകാരൻ വെങ്കിയുടെ മനോഹരമായ ചിത്രീകരണങ്ങൾ !**



വിളിക്കുക: +91 6238 279 115

*സ്പെഷ്യൽ ഓഫർ നിശ്ചിത കാലത്തേക്കു മാത്രം

---


## മലയാള പരിഭാഷ ഉടൻ പ്രസിദ്ധീകരിക്കുന്നു

പുസ്തക വില
ഒറ്റപ്രതി
₹299

പ്രീ പബ്ലിക്കേഷൻ വില
ഒറ്റപ്രതി
₹200
(ഇന്ത്യയിൽ പോസ്റ്റേജ് ഉൾപ്പെടെ ₹300)

പ്രീ പബ്ലിക്കേഷൻ ഓർഡറുകൾ സ്വീകരിക്കുന്നത് മേയ് 20 വരെ മാത്രം

ഓർഡറുകൾക്കായി വിളിക്കുക:
**ലീന ഷാജു**
**+91 6238 279 115**



RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/05/2024, ₹50.00




SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | **www.jykairosmedia.org**

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662